# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടൂര് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA.P2-779/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/08/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
അടൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം

നമ്പർ: KSAPTA.P2-779/22 തീയ്യതി: 24/08/2022

## പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ. നാരായണ കമ്മത്ത് പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-07-2022 | 22-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
| --- | --- |
| 06-07-2022 | 22-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.രഞ്ജീവ് ജി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) (06-07-2022- 07-07-2022)
ശ്രീ.സഞ്ജയ് പി.ഐ., ഓഡിറ്റ് ഓഫീസർ (06-07-2022- 07-07-2022)
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (11-07-2022- 22-07-2022)
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (11-07-2022- 22-07-2022)
ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ പി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികുമാർ എസ്., ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിന്ധു തുളസീധരകുറുപ്പ് | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 27-12-2020 |
| ശ്രീ ഡി. സജി | ചെയർമാൻ | 28-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ദീപേഷ് ആർ. കെ. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. റഫീക്ക് എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. പുഷ്പകുമാർ കെ. | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. വിനോദ് എം.പി. | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ. സുഭഗൻ എസ്. | സൂപ്രണ്ട്- താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീമതി മോളു റ്റി. ലാൽസൺ | കൃഷി ഓഫീസർ | 01-04-2020 | 09-06-2020 |
| ശ്രീ. മനു നരേന്ദ്രൻ | കൃഷി ഓഫീസർ | 10-06-2020 | 05-10-2020 |
| ശ്രീ. നിഖിൽ കെ. | കൃഷി ഓഫീസർ | 06-10-2020 | 21-12-2020 |
| ശ്രീ. മോളു റ്റി. ലാൽസൺ | കൃഷി ഓഫീസർ | 22-12-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന എസ്.പോൾ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ജാനിഷ എസ്.മുഹമ്മദ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബൃന്ദ എസ്.ജ്യോതി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. ഉല്ലാസ് എൻ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-10-2020 |
| ശ്രീ. ജോർജ് എൻ.എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-10-2020 | 30-11-2020 |
| ശ്രീമതി സിന്ധു വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2020 | 31-03-2021 |
| ശ്രീ അശോകൻ ഡി. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P Anilkumar (Senior Grade Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 02-08-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Harikumar.S (Auditor, On 21-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 21-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Kavya Krishnan (Auditor, On 21-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 25-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-10 |
| 12 | വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ അക്കൗണ്ട്സ് റൂൾസും നിയമവും പാലിച്ചിട്ടില്ല<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-11 |
| 13 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-12 |
| 14 | ലൈസൻസ് ഫീസ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തില്ല-മുനിസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-13 |
| 15 | പേ & പാർക്കുകൾക്ക് ലൈസൻസില്ല.<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-14 |
| 16 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-15 |

| | | |
|---|---|---|
| 17 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും പ്രവർത്തിപ്പിക്കുന്നു<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-16 |
| 18 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-17 |
| 19 | ലേലതുകകൾ പൂർണ്ണമായി പിരിച്ചെടുത്തില്ല.<br>Written By: Harikumar.S (Auditor, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-18 |
| 20 | താത്കാലിക നിർമ്മിതിയുടെ വസ്തുനികുതി ഈടാക്കിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Johncy John (Computer Assistant, On 03-08-2022) | 1-19 |
| 21 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിൽ അപാകത<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-20 |
| 22 | അനധികൃത കെട്ടിടങ്ങൾ - ക്രമവൽക്കരണം നിരീക്ഷിക്കുന്നില്ല - രജിസ്റ്റർ അപൂർണ്ണം<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-21 |
| 23 | വസ്തുനികുതി നിർണ്ണയത്തിൽ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-22 |
| 24 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവുണ്ടായി<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 1-23 |
| 25 | പ്ലിന്ത് ഏരിയ പരിഗണിക്കാതെ നികുതി സ്ലാബ് നിശ്ചയിച്ചു<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 23-07-2022) | 1-24 |
| 26 | തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തു നികുതിയിൽ വർധന വരുത്തിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-25 |
| 27 | കൂട്ടിച്ചേർത്ത കെട്ടിടഭാഗത്തിന് കുറഞ്ഞ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-26 |
| 28 | നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിനു വരുത്തുന്ന മാറ്റങ്ങൾ നഗരസഭ പരിശോധിക്കുന്നില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-27 |
| 29 | നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയത്തിലെ അപാകതകൾ<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-28 |
| 30 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-29 |
| 31 | വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022)<br>Last Updated By: Joe M James (Computer Assistant, On 03-08-2022) | 1-30 |
| 32 | സർക്കാർ സ്ഥാപനങ്ങൾ വസ്തുനികുതി അടവാക്കുന്നില്ല<br>Written By: P Anilkumar (Senior Grade Auditor, On 23-07-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Johncy John (Computer Assistant, On 03-08-2022) | |
| 33 | വാടക- കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു<br>Written By: Harikumar.S (Auditor, On 23-07-2022)<br>Last Updated By: Kavya Krishnan (Auditor, On 05-08-2022) | 1-32 |
| 34 | മാനദണ്ഡം ഇല്ലാതെ ഉദ്യോഗസ്ഥർക്ക് മുൻകൂർ അനുവദിക്കുന്നു; ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ കൃത്യമായ വിവരം ലഭ്യമല്ല<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-33 |
| 35 | പൊതുടാപ്പുകളുടെ വെള്ളക്കരം- 3.06 കോടി രൂപയുടെ ബാധ്യത<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-34 |
| 36 | സെൻടൽ പെൻഷൻ ഫണ്ട് ലഭിക്കുന്നില്ല-തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-35 |
| 37 | കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ (CFLTC)-വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: M Harikumar (Asst. Audit Officer, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-36 |
| 38 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം – അവലോകനം<br>Written By: Kavya Krishnan (Auditor, On 23-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-37 |
| 39 | ക്ഷേമപെൻഷൻ വിതരണത്തിൽ ഗുരുതര വീഴ്ച; പൊതു ഖജനാവിന് നഷ്ടമായത് ലക്ഷങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 24-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-38 |
| 40 | മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്ഷേമപെൻഷൻ കൈമാറി-സർക്കാർ ഫണ്ടിന് നഷ്ടം 9.72 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 24-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-38-1 |
| 41 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടില്ല-സർക്കാരിനുണ്ടായ അധിക ബാധ്യത 21.44 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 24-07-2022)<br>Last Updated By: Johncy John (Computer Assistant, On 23-08-2022) | 1-38-2 |
| 42 | ഡയറക്റ്റ് ഹോം പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക സഹകരണബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു.<br>Written By: Suryaprabha P.C (Asst. Audit Officer, On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 08-08-2022) | 1-38-3 |
| 43 | വിവാഹമോചിതർക്കും വിധവ പെൻഷൻ<br>Written By: Suryaprabha P.C (Asst. Audit Officer, On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-38-4 |
| 44 | അർഹരല്ലാത്തവർക്ക് വിധവ പെൻഷൻ അനുവദിച്ചു<br>Written By: Suryaprabha P.C (Asst. Audit Officer, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 08-08-2022) | 1-38-5 |
| 45 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം<br>Written By: Suryaprabha P.C (Asst. Audit Officer, On 25-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 1-39 |
| 46 | സർവ്വശിക്ഷാ അഭിയാൻ - വിദ്യാലയങ്ങൾക്ക് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല<br>Written By: Deepa S (Asst. Audit Officer, On 21-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-40 |

| | | |
|---|---|---|
| 47 | സാക്ഷരത - തുല്യത പഠനം-വിനിയോഗരേഖകൾ ഇല്ല<br>Written By: Deepa S (Asst. Audit Officer, On 21-07-2022)<br>Last Updated By: Johncy John (Computer Assistant, On 11-08-2022) | 1-41 |
| 48 | സുഭിക്ഷകേരളം പദ്ധതി -ചെലവ് ശതമാനം കുറയുന്നു<br>Written By: Deepa S (Asst. Audit Officer, On 21-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-42 |
| 49 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- പാൽ, മുട്ട, മാംസം ഇവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പാക്കുന്നില്ല<br>Written By: Deepa S (Asst. Audit Officer, On 21-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-43 |
| 50 | ഭവനപുനരുദ്ധാരണം (എസ്സ് സി) - മുൻകൂർ നൽകി - പണി ആരംഭിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 22-07-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 24-08-2022) | 1-44 |
| 51 | ഭവനപുനരുദ്ധാരണം - ബില്ല് മാറിയെങ്കിലും തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 22-07-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 24-08-2022) | 1-45 |
| 52 | സ്കോളർഷിപ്പ് തുക അധികനിരക്കിൽ നൽകി<br>Written By: Jayaprabha P (Asst. Audit Officer, On 22-07-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 24-08-2022) | 1-46 |
| 53 | ഗാർഹിക ഖരമാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പ്രോജക്ടുകൾ - അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 22-07-2022)<br>Last Updated By: Johncy John (Computer Assistant, On 24-08-2022) | 1-47 |
| 54 | കിഫ്ബി നിർമ്മാണം ഏറ്റെടുത്ത മാർക്കറ്റ് നവീകരിക്കുന്നതിന് നഗരസഭ ഫണ്ട് ചെലവഴിച്ചു; 563602 രൂപ പാഴായി<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-48 |
| 55 | സ്വച്ഛ ഭാരത് മിഷൻ പദ്ധതി - ചെലവഴിക്കാതെ തിരിച്ചടച്ചത് 54.35 ലക്ഷം രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-49 |
| 56 | പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-50 |
| 57 | പണിതിട്ടും പണിതിട്ടും പണിതീരാത്ത പാമ്പേറ്റുകളം സാംസ്കാരിക നിലയം - പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 1.02 കോടി രൂപ മുടങ്ങിക്കിടക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-51 |
| 58 | ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 04-08-2022) | 1-52 |
| 59 | പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Johncy John (Computer Assistant, On 11-08-2022) | 1-53 |
| 60 | അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി - റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-54 |

| | | |
|---|---|---|
| 61 | തെരുവ് വിളക്ക് പരിപാലനവും വാങ്ങലും – അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 10-08-2022) | 1-55 |
| 62 | കോവിഡ് 19 : മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: M Harikumar (Asst. Audit Officer, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-56 |
| 63 | പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-57 |
| 64 | ഹരിത കർമ്മസേനയുടെ പ്രവർത്തനം ഇല്ല – വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം നിലച്ചു<br>Written By: Jayaprabha P (Asst. Audit Officer, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-58 |
| 65 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-ബില്ലിൽ നിന്ന് GST-TDS കുറവ് ചെയ്തില്ല<br>Written By: Arun P B (Senior Grade Auditor, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-59 |
| 66 | പ്രവർത്തനം ഇല്ലാത്ത പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ വൈദ്യുത ചാർജ് അടവാക്കുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 1-60 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ശ്രീമൂലം മാർക്കറ്റ് നവീകരണം പൂർത്തിയാക്കിയതിനു പിന്നാലെ നിർമ്മിതികൾ പൊളിച്ചു നീക്കി; നഗരസഭാ ഫണ്ടിന് 563602 രൂപയുടെ നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Joe M James (Computer Assistant, On 10-08-2022) | 3-1 |
| 2 | ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 3-2 |
| 3 | അധികനിരക്കിൽ സ്കോളർഷിപ്പ് നൽകി<br>Written By: Jayaprabha P (Asst. Audit Officer, On 30-07-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 24-08-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 16-07-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 16-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arun P B (Senior Grade Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 16-07-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 16-07-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 16-07-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 16-07-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 16-07-2022)<br>Last Updated By: M Harikumar (Asst. Audit Officer, On 16-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P Anilkumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Arun P B (Senior Grade Auditor, On 25-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun P B (Senior Grade Auditor, On 22-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Arun P B (Senior Grade Auditor, On 25-07-2022)<br>Last Updated By: Joe M James (Computer Assistant, On 05-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T Anilkumar (Audit Officer (HG), On 24-07-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 23-08-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun P B (Senior Grade Auditor, On 22-07-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-08-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.03.2020 ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് ഇപ്രകാരമാണ്.

| | | |
|---|---|---|
| വരവ് | : | 598032681 |
| ചെലവ് | : | 555025000 |

18.02.2021ലെ 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരം ആകെ വരവ് 521746894രൂപയും ആകെ ചെലവ് 333627984രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. നികുതി, നികുതിയേതര വരവുകൾ കൃത്യമായ ഡിമാന്റ് തിട്ടപ്പെടുത്തിയല്ല അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഇക്കാരണത്താൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ശരിയായ വരുമാനമല്ല പ്രതിഫലിക്കുന്നത്.

2. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes- Central Government- ഹെഡിൽ (320100100) രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ എ.സി.ആർ., മറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അംഗൻവാടി പൂരക പോഷകാഹാരപദ്ധതി (സെൻട്രൽ ഷെയർ), ശുചിത്വമിഷൻ ഗ്രാന്റ് എന്നീ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി-4: Beneficiary Contributions- 1,14,984 രൂപയുടെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

4.മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 1,16,041 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

5.ഷെഡ്യൂൾ ബി-7: Deposits Received- ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽവിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല. Auction Deposit ൽ രേഖപ്പെടുത്തിയിരിക്കുന്ന രൂ. 2,43,88,912 ലേലം വരവിനത്തിൽ ഉൾപ്പെടുന്ന തുകകൂടി ചേർന്നതാണ്. ആയത് ശരിയായ ഹെഡിൽ ക്രമീകരിച്ചിട്ടില്ല.

6. ഷെഡ്യൂൾ ബി-15: Sundry Debtors Receivables- ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി ,ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ ലഭിക്കുവാനുള്ള തുകകൾക്ക് കൃത്യതയില്ല. പ്രസ്തുത ഇനങ്ങളിൽ ഭീമമായ തുകകൾ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

7. ഷെഡ്യൂൾ ബി-15: State Govt.Cess/Levies In Property Tax: ലഭിക്കാനുള്ള വസ്തു നികുതിയുടെ 5% ആണ് ഈ ശീർഷകത്തിൽ ഉൾപ്പെടേണ്ടത്. തെറ്റായ തുകയാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

8.ഷെഡ്യൂൾ ബി-15: Other Receivables(current, Arrear)-സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക അക്കൗണ്ട് ചെയ്തിട്ടുള്ളത് കൃത്യമല്ല.

9. ഷെഡ്യൂൾ ബി 17- Post Office Savings Bank: ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

10. ഷെഡ്യൂൾ ബി-18-Loans, Advances And Deposits-Miscellaneous Advance, Standing Advance-അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാനം ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

11. ഷെഡ്യൂൾ ബി-18-Loans, Advances And Deposits- Housing Loan To Employees- രേഖകളുടെ അഭാവത്തിൽ തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

12. ഷെഡ്യൂൾ ബി-18-Loans, Advances And Deposits- Electricity Deposits, Water Deposits- മുൻവർഷങ്ങളിലെ തുകകകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതിന്റെ ചെലവ് ക്രമീകരിച്ച് ആസ്തി ഹെഡിലേക്ക് മാറ്റിയിട്ടില്ല.

13. വെള്ളക്കരം കുടിശ്ശിക ഒടുക്കുവാനുള്ളത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
14.നിക്ഷേപപ്രവൃത്തികൾക്ക് ഒടുക്കിയ തുക ആർ.പി. 41 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.
15. ഷെഡ്യൂൾ I-18: Prior Period Items- Prior Period Income Head-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരുമാനങ്ങൾക്കും Prior Period Expense Head-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവുകൾക്കും ആധികാരികതയില്ല. ജേണൽ എൻട്രിവഴി രേഖപ്പെടുത്തുന്ന വരവുകൾക്കും എഴുതിതള്ളുന്ന തുകകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ആധികാരിക രേഖയില്ല. രേഖകളുടെ പിൻബലമില്ലാതെ തുക രേഖപ്പെടുത്തുന്നതുവഴി Income And Expenditure Account-ൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾ മൂലം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവ സ്ഥാപനത്തിന്റെ ശരിയായ വരവ് ചെലവ് കണക്കുകൾ, സാമ്പത്തികനില എന്നിവ പ്രതിഫലിപ്പിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 59383802 |
| ഓഡിറ്റ് വർഷത്തെ വരവ് | 230334992 |
| ആകെ വരവ് | 289718794 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 225805679 |
| നീക്കിയിരിപ്പ് | 63913115 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 37723000 | 37723000 | 37638226 | -- | 84774 | |
| വികസന ഫണ്ട്-എസ്.സി.പി | ,, | 16729050 | 16729050 | 15148310 | -- | 1580740 | |
| വികസന ഫണ്ട്-ടി.എസ്.പി | ,, | Xx | Xx | Xx | Xx | Xx | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 21100000 | 21100000 | 3843583 | -- | 17256417 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 47654056 | 47654056 | 29792514 | -- | 17861542 | |
| മെയിന്റനൻസ്, റോഡ് | ,, | 17792100 | 17792100 | 17721096 | -- | 71004 | |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 11473000 | 11473000 | 11431412 | -- | 41588 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 222988 | 7572990 | 7795978 | 7302517 | -- | 493461 | |
| ബയോഡൈവേഴ്സിറ്റി ഫണ്ട് | 418053 | 2601 | 420654 | 420654 | -- | 0 | |
| എം.എൻ.ലക്ഷം വീട് | 92200 | 0 | 92200 | 1410 | -- | 90790 | |
| ശുചിത്വ മിഷൻ | 6418945 | 1761 | 6420706 | 111936 | | 6308770 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 633810 | 735091 | 1368901 | 782651 | -- | 586250 | |
| എൻ.യു.എൽ.എം. | 489485 | 591755 | 1081240 | 437182 | -- | 644058 | |
| പി.എം.എ.വൈ | 5175661 | 22030032 | 27205693 | 12489040 | -- | 14716653 | |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

വികസനഫണ്ട്-എസ്.സി.പി. വിഭാഗത്തിൽ, സ.ഉ(സാധാ) നം.2904/2021/ധന. തീയതി: 25-03-2021 പ്രകാരം ലഭിച്ച 21,82,050 രൂപയുടെ അലോട്ട്മെന്റ് ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ, വാർഷിക ധനകാര്യപത്രികയുമായി വ്യതിയാനം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവ് (എ.എഫ്.എസ്. പ്രകാരം) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 37464936 | 37638226 | 173290 | പാലിയേറ്റീവ് പരിചരണം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല (S0278/21) |

ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം ലഭിക്കുന്നത് നിക്ഷേപിക്കുന്നതിനായി യൂണിയൻ ബാങ്കിൽ പ്രത്യേകം അക്കൗണ്ട് നിലവിലുണ്ടെങ്കിലും വരവ് തുകകൾ തനത് ഫണ്ടിലും നിക്ഷേപിക്കുന്നുണ്ട്. 2020-21 സമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ ചെലവ് വാർഷിക കണക്കിൽ (ഗ്രാന്റ് അക്കൗണ്ടിൽ) ഉൾപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ ബാങ്ക് നീക്കിയിരിപ്പുമായി തുക പൊരുത്തപ്പെടുന്നില്ല.

കൂടാതെ സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകയും വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 16,26,666 | -- |
| വികസന ഫണ്ട്-എസ്.സി.പി. | ,, | 3,46,667 | |
| ,, | അങ്കണവാടി അധിക വേതനം | 10,51,200 | -- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 1,16,041 | 1,16,041 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 419 | 181716732 | 322 | 115340029 | 97 | 76.85 |

മേഖലാടിസ്ഥാനത്തിലുള്ള ചെലവ്

| വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ജനറൽ | ഉല്പാദനം | 28 | 14248733 | 6618879 |
| | സേവനം | 111 | 66311472 | 33385330 |
| | പശ്ചാത്തലം | 231 | 81302528 | 59953696 |
| പട്ടികജാതി | ഉല്പാദനം | 2 | 120000 | 120000 |

| | | | | | |
|---|---|---|---|---|---|
| | സേവനം | | 16 | 12824184 | 10136438 |
| | പശ്ചാത്തലം | | 30 | 6909815 | 5125686 |
| | ആകെ | | 418 | 181716732 | 115340029 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പ്രോജക്ടു-കളുടെ എണ്ണം | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി, മുനിസിപ്പാലിറ്റി | 24 | 10873301 | 20 | 10160913 | 93.45 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 311 | 111804951 | 242 | 73475824 | 65.72 |
| 3 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 16 | 18170800 | 12 | 16520880 | 90.92 |
| 4 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 22 | 21927236 | 14 | 4457221 | 20.33 |
| 5 | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 5 | 1415392 | 3 | 1110527 | 78.46 |
| 6 | സീനിയർ വെറ്ററിനറി സർജൻ | 7 | 4378000 | 7 | 1984241 | 45.32 |
| 7 | കൃഷി ഓഫീസർ | 14 | 4019500 | 10 | 2948405 | 73.35 |
| 8 | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ | 7 | 3050000 | 5 | 1333592 | 43.72 |
| 9 | സബ് ഇൻസ്പെക്ടർ ഓഫീസ് ഫിഷറീസ് | 1 | 369000 | 1 | 369000 | 100 |
| 10 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 746000 | 2 | 350000 | 46.92 |
| 11 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 9 | 4962552 | 6 | 2998426 | 60.42 |
| | ആകെ | 418 | 181716732 | 322 | 115709029 | 63.68 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 222988 | 7572990 | 7795978 | 7302517<br>( ഗുണഭോക്താക്കൾക്ക് അനുവദിച്ചത്-6859742,<br>ഭരണച്ചെലവ്-442775 ) | 493461 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2222 | 34654900 |
| വിധവാ പെൻഷൻ | 1064 | 16489800 |
| കർഷക തൊഴിലാളി പെൻഷൻ | 160 | 2708000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 255 | 4066700 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 57 | 916300 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 18-07-2022, 3.30 P.M.-ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 154565 (ഒരു ലക്ഷത്തി അൻപത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തി അഞ്ച് )രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണ്ടിൻജന്റ് ചെലവുകൾ നിയന്ത്രിക്കുന്നില്ല

നഗരസഭയുടെ വൈദ്യുതിചാർജ്ജ്, വെള്ളക്കരം എന്നിവ നിയന്ത്രിക്കുന്നതിൽ നഗരസഭ ശ്രദ്ധ കാണിക്കുന്നില്ല. വലിയ തുക വാട്ടർചാർജ് ഒടുക്കുമ്പോൾ കുടിവെള്ളം ലഭിക്കുന്ന ടാപ്പുകൾക്കാണ് ചാർജ് ഒടുക്കുന്നതെന്നും ചെലവിലൂടെ നഗരസഭയുടെ പണം പാഴാകുന്നില്ലായെന്നും ഉറപ്പാക്കാൻ സഹായിക്കുന്ന ജനകീയ മോണിട്ടറിംഗ് സംവിധാനങ്ങൾ നഗരസഭയിലില്ല. പൊതുടാപ്പുകളുടെ രജിസ്റ്റർ ഇല്ല. പൊതുടാപ്പുകൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതുമാണ്. വിവിധ കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ക്രമപ്രകാരമാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സംവിധാനമില്ല. വിവിധ കൺസ്യൂമർ നമ്പരിൽ ബില്ലുകൾ കെ.സ്.ഇ.ബി. ലഭ്യമാക്കുന്നതിനനുസരിച്ച് തുക ഒടുക്കുകയാണ് ചെയ്തു വരുന്നത്. തുക ഒടുക്കുന്ന കെട്ടിടങ്ങൾ എല്ലാം നിലവിലുണ്ടോയെന്ന് പരിശോധിക്കേണ്ടതും രജിസ്റ്ററുകൾ സൂക്ഷിച്ച് വൈദ്യുതി ഉപഭോഗം നിരീക്ഷിക്കേണ്ടതുമാണ്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച

വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഡി.സി.ബി. രേഖപ്പെടുത്തി സൂപ്രണ്ടിനെയോ സെക്രട്ടറിയെയോ കൊണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള, വിവിധ വരവിനങ്ങളുടെ പിരിഞ്ഞു കിട്ടാനുള്ള തുകകൾക്ക് കൃത്യമായ അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായ വീഴ്ചമൂലം ലക്ഷങ്ങളുടെ അധിക ബാധ്യതയാണ് സർക്കാരിനുണ്ടായത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-12-2020മുതൽ 05-01-2021വരെ | 2018-19മുതൽ 2019-20വരെ | 01-03-2021 |
| പെർഫോമൻസ് ഓഡിറ്റ് | 14-02-2011 | 2009-10 | 31-12-2011 |

## 1-11 വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ അക്കൗണ്ട്സ് റൂൾസും നിയമവും പാലിച്ചിട്ടില്ല

സ.ഉ.(പി) നം. 100/07/തസ്വഭവ തീയതി 30.03.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികൾക്കും 01.04.2007 പ്രാബല്യത്തിൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളും, സ.ഉ(എം. എസ്.) നം. 130/07/തസ്വഭവ തീയതി 17.05.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളും പിൻതുടരേണ്ട കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലും ബാധകമാക്കിയിട്ടുണ്ട്.

അക്കൗണ്ട്സ് റൂൾസ് 3 പ്രകാരം നഗരസഭകൾ അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിൽ വേണം വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടത്. ആയത് പ്രകാരം ഒരു സാമ്പത്തിക വർഷം നഗരസഭയിൽ ലഭിച്ചതും ലഭിക്കേണ്ടതുമായ (Income Due But Not Received) എല്ലാ വരവുകളും, ചെലവഴിച്ചതും ചെലവഴിക്കേണ്ടതുമായ (Expenditure Incurred But Not Paid) എല്ലാ ഇനങ്ങളും, ആസ്തികളും ബാധ്യതകളും അക്കൗണ്ട് ചെയ്യേണ്ടതാണ്.

വരവുകൾ അക്കൗണ്ട് ചെയ്യുന്ന രീതി

അക്കൗണ്ട്സ് റൂൾസ് ചട്ടം 15 പ്രകാരം എല്ലാ വരവുകളും അക്രൂവൽ അടിസ്ഥാനത്തിലാകണം അക്കൗണ്ട് ചെയ്യപ്പെടേണ്ടത്. അത് പ്രകാരം നഗരസഭയിലെ എല്ലാ സെക്ഷനുകളും അതത് മേഖലയുമായി ബന്ധപ്പെട്ട കൃത്യമായ

ഡിമാന്റുകൾ, ഡിമാന്റുകളിലുണ്ടാകുന്ന വ്യതിയാനങ്ങൾ, റീഫണ്ടുകൾ/റെമിഷൻ, എഴുതിതള്ളുന്ന തുകകളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ നിർദ്ദിഷ്ട സമയങ്ങളിൽ തയ്യാറാക്കി അക്കൗണ്ട്സ് ഡിപ്പാർമെന്റിൽ സമർപ്പിക്കേണ്ടതാകുന്നു. വസ്തുനികുതി, തൊഴിൽ നികുതി, വാടക, തുടങ്ങിയ വരവിനങ്ങളുടെ യഥാർത്ഥ ഡിമാന്റ് കണ്ടെത്തി അക്കൗണ്ട് ചെയ്യുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി (തൻവർഷം)

| ഡി.സി.ബി. പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | കുറിപ്പ് |
|---|---|---|---|
| ഡിമാന്റ് | 21023941 | 21023941 | *ബാലൻസ് തുകയിൽ 5% ലൈബ്രറി സെസ് കഴിഞ്ഞുള്ള തുകയാണ് B15 ഷെഡ്യൂളിൽ Receivables For Property Taxes (Current) എന്ന ഹെഡിൽ വരേണ്ടത്. |
| കളക്ഷൻ | 20891156 | 20891156 | |
| ബാലൻസ് | 132785 | 126462* | |

വസ്തു നികുതി (കുടിശ്ശിക)

| ഡി.സി.ബി. പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം വരേണ്ടത് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|---|
| ഡിമാന്റ് | 8500525 | 8500950 | 8500950 | *ലൈബ്രറി സെസ് കഴിഞ്ഞുള്ള തുക(1101344x100/105) |
| കളക്ഷൻ | 6456823 | 6456823 | 6456823 | |
| ബാലൻസ് | 2043702 | 2034127 | 10,48,899* | |

തൊഴിൽ നികുതി (തൻവർഷം)

| ഡി.സി.ബി. പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം വരേണ്ടത് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|---|
| ഡിമാന്റ് | ലഭ്യമാക്കിയില്ല | 8329021 | 8329021 | തൊഴിൽ നികുതി തെറ്റായ ഡിമാന്റ് ഉൾപ്പെടുത്തിയത് പരിഹരിക്കാൻ ഷെഡ്യൂൾ I-18 പ്രകാരം 6781475 രൂപ Prior Period Income Head- ചെലവിൽ ഉൾപ്പെടുത്തി. തൽഫലമായി വരവിലും ചെലവിലും 6781475 രൂപയുടെ വർദ്ധനവിനിടയാക്കി. |
| കളക്ഷൻ | ,, | 1111316 | 1111316 | |
| ബാലൻസ് | ,, | 7217705 | 7217705 | |
| (-) Prior Period ൽ ഉൾപ്പെടുത്തിയത് | ,, | (-) 6781475 | (-) 6781475 | |
| | | 4,36,230 | 536270 | |

തൊഴിൽ നികുതി (കുടിശ്ശിക)

| ഡി.സി.ബി. പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|

| | | വരേണ്ടത് | | |
|---|---|---|---|---|
| ഡിമാന്റ് | 7556117 | 7556117 | 7556117 | 100040 രൂപ യുടെ വ്യത്യാസം നിലനിൽക്കുന്നു. 31-03-2020 പ്രകാരമുള്ള കുടിശ്ശിക (Receivable For Profession Tax-current) തൻവർഷത്തെ ഡിമാന്റിൽ തെറ്റായി ഉൾപ്പെടുത്തി. |
| കളക്ഷൻ | 370480 | 370480 | 370480 | |
| ബാലൻസ് | 7185637 | 7285677 | 7185637 | |
| വ്യത്യാസം | | | 100040 | |

വാടക (തൻവർഷം)

| ഡി.സി.ബി. പ്രകാരം | | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|
| ഡിമാന്റ് | 6334920 | 6249558 | ലഭ്യമാക്കിയ ഡി.സി.ബി.യും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റിൽ നിന്നും കളക്ഷൻ കുറച്ചാൽ 920828 രൂപയാണ് കിട്ടുന്നത്. |
| കളക്ഷൻ | 4343078 | 5328730 | |
| ബാലൻസ് | 1991842 | 907408 | |

നഗരസഭയിൽ സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് 2010-11 മുതൽ നടപ്പാക്കിയിട്ടുണ്ട്. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ അതാതു ദിവസം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

ലെഡ്ജർ അക്കൗണ്ടുകൾ കൃത്യമായ ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യത്തിൽ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും നഗരസഭ സ്വീകരിക്കുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നു.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

01.02.2011-ലെ കേരള ഗസറ്റ് നമ്പർ 227-ൽ എസ്.ആർ.ഒ. നം.84/2011-ആയി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. 1, 2 പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവൃത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് 447-ാം വകുപ്പിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 3(2)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൗൺസിലിന് അതിന്റെ ഭൂപ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് കൗൺസിൽ നൽകുന്ന ലൈസൻസ് കൂടാതെയും 2-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള മറ്റ് സാധാരണ വ്യാപാരങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗപ്പെടുത്തുവാൻ പാടില്ലെന്ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം മുഖേനയും മുനിസിപ്പൽ ഓഫീസിലെ നോട്ടീസ് ബോർഡിലും പൊതു സ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്യാവുന്നതാണെന്നും. ഇപ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം /തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തെയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.4-ൽ നിഷ്കർഷിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തൻമൂലം വളരെയധികം സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാകുകയും ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | സ്ഥാപനങ്ങളുടെ വിവരങ്ങൾ |
|---|---|
| 1 | കേബിൾ ടി.വി.നെറ്റ്‌വർക്കുകൾ |
| 2 | ചിട്ടി, കുറി, ഹയർ പർച്ചേസ്, മണി ലെന്റിംഗ്, ലോട്ടറി സ്ഥാപനങ്ങൾ |
| 3 | ഹോസ്റ്റലുകൾ നടത്തുക |
| 4 | റേഷൻ ഡിപ്പോകൾ നടത്തുക |
| 5 | ബ്രോക്കർമാർ, കമ്മീഷൻ ഏജന്റുമാർ |
| 6 | ടെലിക്കോം ടവറുകൾ പ്രവർത്തിപ്പിക്കൽ |
| 7 | കിൻഡർ ഗാർഡൻ, ഡേ കെയർ സെന്റർ |
| 8 | ഡോക്ടർമാർ വീട്ടിൽ നടത്തുന്ന പ്രൈവറ്റ് കൺസൾട്ടേഷൻ |
| 9 | പേയിംഗ് ഗസ്റ്റ്, ഹോം സ്റ്റേ |
| 10 | സ്വകാര്യ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് |
| 11 | മൊബൈൽ മോർച്ചറി, ആമ്പുലൻസ് സർവ്വീസ് |
| 12 | വാഹനങ്ങളിൽ നടത്തുന്ന വ്യാപാരങ്ങൾ |
| 13 | അക്ഷയ കേന്ദ്രം, ജനസേവന കേന്ദ്രം |
| 14 | ആധാരം എഴുത്താഫീസ് |
| 15 | മനുഷ്യവിഭവ ശേഷി നൽകൽ ഓഫീസുകൾ |
| 16 | അഭിഭാഷക ഓഫീസുകൾ |

ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/16.07.2022), 2011-ലെ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതിനാലാണ് ആയത് പ്രകാരം നടപടി സ്വീകരിക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി. മറുപടി അംഗീകരിക്കത്തക്കതല്ല. 10.01.2017-ലെ സ.ഉ.(സാധാ)നം.70/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് 2011-ലെ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനമായി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത സമയപരിധി 31.04.2017-ൽ അവസാനിക്കുകയും 01.05.2017 മുതൽ ലൈസൻസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതും ചട്ടപ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഫീസ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തില്ല-മുനിസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം

01.02.2011-ലെ കേരള ഗസറ്റ് നമ്പർ 227-ൽ എസ്.ആർ.ഒ. നം.84/2011-ആയി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത ചട്ടങ്ങളിലെ 1, 2 പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവർത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും സുതാര്യമായ മാനദണ്ഡ പ്രകാരം എ,ബി,സി എന്നീ വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം, 2-ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ച് ചുമത്താവുന്നതാണെന്നും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതാണെന്നും ചട്ടം 7-ൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ച് മുനിസിപ്പാലിറ്റി വിജ്ഞാപനം പുറപ്പെടുവിച്ചില്ല. ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള നിരക്കോ അതിൽ കുറവോ ആണ് മിക്ക സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ളത്. യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നിവ പരിഗണിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കാതെ തുച്ഛമായ തുകകളാണ് വൻകിട സ്ഥാപനങ്ങൾ ഉൾപ്പെടെ ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | ലൈസൻസ് ഫീസ് ഈടാക്കിയത് |
|---|---|---|
| 1 | യമുന ഫ്യൂവൽസ് | 500 |
| 2 | കൈരളി ലബോറട്ടറി | 200 |
| 3 | പാലയ്ക്കൽ ഒപ്റ്റിക്കൽസ് | 250 |
| 4 | ഗീതം ഓഡിറ്റോറിയം | 1000 |
| 5 | ഇൻഡസ് മോട്ടോഴ്സ് | 2000 |
| 6 | അരുൺ മെഡിക്കൽസ് | 600 |
| 7 | ഡി.ഡി.ആർ.സി. | 750 |
| 8 | പെട്രോൾ പമ്പ്, 16/52,53 | 650 |
| 9 | തോംസൺ റസ്റ്റോറന്റ് | 1000 |
| 10 | കോട്ടയ്ക്കൽ ഇന്റീരിയേഴ്സ് & റൂഫിംഗ് | 800 |
| 11 | ഫോക്കസ് ഓട്ടോമൊബൈൽസ് | 800 |
| 12 | മരിയ ഹോസ്പിറ്റൽ | 1430 |
| 13 | സ്റ്റാൻഡേർഡ് ഫ്യൂവൽസ് | 1000 |
| 14 | മണിമംഗലത്ത് പെയിന്റ്സ് | 600 |
| 15 | കെ.എസ്.ബി.സി. ഷോപ്പ് | 2000 |
| 16 | സുവി കളർ ലാബ് | 500 |
| 17 | മോസസ് ഡെന്റൽ കെയർ | 500 |
| 18 | പോപ്പുലർ ആട്ടോമൊബൈൽസ് | 800 |
| 19 | കെ.കെ.മെഡിക്കൽസ് | 300 |
| 20 | ഗ്രാന്റ് മോട്ടോഴ്സ് | 400 |
| 21 | സെന്റ് ജോർജ്ജ് ഡെന്റൽ ക്ലിനിക് | 300 |
| 22 | അനശ്വര ജ്യുവലറി | 1000 |
| 23 | കാവേരി ഹോട്ടൽ | 500 |
| 24 | ഓർമ്മ മെഡിക്കൽസ് | 350 |
| 25 | എസ്.എം.സിൽക്ക്സ് & സാരീസ് | 2200 |

ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ മറ്റ് അപാകതകൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ചട്ട പ്രകാരം എ വിഭാഗത്തിൽ വരുന്ന പെട്രോൾ പമ്പുകളിൽ നിന്നും പെട്രോളിയം ഉൽപന്നങ്ങളുടെ ശേഖരണത്തിനും വിൽപ്പനയ്ക്കും കുറഞ്ഞത് 1000രൂപയും ലൂബ്രിക്കന്റുകളുടെ ശേഖരണത്തിനും വിൽപ്പനയ്ക്കും കുറഞ്ഞത് 300രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ യമുന പെട്രോൾ പമ്പിൽ നിന്നും 500 രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്.

2. എ വിഭാഗത്തിൽ വരുന്ന ആശുപത്രികളിൽ നിന്നും ലൈസൻസ് ഫീസായി കുറഞ്ഞത് 3000രൂപ ഈടാക്കാവുന്നതാണ്. എന്നാൽ ടൗണിലുള്ള മരിയ ഹോസ്പിറ്റലിൽ നിന്നും 1430 രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്.

3. എ വിഭാഗത്തിൽ വരുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും കുറഞ്ഞത് 6000രൂപ ലൈസൻസ് ഫീസായി ഈടാക്കാവുന്ന സ്ഥാനത്ത് ടൗണിൽ സ്ഥിതി ചെയ്യുന്ന ഗീതം ഓഡിറ്റോറിയത്തിൽ നിന്നും 1000രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

4. തട്ട റോഡിൽ പ്രവർത്തിക്കുന്ന ദിവസേന ലക്ഷക്കണക്കിന് രൂപയുടെ ഇടപാട് നടക്കുന്ന ആക്രികടയിൽ നിന്നും ലൈസൻസ് ഫീസായി 100രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

2020-21 -ൽ ആകെ 1429268 രൂപ മാത്രമാണ് ലൈസൻസ് ഫീസിനത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാതെ ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയത് മൂലം മുനിസിപ്പാലിറ്റിയ്ക്ക് വലിയ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/16.07.2022), 2011-ലെ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതിനാലാണ് ടി. ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി. മറുപടി

അംഗീകരിക്കത്തക്കതല്ല. 10.01.2017-ലെ സ.ഉ.(സാ)നം.70/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് 2011-ലെ ലൈസൻസ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനമായി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത സമയപരിധി 31.04.2017-ൽ അവസാനിക്കുകയും 01.05.2017 മുതൽ ലൈസൻസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതും ചട്ടപ്രകാരം കൃത്യമായി ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കേണ്ടതുമാണ്.

## 1-14 പേ & പാർക്കുകൾക്ക് ലൈസൻസില്ല.

മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് സ്വകാര്യ പേ & പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവ 2020-21-ൽ മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. അജി നഗർ, അടൂർ ടൂറിസ്റ്റ് ഹോമിനു സമീപം, ഫെഡറൽ ബാങ്കിനു സമീപം എന്നിവിടങ്ങളിലാണ് പേ & പാർക്കുകൾ പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു ലൈസൻസ് കൂടാതെ യാതൊരാളും ഒരു പുതിയ സ്വകാര്യ വണ്ടിത്താവളം (പേ & പാർക്ക്) തുറക്കുകയോ , സ്വകാര്യ വണ്ടിത്താവളം തുറന്നു വയ്ക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നുവെന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 475-(1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ശ്രീ. മാത്യു ജോർജ്ജ്, ശ്രീമതി മേഴ്സിക്കുട്ടി പി. സഖറിയ, ചിറ്റുണ്ടയിൽ നഗർ, അടൂർ എന്നിവരുടെ ഉടമസ്ഥതയിൽ ഫെഡറൽ ബാങ്കിന് സമീപം പ്രവർത്തിക്കുന്ന പേ & പാർക്ക് സ്ഥാപനത്തിൽ നിന്നും 2010 മുതലുള്ള ലൈസൻസ് ഫീസിനത്തിൽ 30000രൂപയും പിഴയിനത്തിൽ 16200രൂപയും ഈടാക്കാനുണ്ട്. ടി. വിഷയം (R3-4120/17) 19.08.2019, 20.08.2019 തീയതികളിൽ നടന്ന കൗൺസിൽ പരിഗണിക്കുകയും കക്ഷിയെ നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കയും ചെയ്തിരുന്നു. ടി.വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളും മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് 2020-21-ൽ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (21/18.07.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പേ & പാർക്കുകൾക്ക് ലൈസൻസ് നൽകുന്നതിനും ലൈസൻസ് ഫീസ് ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

മുനിസിപ്പാലിറ്റിയുടെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുത്തിട്ടുള്ളത്. മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഇത്തരത്തിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം മുനിസിപ്പാലിറ്റിയ്ക്ക് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | മണ്ണാശ്ശേരിൽ അഗ്രിക്കൾച്ചറൽ ഫാം | 1st & 2nd |
| 2 | ആക്സിസ് ബാങ്ക് | 1st & 2nd |
| 3 | മുത്തൂറ്റ് ഹോണ്ട | 1st & 2nd |
| 4 | ട്രാൻസ് റ്റി.വി.എസ്. | 1st & 2nd |
| 5 | കൈനിക്കര ബജാജ് | 1st & 2nd |
| 6 | എം.കെ.മോട്ടോഴ്സ് ടാറ്റാ ഷോറും | 1st & 2nd |
| 7 | അക്ഷയ സെന്ററുകൾ, ജനസേവന കേന്ദ്രങ്ങൾ | 1st & 2nd |
| 8 | ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, പറക്കോട് | 1st & 2nd |
| 9 | കെ.ആർ.വെജിറ്റബിൾസ് & ഫ്രൂട്ട്സ് | 1st & 2nd |

| | | |
|---|---|---|
| 10 | എയർടെൽ അടൂർ | $1^{st}$ & $2^{nd}$ |
| 11 | VI മിനിസ്റ്റോർ | $1^{st}$ & $2^{nd}$ |
| 12 | കേക്ക് വേൾഡ് | $1^{st}$ & $2^{nd}$ |
| 13 | ബേബി ഗ്യാസ് സർവ്വീസ് | $1^{st}$ & $2^{nd}$ |
| 14 | ശ്രീകൃഷ്ണ ഭാരത് ഗ്യാസ് | $1^{st}$ & $2^{nd}$ |
| 15 | ഗൗരി സാനിറ്ററിവെയേഴ്സ് | $1^{st}$ & $2^{nd}$ |
| 16 | ന്യൂ ഇന്ത്യ ഇൻഷുറൻസ് ഓഫീസ് | $1^{st}$ & $2^{nd}$ |
| 17 | അനശ്വര ജ്യൂവലേഴ്സ് | $1^{st}$ & $2^{nd}$ |
| 18 | എൽ-ഷദ്ദായി കോളേജ് | $1^{st}$ & $2^{nd}$ |
| 19 | ജിയോ പോയിന്റ് | $1^{st}$ & $2^{nd}$ |
| 20 | എബനേസർ ഫ്യൂവൽസ് | $1^{st}$ & $2^{nd}$ |
| 21 | യമുന ഫ്യൂവൽ സ്റ്റേഷൻ | $1^{st}$ & $2^{nd}$ |
| 22 | പി.ഒ. തോമസ് സൂപ്പർമാർക്കറ്റ് | $1^{st}$ & $2^{nd}$ |
| 23 | ജില്ലാ നിർമ്മിതി കേന്ദ്രം | $1^{st}$ & $2^{nd}$ |
| 24 | കെ.ഐ.പി.ക്വാർട്ടേഴ്സ് | $1^{st}$ & $2^{nd}$ |
| 25 | ഡെൽഹിവെരി | $2^{nd}$ |
| 26 | ഗ്രീൻവാലി കൺവെൻഷൻ സെന്റർ | $1^{st}$ & $2^{nd}$ |
| 27 | നെടുമ്പറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | $1^{st}$ & $2^{nd}$ |
| 28 | പിടാമുറ്റത്ത് സാമിൽ | $1^{st}$ & $2^{nd}$ |
| 29 | ജോർജ്ജ്സൺസ് സ്റ്റീൽ | $1^{st}$ & $2^{nd}$ |
| 30 | ഷാലോം ടയർഷോപ്പ് & ആട്ടോസ്കാൻ | $1^{st}$ & $2^{nd}$ |
| 31 | നൈനാൻ മോട്ടോഴ്സ് | $1^{st}$ & $2^{nd}$ |
| 32 | ഹോട്ടൽ ഡയാന | $1^{st}$ & $2^{nd}$ |
| 33 | ഹോട്ടൽ ഫിൽ ഫിൽ | $1^{st}$ & $2^{nd}$ |
| 34 | ലെമൺ റസ്റ്റോറന്റ് | $1^{st}$ & $2^{nd}$ |
| 35 | അടൂർ സുസുക്കി | $1^{st}$ & $2^{nd}$ |
| 36 | ഗ്രാന്റ് മോട്ടോഴ്സ് | $1^{st}$ & $2^{nd}$ |
| 37 | മറിയം ഹാർഡ്‌വെയേഴ്സ് | $1^{st}$ & $2^{nd}$ |
| 38 | രൂപം ടെക്സ്റ്റൈൽസ് | $1^{st}$ & $2^{nd}$ |
| 39 | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസ്, ശ്രീമൂലം മാർക്കറ്റിന് സമീപം | $1^{st}$ & $2^{nd}$ |
| 40 | ലാൽസ് റെസിഡൻസി | $1^{st}$ & $2^{nd}$ |
| 41 | അനശ്വര ജ്യൂവലേഴ്സ് | $1^{st}$ & $2^{nd}$ |
| 42 | ആശിർവ്വാദ് ജ്യൂവലറി | $1^{st}$ & $2^{nd}$ |
| 43 | ഓർമ്മ മെഡിക്കൽസ് | $1^{st}$ & $2^{nd}$ |
| 44 | ജെ.കെ.ടെക്സ്റ്റൈൽസ് | $1^{st}$ & $2^{nd}$ |
| 45 | അഖിലം വെഡ്ഡിംഗ് സെന്റർ | $1^{st}$ & $2^{nd}$ |
| 46 | എം.എൻ.ഓഫ്സെറ്റ് പ്രിന്റേഴ്സ് | $1^{st}$ & $2^{nd}$ |

| | | |
|---|---|---|
| 47 | എസ്.ബി.ബുക്ക് സ്റ്റാൾ | 1st & 2nd |
| 48 | വൈ.ബി.ഫാഷൻസ് | 1st & 2nd |
| 49 | പുഷ്പ ഏജൻസി | 1st & 2nd |
| 50 | താഴയിൽ നിധി ലിമിറ്റഡ് | 1st & 2nd |
| 51 | ആശ്വാസ് മെഡിക്കൽസ് | 1st & 2nd |
| 52 | മണ്ണിൽ ഏജൻസീസ് | 1st & 2nd |
| 53 | സുവി കളർലാബ് | 1st & 2nd |
| 54 | കോംസോൾ ഐ.റ്റി.ഷോപ്പ് | 1st & 2nd |
| 55 | ഗോകുലം ചിട്ടി ഫണ്ട് | 1st & 2nd |
| 56 | ക്യൂ.ആർ.എസ്. | 1st & 2nd |
| 57 | മോഹൻ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ | 1st & 2nd |
| 58 | സിന്ധു പ്രൈവറ്റ് ഐ.റ്റി.ഐ. | 1st & 2nd |
| 59 | ഹോട്ടൽ പ്ലാസ്സാ | 1st & 2nd |
| 60 | ഹോട്ടൽ അഭിലാഷ് | 1st & 2nd |
| 61 | സെന്റ് ജോർജ്ജ് ഡെന്റൽ ക്ലിനിക്ക് | 1st & 2nd |
| 62 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | 2nd |
| 63 | കൊശമറ്റം ഫിനാൻസ് | 1st |
| 64 | കെ.എസ്.ബി.സി.ഡി.സി | 1st |
| 65 | കെ.സി.ആർ.ഫാർമ്മസ്യൂട്ടിക്കൽസ് | 1st |
| 66 | ഡി.ഡി.ആർ.സി. | 1st |
| 67 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് പ്രൈ. ലിമിറ്റഡ് | 1st |
| 68 | മുത്തൂറ്റ് ഫിൻകോർപ്പ് , ആനന്ദപ്പള്ളി | 2nd |
| 69 | ഏനാദിമംഗലം സോഷ്യൽ ഹെൽത്ത് സെന്റർ | 2nd |
| 70 | പോസ്റ്റ് ഓഫീസ്, പറക്കോട് | 2nd |

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2)-ൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും, കമ്പനികളെയും, ബിസിനസ്സ് നടത്തുന്നവരെയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിലേക്കായി ഏതെല്ലാം വിഭാഗങ്ങളായി തരംതിരിക്കണമെന്നുള്ളതും ഓരോ വിഭാഗത്തിനും ചുമത്താവുന്ന അർദ്ധവാർഷിക നികുതി എത്രയായിരിക്കണമെന്നും വിവരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൻ കീഴിൽ വരുന്നതും മുനിസിപ്പൽ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ എല്ലാ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | കരാറുകാർ | 1st & 2nd |
| 2 | ആധാരമെഴുത്തുകാർ | 1st & 2nd |
| 3 | സഹകരണബാങ്കുകൾ, സഹകരണ സംഘങ്ങൾ | 1st & 2nd |
| 4 | അഭിഭാഷകർ | 1st & 2nd |
| 5 | റേഷൻകടകൾ | 1st & 2nd |
| 6 | സ്വകാര്യ ഡോക്ടർമാർ | 1st & 2nd |
| 7 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ | 1st & 2nd |

മുനിസിപ്പാലിറ്റി ആക്റ്റ്, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും പ്രവർത്തിപ്പിക്കുന്നു

മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും 2020-21-ൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. രജിസ്ട്രേഷനുണ്ടായിരുന്ന ചില സ്ഥാപനങ്ങൾ അവയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടുമില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടത്തിപ്പുകാരന്റെ വിവരങ്ങൾ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|---|
| 1 | ഡോ. ആര്യ ആർ. നമ്പൂതിരി, | ആയുർവ്വേദ പഞ്ചകർമ്മ സെന്റർ, 5/139 |
| 2 | ഡോ.സതീഷ് ശങ്കർ | ശങ്കേഴ്സ് ദന്തൽ ക്ലിനിക്ക്, 17/1080(4) |
| 3 | ഡോ.ഉണ്ണിക്കൃഷ്ണൻ കെ.കെ., കൊച്ചുകളീയ്ക്കൽ ഹൗസ് , പറക്കോട് | ഹോമിയോ ക്ലിനിക്ക് , 5/169 |
| 4 | ഡോ.ജയചന്ദ്രൻ ബി., ചാമക്കാല പുത്തൻമഠം, പറക്കോട് | ഹോമിയോ ക്ലിനിക്ക്, 14/366 |
| 5 | ശ്രീ. മുഹമ്മദ് മുഹൈൽ എസ്.,കോണപൂത്തുർ വടക്കേക്കര | ക്ലിനിക്കൽ ലബോറട്ടറി, 14/373,374 |
| 6 | ഡോ.ബിലായ് ഭാസ്കർ, മല്ലപ്പള്ളിൽ പ്ലാവിളയിൽ പുത്തൻവീട്, പറക്കോട് | ഹോസ്പിറ്റൽ, 16/120 |
| 7 | ശ്രീമതി രാജശ്രീ ആർ., തെങ്ങിൽ വീട്, നെടുമൺ | ഹോമിയോ ക്ലിനിക്ക്, 16/182,183 |
| 8 | ശ്രീ. മാത്യു റോയ്, ഷംറോക്ക്, പറക്കോട് | ഡെന്റൽ കെയർ, 16/534 |
| 9 | ശ്രീ. അന്ന ഉമ്മൻ, ഗ്രേസ് വില്ല, കുന്നന്താനം | ഫിസിയോതെറാപ്പി സെന്റർ, 27/282 |
| 10 | ശ്രീ. ജോർജ്ജ് കോശി, ആശാഭവൻ, ഗാന്ധിനഗർ, അടൂർ | കാരുണ്യ ഡെന്റൽ ക്ലിനിക്ക്, 27/348,349 |
| 11 | ശ്രീ. അനൂപ് എം., ശ്രീമതി ദിവ്യ, ഉള്ളൂർ ഗാർഡൻസ്,<br>തിരുവനന്തപുരം | സെന്റ്.ജോർജ്ജ് ഡെന്റൽ ക്ലിനിക്ക്, 24/570 |
| 12 | ശ്രീമതി സുദർമ്മാദേവി എം.ഡി., ഔഷധി ഏജൻസി, | ആയുർവ്വേദ ചികിത്സാകേന്ദ്രം, 24/839 |
| 13 | ശ്രീ. ശ്രീജിത്ത് എൻ., ശ്രീഭവൻ, അന്തിച്ചിറ | ശ്രീ അയ്യപ്പൻസ് ഹോമിയോ ക്ലിനിക്ക്,<br>24/909 |
| 14 | ശ്രീ. സുരേഷ് പിള്ള, ആതിര, കാനം, കോട്ടയം | ജനത ക്ലിനിക്ക്, 24/UA/119/1018 |
| 15 | ശ്രീമതി കുഞ്ഞുമോൾ സഖറിയ, കാലായിൽ ഹൗസ്, മങ്ങാട് | ദി ഡെന്റിസ്റ്റ് ഓർത്തോഡോന്റിക് സെന്റർ,<br>24/UA/23/219 |
| 16 | ഡോ. ജോൺ മാത്യു | ജോൺ മാത്യു ഡെന്റൽ ക്ലിനിക്ക് |

മുൻകൂർ രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ചട്ടം പാലിക്കപ്പെട്ടിട്ടില്ല.

മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.

എന്നാൽ മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2020-21 വർഷം 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. രജിസ്ട്രേഷനുണ്ടായിരുന്ന ചില സ്ഥാപനങ്ങൾ അവയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടുമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ /നടത്തിപ്പുകാരന്റെ വിവരങ്ങൾ |
|---|---|
| 1 | ഐയാട്ട്സ്, അടൂർ |
| 2 | ഗണേഷ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
| 3 | എൽ.ബി.എസ്. സെന്റർ |
| 4 | ഇംപീരിയൽ കോളേജ് |
| 5 | ബ്രില്ല്യൻസ് കോളേജ് |
| 6 | ഇന്റർടെക്ക് ഇൻസ്റ്റിറ്റ്യൂട്ട് |
| 7 | ഫോർച്ച്യൂൺ അക്കാദമി |
| 8 | ഹോളിമാതാ സെന്റർ ഫോർ സയൻസ് & ടെക്ക്നോളജി |
| 9 | എഡ്യൂസോൺ പി.എസ്.സി.കോച്ചിംഗ് സെന്റർ |
| 10 | സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ് ഐ.റ്റി.ഐ. |
| 11 | ടെൻസർ പ്രൊഫഷണൽ ലേണിംഗ് |
| 12 | ഐ.റ്റി. കിഡ്സ് |
| 13 | കാഡ് സെന്റർ |
| 14 | ക്രിയേറ്റ് ഐ.റ്റി.ഐ. |
| 15 | സ്റ്റോബ് ടെക്ക്നോളജീസ് |
| 16 | കെൽട്രോൺ ന്യോളജ് സെന്റർ |
| 17 | ഡ്രീം സ്കൈ എയർലൈൻ അക്കാദമി |

ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്.

മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ലേലതുകകൾ പൂർണ്ണമായി പിരിച്ചെടുത്തില്ല.

2020-21 വർഷം മുനിസിപ്പാലിറ്റി ലേലം ചെയ്തു നൽകിയ വിവിധ ആസ്തികളുടെ ലേലത്തുക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. ലേലതുകകളുടെ ഒന്നാം ഗഡു മാത്രമാണ് ലേലം കൊണ്ടവരിൽ നിന്നും പിരിച്ചെടുത്തിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | കരാറുകാരൻ | ലേലം | അടച്ച തുക | അടയ്ക്കാൻ |
|---|---|---|---|---|---|

| നം. | | | കൊണ്ട തുക | | ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | അടൂർ ശ്രീമൂലം മാർക്കറ്റ് ഫീസ് പിരിവ് | ശ്രീ മനോജ്, ജ്യോതിർഗമയ, പറക്കോട് | 475000+GST | 237500+GST | 237500+GST |
| 2 | അനന്തരാമപുരം മാർക്കറ്റ് ഫീസ് പിരിവ് | ശ്രീ മനോജ്, ജ്യോതിർഗമയ, പറക്കോട് | 546000+GST | 273000+GST | 273000+GST |
| 3 | അടൂർ ശ്രീമൂലം മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി.സ്റ്റാളിൽ മാട്ടിറച്ചി വിൽപ്പനാവകാശവും | ശ്രീ. ഹക്കീം, താന്നിവിള, കലഞ്ഞൂർ, പത്തനാപുരം | 893088+GST | 445044+GST | 448044+GST |
| 4 | അടൂർ സെൻട്രൽ ടോൾ മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി.സ്റ്റാളിൽ മാട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഹക്കീം, താന്നിവിള, കലഞ്ഞൂർ, പത്തനാപുരം | 793206+GST | 396603+GST | 396603+GST |
| 5 | അടൂർ സെൻട്രൽ ടോൾ മാർക്കറ്റിലെ ആട്ടിറച്ചി സ്റ്റാളും ടി.സ്റ്റാളിൽ ആട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഹക്കീം, താന്നിവിള, കലഞ്ഞൂർ, പത്തനാപുരം | 78000+GST | 39000+GST | 39000+GST |
| 6 | അനന്തരാമപുരം മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി.സ്റ്റാളിൽ മാട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഹക്കീം, താന്നിവിള, കലഞ്ഞൂർ, പത്തനാപുരം | 413000+GST | 206500+GST | 206500+GST |
| 7 | അടൂർ മുനിസിപ്പൽ ബസ്സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീ. മനോജ്, ജ്യോതിർഗമയ, പറക്കോട് | 626000+GST | 313000+GST | 313000+GST |
| | ആകെ | | 3824294+GST | 1910647+GST | 1913647+GST |

ടി. ആളുകൾക്ക് ലേലത്തുകയിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലേലക്കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19/18.07.2021) നൽകിയിരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം അടച്ചിടേണ്ടി വന്ന കാലയളവിലേക്ക് ഇളവ് അനുവദിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടി.അപേക്ഷയിൽ സ്പഷ്ടീകരണം ലഭിക്കുന്നതിന് നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേക്ക് കത്ത് അയച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലോക്ക് ഡൗൺ മൂലം താൽക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരിക്കുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് 1998-ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസികൾക്കും കരാറുകാർക്കും കിസ്റ്റ് ഇളവ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം .4-പ്രകാരവും, ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും അനുമതി നൽകി 27.07.2021-ൽ സ.ഉ.(സാധാ.)നം.1410/2021/തസ്വഭവ-നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ചിട്ടുള്ള ലേല ഇനങ്ങൾ ഓരോന്നും പ്രത്യേകമായെടുത്ത് താൽക്കാലികമായി അടച്ചിട്ടിരുന്ന കാലയളവിലേക്ക് എന്തെങ്കിലും ഇളവുകൾ അനുവദിക്കാവുന്നതാണോയെന്ന് പരിശോധിക്കാവുന്നതാണ്.

ഇളവുകൾക്ക് ശേഷം ബാക്കിയുള്ള കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 താത്കാലിക നിർമ്മിതിയുടെ വസ്തുനികുതി ഈടാക്കിയില്ല

താത്കാലികമായി നിർമ്മിച്ച ഗോഡൌണിന്റെ വസ്തുനികുതി ഈടാക്കിയില്ല. 103449 രൂപ നികുതി നിർണ്ണയിച്ചിരുന്നെങ്കിലും, ചട്ടം തെറ്റായി വ്യാഖ്യാനിച്ച്, നികുതി ഈടാക്കുന്നത് നീട്ടിവയ്ക്കുകയാണുണ്ടായത്. പിന്നീട് പൊളിച്ചുമാറ്റിയ ടി ഗോഡൌണിന്റെ നികുതി കുടിശ്ശികയാകുകയും ചെയ്തു.

ശ്രീമതി എലിസബത്ത് വൈദ്യൻ, പ്ലാവിളയിൽ മോനിവില്ല എന്ന വ്യക്തി കെ.പി.റോഡ് സൈഡിൽ 805/1, 805/2 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച, 908.62 ച.മീറ്റർ വിസ്തൃതിയുള്ള ഒരു താത്കാലിക ഷെഡ്/ ഗോഡൌൺ ക്രമവൽക്കരിച്ച്, താത്കാലിക പെർമിറ്റ് ലഭിക്കുന്നതിന് 01.03.2021ൽ നഗരസഭയിൽ അപേക്ഷ നൽകിയിരുന്നു. സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ 17.03.2021ലെ നിരാക്ഷേപപത്രം, കെട്ടിട ഉടമയുടെ 23.03.2021ലെ സത്യവാങ്മൂലം എന്നിവ പിന്നീട് ഹാജരാക്കിയത് പരിഗണിച്ചും, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയും, കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 68 പ്രകാരവും പ്രസ്തുത താത്കാലിക നിർമ്മിതി 25.03.2021ൽ ക്രമവൽക്കരിച്ചിട്ടുണ്ട്. മാർച്ച് 15മുതൽ മൂന്ന് മാസത്തേക്കാണ് ടി താത്കാലിക ഗോഡൌൺ ആവശ്യമുള്ളതെന്നും, ജൂൺ 15നുശേഷം ഇത് പൊളിച്ചുമാറ്റുന്നതാണെന്നും മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലത്തിൽ കെട്ടിട ഉടമ വ്യക്തമാക്കിയിട്ടുണ്ട്.

27.03.2021ൽ പ്രസ്തുത നിർമ്മിതിക്ക്, 01.03.2021തീയതി പ്രാബല്യത്തിൽ XXI/TEMP/1 എന്ന താത്കാലിക നമ്പർ നൽകി, 103449 രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17(3)(1) പ്രകാരം നികുതി നിർണ്ണയം അടുത്ത സാമ്പത്തിക വർഷാരംഭം മുതൽ പ്രാബല്യത്തിൽ വരുത്തിയാൽ മതിയാകുമെന്ന് റവന്യൂ ഇൻസ്പെക്ടർടെ റിപ്പോർട്ട് നൽകി. ഈ റിപ്പോർട്ട് സെക്രട്ടറി അംഗീകരിക്കുകയും, നികുതി ഈടാക്കുന്നത് 2021-22ലേക്ക് മാറ്റി വയ്ക്കുകയും ചെയ്തു. എന്നാൽ കെട്ടിട ഉടമ നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല.

വസ്തുനികുതിച്ചട്ടം തെറ്റായി വ്യാഖ്യാനിച്ചാണ് കെട്ടിട ഉടമയിൽനിന്ന് നികുതി സ്വീകരിക്കാതിരുന്നത്. റവന്യൂ ഇൻസ്പെക്ടർ സൂചിപ്പിച്ചിട്ടുള്ള ചട്ടം 17എന്നത് നിലവിലുള്ള ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ മാത്രമാണ് ബാധകമാകുന്നത്. പുതുതായി നിർമ്മിക്കുന്ന ഒരു കെട്ടിടത്തിന് പ്രസ്തുത ചട്ടം ബാധകമല്ല. കെട്ടിട ഉടമയ്ക്ക് അനർഹമായി ആനുകൂല്യം അനുവദിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

കരാർ കാലാവധിയായ 15.06.2021നു ശേഷവും പ്രസ്തുത നിർമ്മിതി ഉപയോഗിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനെതിരെ നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി (നം.34തീയതി 20.07.2022) മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടി നൽകിയില്ല. ഭൌതിക പരിശോധനയിൽ, പ്രസ്തുത കെട്ടിടം നിലവിലില്ലാ എന്ന് ബോദ്ധ്യപ്പെട്ടു. നിർണ്ണയിച്ച നികുതി, കെട്ടിട ഉടമയിൽനിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിൽ അപാകത

ശ്രീ മഹേഷ് കുമാർ ആന്റ് മഞ്ജുഷ, എള്ളുംവിളയിൽ, കരുവാറ്റ, അടൂർ എന്ന വ്യക്തി പെരിങ്ങനാട് വില്ലേജിൽ സർവ്വേ നം.162/20ൽ നിർമ്മിച്ചിട്ടുള്ള കെട്ടിടം ഒരു അനധികൃത നിർമ്മാണമാണെന്ന്, നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് 2018ൽ തയ്യാറാക്കിയ രജിസ്റ്ററിലെ പേജ് നം. 234ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ, ഈ കെട്ടിടത്തിന്റെ നിർമ്മാണം 14.04.2022ൽ പൂർത്തിയാക്കിയെന്നു കാണിച്ചാണ് ഉടമ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടം റെഗുലറൈസ് ചെയ്ത് 19.07.2022ൽ BA-84/22-23-ാം നമ്പരായി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

വസ്തുനികുതി പുനർ നിർണ്ണയത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണത്തിനായി നഗരസഭാ സെക്രട്ടറി 30.01.2018ലെ R1-2417/11-ാം നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരെ നിയോഗിച്ചിരുന്നു. ജീവനക്കാർ നേരിട്ട് ശേഖരിച്ച വിവരങ്ങൾ പ്രകാരമാണ് പ്രസ്തുത കെട്ടിടം ഒരു അനധികൃത നിർമ്മാണമായി കണ്ടെത്തിയതും U/A രജിസ്റ്ററിൽ രേഖപ്പെടുത്തിയതും. വർഷങ്ങൾക്കു മുൻപുതന്നെ നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നതാണ് ഈ കെട്ടിടമെന്ന് വ്യക്തമാണ്.

പെർമിറ്റ് എടുക്കാതെ കെട്ടിട നിർമ്മാണം നടത്തിയപ്പോഴും, നിയമ ലംഘനം 2018ൽ ശ്രദ്ധയിൽപ്പെട്ടപ്പോഴും

നഗരസഭ നിയമപരമായ യാതൊരു നടപടിയും സ്വീകരിച്ചില്ല. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ തീയതിമുതൽ കെട്ടിടത്തിന്റെ യഥാർത്ഥത്തിലുള്ള വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി നൽകുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണെന്ന് പ്രസ്തുത വകുപ്പ് നിഷ്കർഷിക്കുന്നു. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി, വസ്തുനികുതി ഈടാക്കേണ്ടതാണെന്ന് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

എന്നാൽ നിയമപരമായ ഈ നടപടിക്രമങ്ങൾ പാലിക്കാതിരിക്കുകയും, വർഷങ്ങൾക്കുശേഷം 2022ൽ ഈ കെട്ടിടത്തെ ഒരു പുതിയ നിർമ്മാണമായി കണക്കാക്കി ഒക്യുപ്പൻസി നൽകുകയും ചെയ്തത് ക്രമവിരുദ്ധമായ നടപടിയാണ്. കൂടാതെ, അനധികൃത നിർമ്മാണം എന്ന നിലയ്ക്ക്, കെട്ടിടം നിർമ്മിച്ച കാലം മുതൽ ഇന്നുവരെ 242-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുകയും ചെയ്തു.

ഇതു സംബന്ധിച്ച് 22.07.2022ൽ ഓഡിറ്റ് എൻക്വയറി (നം.53) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 അനധികൃത കെട്ടിടങ്ങൾ - ക്രമവൽക്കരണം നിരീക്ഷിക്കുന്നില്ല - രജിസ്റ്റർ അപൂർണ്ണം

നഗരസഭയിലെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ അപൂർണ്ണമാണ്. 2018ൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്താൻ താത്കാലിക രജിസ്റ്ററാണ് ഇപ്പോഴും ഉപയോഗിച്ചുവരുന്നത്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 29ൽ പറഞ്ഞിട്ടുള്ള പ്രകാരം ഫോം നം.10ലുള്ള രജിസ്റ്ററല്ല ഉപയോഗിച്ചിരിക്കുന്നത്. ഒരു കെട്ടിടം അനധികൃതമാണെന്ന് കണ്ടെത്തിയാൽ ആ വിവരം രേഖപ്പെടുത്തുന്നതുമുതൽ അതിന്റെ നിയമാനുസൃത തീർപ്പാക്കൽ വരെയുള്ള ഘട്ടങ്ങൾ രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

830 അനധികൃത കെട്ടിടങ്ങളുടെ വിവരം നഗരസഭയിലെ U/Aരജിസ്റ്ററിലുണ്ടെങ്കിലും, കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിലകളുടെ എണ്ണം, ഭൂമി സംബന്ധമായ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിലും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ലഭ്യമായ വിവരങ്ങളോടൊപ്പം സാദ്ധ്യമായ മറ്റ് വിശദാംശങ്ങളുംകൂടി ഉൾപ്പെടുത്തി, സഞ്ചയ കാലികമാക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച 2011 ലെ ചട്ടത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-22 വസ്തുനികുതി നിർണ്ണയത്തിൽ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നില്ല

നഗരസഭാ പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച്, 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കൽ, നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയം, അനധികൃത നിർമ്മാണങ്ങളുടെ ക്രമവർക്കരണം എന്നിവ സംബന്ധിച്ച് നിയമത്തിലും ചട്ടങ്ങളിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നത് നികുതിച്ചോർച്ചയ്ക്കിടയാക്കുന്നു. കെട്ടിടങ്ങളുടെ വിനിയോഗഗണം, പ്ലിന്ത് ഏരിയ, തറനിർമ്മിതി, മേഖല, റോഡിന്റെ സാമീപ്യം മുതലായവയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിനും ഇളവുകൾ/ വർദ്ധനവ് എന്നിവ ഏർപ്പെടുത്തുന്നതിനും നിയതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ചട്ടങ്ങൾ നിലവിലുണ്ടെങ്കിലും ചില അവസരങ്ങളിൽ അവ മറികടന്ന് നികുതി നിർണ്ണയിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടു. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു; നികുതിയിൽ കുറവുണ്ടായി

കെട്ടിട ഉടമകൾ വാണിജ്യാവശ്യത്തിനുള്ള വലിയ കെട്ടിടങ്ങളെ സൗകര്യാർത്ഥം ഒന്നിലധികം മുറികളായി തിരിക്കുന്നത് കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം അനുവദനീയമാണ്. എന്നാൽ ഓരോ മുറിക്കും പ്രത്യേകം വസ്തുനികുതി നിശ്ചയിക്കുന്നതിനു നിയമത്തിൽ വ്യവസ്ഥയില്ല. ഇപ്രകാരം ചെയ്യുന്നത് നികുതി കുറയാൻ ഇടയാക്കും. എന്നാൽ നിയമം മറികടന്ന്, വലിയ കെട്ടിടങ്ങളെ വിഭജിച്ച്, ഓരോ ഭാഗത്തിനും പ്രത്യേകം നികുതി നിർണ്ണയം നടത്തിയതിനാൽ നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടായി. ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗക്രമങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233(9) വകുപ്പ് പറയുന്നു.

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അടൂർ നഗരസഭാ പ്രദേശത്തെ 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 65 രൂപയും, 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 90രൂപയുമാണ്. ഈ ആനുകൂല്യം ലഭിക്കുന്നതിനായി, വലിയ കെട്ടിടങ്ങൾ വിഭജിച്ച് കെട്ടിട നമ്പർ നൽകിയതുമൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച നികുതി (ഇളവ്/ വർദ്ധനവ് ഒഴികെ) @65/m2 | നിർണ്ണയിക്കേണ്ട നികുതി (ഇളവ്/ വർദ്ധനവ് ഒഴികെ) @90/m2 | നിർണ്ണ-യിച്ചതിൽ കുറവ് (ഇളവ്/ വർദ്ധനവ് ഒഴികെ) |
|---|---|---|---|---|---|---|
| 1 | ഷീജ എൽ | XX1V/178,179 | 81.2+40.85= 122.05 | 7933.25 | 10984.5 | 3051.25 |
| 2 | കെ ജോൺ മാത്യു | XX1V/330,331,332 | 40+40+40 =120 | 7800 | 10800 | 3000 |
| 3 | എബി ജോൺ മാത്യു | XX1V/333,334,335 | 95.16+47.58+ 114.5= 257.24 | 16720.6 | 23151.6 | 6431 |
| 4 | അലക്സ് പി മാത്യു, അജു പി മാത്യു | XXIV/341, 342, 343 | 64.35+78.39+ 15.4=158.14 | 10279.1 | 14232.6 | 3953.5 |
| 5 | എബി ജോർജ്ജ് | XXIV/355 To 359 | 64.44+19+19+ 38.93+ 64.44=205.81 | 13377.65 | 18522.9 | 5145.25 |
| 6 | തോമസ് മോനച്ചൻ | XXIV/ 683,684,685 | 59.14+74.39+ 56.16=189.69 | 12329.85 | 17072.1 | 4742.25 |
| 7 | എസ് കെ എബ്രഹാം | XXIV/ 747,748 | 123.79+123.79= 247.58 | 16092.7 | 22282.2 | 6189.5 |
| 8 | ഷാലു തോമസ് | XXIV/991,992 | 60.35+60.35=120.7 | 7845.5 | 10863 | 3017.5 |
| 7 | ബിജി കെ | XXIV/1010,1011 | 53.03+53.03= 106.06 | 6893.9 | 9545.4 | 2651.5 |
| 8 | ബീന അലക്സാണ്ടർ | XXIV/1149,1150 | 79.69+121.43= 201.12 | 13072.8 | 18100.8 | 5028 |
| 9 | റ്റി ഇ പാപ്പച്ചൻ | XXIV/1214,1215,1216 | 59.06+86.27+ 65.46=210.79 | 13701.35 | 18971.1 | 5269.75 |
| 10 | കെ എ ഷാജി | XXIV/ 1343, 1344 | 92.87+99.43= 192.3 | 12499.5 | 17307 | 4807.5 |
| 11 | പ്രവീൺ കുമാർ | XXIV/ 1157 | 136.69 | 8884.85 | 12302.1 | 3417.25 |
| 12 | എംഎം സജി & ഷേർലി സജി | XXIV/1376,1377, 1378,1379 | 84.2+40.5+ 10.54+5=140.24 | 9115.6 | 12621.6 | 3506 |

ഇതു സംബന്ധിച്ച് 22.07.2022ൽ ഓഡിറ്റ് എൻക്വയറി (നം.33) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പ്ലിന്ത് ഏരിയ പരിഗണിക്കാതെ നികുതി സ്ലാബ് നിശ്ചയിച്ചു

100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 65 രൂപയും, 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 90രൂപയുമാണ്. എന്നാൽ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയയ്ക്ക് ബാധകമായ നിരക്കിലല്ല അവയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | ബാധകമായ നികുതി @90/m2 | നികുതി നിർണ്ണയിച്ചത് @65/m2 | കുറവ് |
|---|---|---|---|---|---|
| എസ് കെ എബ്രഹാം | XXIV/ 747,748 | 123.79+123.79= 247.58 | 22282.2 | 16092.7 | 6189.5 |
| ഷാന്റി വർഗ്ഗീസ് & സ്മിത ഷാന്റി | XXIV/ 1390 | 207.74 | 18696.6 | 13503.1 | 5193.5 |
| റ്റി.കെ.അലക്സാണ്ടർ | XV/612 | 110m2 | 9900 | 7150 | 2750 |

ഇതു സംബന്ധിച്ച് 22.07.2022ൽ ഓഡിറ്റ് എൻക്വയറി (നം.31) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തു നികുതിയിൽ വർധന വരുത്തിയില്ല

തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് ഏർപ്പെടുത്താതിരിക്കുന്നതുമൂലം നികുതി നഷ്ടമുണ്ടാകുന്നു.

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിരിക്കുന്ന, 250ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ സംഗതിയിൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ലെ പട്ടിക 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം നികുതി വർദ്ധവ് വരുത്താത്ത കെട്ടിടങ്ങളുള്ളതായിപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം (ച.മീ.) | നികുതി നഷ്ടം [10%സേവന ഉപനികുതി, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ] |
|---|---|---|---|---|
| 1. | 25/359മുതൽ 25/369വരെ | ശ്രീമതി ഷീല വർഗ്ഗീസ് | 1295.848 | 1295.848×130×15÷100 = 25269 +2315= 27584 |
| 2 | 27/425,426, 427, 428 | ശ്രീ ബദറുദ്ദീൻ & ജസീന ബദറുദ്ദീൻ | 688.67 | 688.67×130×15÷100 = 13429+2014 = 15443 |
| 3 | 27/631,632, 633,634 | ശ്രീ തോമസ് മത്തായി | 287.92 | 287.92×130×15÷100 = 5614+842 = 6456 |
| 4 | 15/448, 449, 450, 451, 452, 454, 455, 458, 459, 460, 461, 462, 463 | ശ്രീ കബീർ | 791.5 | 791.5×130×15÷100 = 15434+2315 = 17749 |
| 5 | 24/1367 | ശ്രീ പി എ മുഹമ്മദ് സുൽഫിക്കർ, ശ്രീ അലിഫ് റ്റി | 227.21 | 227.21×130×15÷100= 5095 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.26/19.07.22, നം.40/21.07.22) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 കൂട്ടിച്ചേർത്ത കെട്ടിടഭാഗത്തിന് കുറഞ്ഞ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

നിലവിലുള്ള കെട്ടിടത്തോടൊപ്പം അതേ ഉപയോഗക്രമമുള്ള കെട്ടിടഭാഗം നിർമ്മിക്കുമ്പോൾ, കൂട്ടിച്ചേർത്ത ഭാഗത്തിന്, ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കുന്നില്ല. രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 24-ാം വാർഡിൽ 534/1-4,1-2,1-5 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് ശ്രീ ഉമ്മൻ വർഗ്ഗീസ്, ശ്രീമതി റാഹേലമ്മ എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന് ചുവടെ പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം | പ്ലിന്ത് ഏരിയ (ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (ഇളവുകൾക്കും വർദ്ധനവിനും ശേഷം) |
|---|---|---|
| 1397 | 111.54 | 11043 (@90/m2) |
| 1398 | 212.06 | 34450 (@130/m2) |
| 1399 | 277.86 | 42917 (@130/m2) |

1398, 1399 എന്നീ നമ്പരുകളിലുള്ളത് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങളാണ്. 200ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 130എന്ന നിരക്കിൽ നികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പുതുതായി നിർമ്മിച്ച 1397-ാം നമ്പർ കെട്ടിടം മേൽപ്പറഞ്ഞ നമ്പരുകളിലുള്ള കെട്ടിടത്തിന്റെ ഭാഗവും അതേ ഉപയോഗക്രമവുമാണെങ്കിലും ച.മീറ്ററിന് 130രൂപ എന്ന നിരക്കിന്റെ സ്ഥാനത്ത് 90രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

2. ശ്രീമതി ഷീല വർഗ്ഗീസ്, കോയിക്കൽ പുത്തൻവീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള, 25/359മുതൽ 25/369വരെ നമ്പരുകളിലുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1295.848 ച.മീറ്ററാണ്. ഇതിന് 130/m2നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കെട്ടിടത്തിന് അനുബന്ധമായി നിർമ്മിച്ച, ഇതേ ഉപയോഗക്രമമുള്ള 25/406-ാം നമ്പർ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 260ച.മീറ്ററാണ്. ഇതിന് 130/m2 എന്ന നിരക്കിനു പകരം 90/m2നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. അതിനാൽ നികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി (നം. 32/19.07.2022 & 41/21.07.2022) മുഖേന വിഷയം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 233(9) പ്രകാരം നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-27 നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിനു വരുത്തുന്ന മാറ്റങ്ങൾ നഗരസഭ പരിശോധിക്കുന്നില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും പാലിക്കുന്നില്ല.

ഉദാഹരണത്തിന്, നികുതി നിർണ്ണയത്തിനു ശേഷം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരം കെട്ടിട ഉടമകൾ നഗരസഭയിൽ രേഖാമൂലം അറിയിക്കാത്ത സാഹചര്യത്തിൽ, നഗരസഭ നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിക്കണമെന്നും, വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കണമെന്നും ചട്ടം 17.2 ൽ നിർദ്ദേശമുണ്ട്. 2018ൽ ഇപ്രകാരമൊരു പരിശോധനയും വിവര ശേഖരണവും നടത്തിയെങ്കിലും അത് സമഗ്രമായിരുന്നില്ല. പിന്നീട് നാളിതുവരെ ഇത്തരമൊരു പരിശോധനയ്ക്ക് നഗരസഭ തയ്യാറായിട്ടില്ല. കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കണമെന്ന ചട്ടം (17.4) നടപ്പാക്കിയില്ല. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾ നികുതി നിർണ്ണയിച്ചതിനുശേഷം സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ചിട്ടില്ല.

നികുതിച്ചോർച്ച ഒഴിവാക്കുന്നതിന് ചട്ടപ്രകാരമുള്ള പരിശോധനയും തുടർനടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-28 നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയത്തിലെ അപാകതകൾ

വാർഷിക വാടകമൂല്യം അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ചിരുന്ന, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തുനികുതിച്ചട്ടപ്രകാരം തറവിസ്തീർണ്ണത്തിന്ആനുപാതികമായി നികുതി പുനർ നിർണ്ണയിക്കുമ്പോൾ, നിലവിലുള്ള നികുതിയിൽനിന്നും 100ശതമാനം വരെ വർദ്ധനവ് അനുവദനീയമാണ്. എന്നാൽ ഇവയ്ക്ക് തറവിസ്തീർണ്ണം അനുസരിച്ച് യഥാർത്ഥത്തിൽ ബാധകമാക്കേണ്ട പുതുക്കിയ നികുതി നിരക്കിനെക്കാൾ കുറഞ്ഞ

നിരക്ക് ഏർപ്പെടുത്തിയതുമൂലം നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്,

ജോൺ തരകൾ, ചിറ്റുണ്ടയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള Xxiv/1435 നമ്പർ വാണിജ്യ കെട്ടിടത്തിന് 106.98 ച.മീറ്റർ വിസ്തീർണ്ണമുണ്ട്. വാർഷിക വാടകമൂല്യം അനുസരിച്ച് നികുതി 4682രൂപയായിരുന്നു. നികുതി പുനർ നിർണ്ണയിക്കുമ്പോൾ 100% അതായത്, 9364 രൂപയിൽ കവിയരുതെന്നാണ് വ്യവസ്ഥ. 12 വർഷം പഴക്കമുള്ള ഈ കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്. റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും ഉണ്ട്. ച.മീറ്ററിന് ₹65 പ്രകാരം 7650 രൂപ അടിസ്ഥാന വസ്തുനികുതി നിശ്ചയിച്ചു. 10% സേവന ഉപനികുതി, 5% ലൈബ്രറി സെസ്സ് (765+383) ഉൾപ്പെടെ 8798 രൂപയാണ് പുതുക്കിയ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

106.98ച.മീറ്റർ വിസ്തീർണ്ണമുള്ളതിനാൽ ഇതിന് ബാധകമായ 90/m2 നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. അപ്രകാരം ചെയ്തിരുന്നെങ്കിൽ 12180 രൂപയാകുമായിരുന്നു നികുതി. വർദ്ധനവ് 100% എന്ന് പരിമിതപ്പെടുത്തിയാൽ 9364 രൂപയായി പുതുക്കി നിർണ്ണയിക്കേണ്ട സ്ഥാനത്ത് 8798 എന്ന് നിശ്ചയിച്ചതുമൂലം 566 രൂപ കുറവായിട്ടാണ് നികുതി ഡിമാൻഡ് ചെയ്തിരിക്കുന്നത്.

നികുതി പുനർനിർണ്ണയത്തിലെ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-29 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഡിമാൻഡ് ചെയ്യുന്നില്ല. അതിനാൽ ഇവയുടെ നികുതി കുടിശ്ശികയാണ്. ചുവടെ പറയുന്ന ടവറുകളുടെ വസ്തുനികുതി കുടിശ്ശികയെപ്പറ്റി 2019-20സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

| ക്രമ നം. | മൊബൈൽടവറുകളുടെ വിശദാംശം | വാർഡ് നമ്പർ/ കെട്ടിട നമ്പർ |
|---|---|---|
| 1 | വയർലെസ് ടി.ടി. ഇൻഫോ സർവ്വീസ് | 15/492(5) |
| 2 | വയർലെസ് ടിടി ഇൻഫോ സർവ്വീസ് | 20/175(5) |
| 3 | മാനേജർ, എ.എസ്. ഭാരതി ലിമിറ്റഡ്, മാറാട് പി.ഒ., കൊച്ചി | 7/44(1) |
| 4 | മാനേജർ, ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 18/379(1) |
| 5 | ഇൻഡസ് ടവർ ലിമിറ്റഡ് | 17/1442(14) |
| 6 | ഇൻഫ്രാ ടെൽ ലിമിറ്റഡ് | 11/540(2) |

എന്നാൽ ഓഡിറ്റ് പരാമർശത്തിന്മേൽ നഗരസഭ തുടർനടപടി സ്വീകരിച്ചില്ല.

## 1-30 വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ

17, 20 വാർഡുകളിൽ ഓരോ മൊബൈൽ ടവർ വീതം ഉണ്ടെന്നും, ഇവയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലായെന്നും 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം.1-19 ൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത ടവറുകളുടെ നികുതി നിർണ്ണയം നടത്തിയിട്ടില്ലെന്ന് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. പ്രസ്തുത ടവറുകൾക്ക് നികുതി ഏർപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി (45/21.07.22) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

രണ്ട് ടവറുകളുടെയും നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 സർക്കാർ സ്ഥാപനങ്ങൾ വസ്തുനികുതി അടവാക്കുന്നില്ല

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സർക്കാർ സ്ഥാപനങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള/നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| വാർഡ് നം./കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി | ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് |
|---|---|---|---|
| X/243-251 | കേരള വാട്ടർ അതോറിറ്റി - വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | 90455 | 2003-04 മുതൽ |
| IV/160-191 | പോലീസ് ഇൻസ്പെക്ടറുടെ കാര്യാലയം, അടൂർ | 5184 | 2005-06 മുതൽ |

| | | | |
|---|---|---|---|
| VII/465 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പറക്കോട് | 3276 | 2003-04 മുതൽ |
| XVII/1108-1109 1112-1116 | മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 3456 | 2003-04 മുതൽ |
| XVII/1111(1) | മെഡിക്കൽ ഓഫീസർ, സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ | 725 | 2012-13 മുതൽ |
| XV/253, 254,255 | പി.ഡബ്ല്യൂ.ഡി. റോഡ്സ് സബ് ഡിവിഷൻ, അടൂർ | 771 | 2003-04 മുതൽ |
| XVII/1110, 1111 | മാനേജിംഗ് ഡയറക്ടർ, കേരള ഹെൽത്ത് റിസർച്ച് സെന്റർ | 1176 | 2015-16 മുതൽ |

ഇതു സംബന്ധിച്ച് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിൽനിന്ന് നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 വാടക- കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വാടകകുടിശ്ശികയിനത്തിൽ 1371268 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 03.11.2020-ലെ 14-ം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2020-21 വർഷത്തിൽ 2 മാസത്തെ വാടക ഇളവ് ചെയ്ത് നൽകിയിട്ടുള്ളതാണ്. 2020-21 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, അരിയർ രജിസ്റ്റർ എന്നിവ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | കടമുറി നം. | വാടകക്കാരുടെ വിവരങ്ങൾ | മാസ വാടക | കുടിശ്ശിക കാലയളവ് | ആകെ തുക |
|---|---|---|---|---|---|
| അനന്തരാമപുരം ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1 | 5 | എൻ തുളസീധരൻ, കൊച്ചുചിറക്കരയിൽ | 735 | 03/2021 | 735 |
| 2 | 22 | സലിം, ചാമവിളയിൽ | 8691 | 01/2021-03/2021 | 26073 |
| 3 | 35 | ബാലൻ, കുറ്റിയിൽ | 2827 | 09/2020-03/2021 | 19789 |
| 4 | 36 | മനോഹരൻ, മലമുറ്റത്ത് | 2828 | 09/2020-03/2021 | 19796 |
| 5 | 37 | അബ്ദുൾസലാം, ബാവാ മൻസിൽ | 2291 | 09/2020-03/2021 | 16037 |
| 6 | 38 | പി എൻ വി മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 2542 | 09/2020-03/2021 | 17794 |
| 7 | 39 | പി എൻ വി മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 2259 | 09/2020-03/2021 | 15813 |
| 8 | 40 | പി എൻ വി മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 2348 | 09/2020-03/2021 | 16436 |
| 9 | 45 | പി തങ്കച്ചൻ, പുത്തൻ വിളയിൽ | 2652<br>2785 | 08/2019-03/2020<br>06/2020-03/2021 | 21216<br>27850 |
| 10 | 48 | അബ്ദുൾ ഷുഹൈബ്, ഷുഹൈബ് മൻസിൽ | 8087 | 06/2020-03/2021 | 80870 |
| 11 | 49 | സലിം കുട്ടി, അജാസ് മൻസിൽ | 6930<br>7277<br>7641 | 12/2017-03/2018<br>04/2018-03/2019<br>04/2019-03/2020 | 27720<br>87324<br>91692 |

| | | | | | |
|---|---|---|---|---|---|
| | | | 8023 | 06/2020-03/2021 | 80230 |
| 12 | 58 | തോമസ് ജോർജ്ജ്, കലതി വിളയിൽ | 805<br>845 | 02/2020-03/2020<br>06/2020-03/2021 | 1610<br>8450 |
| 13 | 75 | സുഭാഷ്, ഇടതുണ്ടിൽ | 8400 | 09/2020-03/2021 | 58800 |
| 14 | 83 | കെ രഘു, തയ്യിൽ വീട് | 504<br>529 | 01/2020-03/2020<br>06/2020-03/2021 | 1512<br>5290 |
| 15 | 102 | മുഹമ്മദലി, മുഹമ്മദ് മൻസിൽ | 1255 | 10/2020-03/2021 | 7530 |
| 16 | 104 | ആസിഫ്,ഉടയാൻവിള പുത്തൻവീട് | 813<br>854<br>897 | 11/2018-03/2019<br>04/2019-03/2020<br>06/2020-03/2021 | 4065<br>10248<br>8970 |
| 17 | 109 | സുനിൽ കുമാർ, നിലമേൽ തെക്കേക്കര | 2666 | 06/2020-03/2021 | 26660 |
| 18 | 110 | കാർത്യായനി, പുല്ലേലികോണത്ത് | 1758 | 09/2020-03/2021 | 12306 |
| 19 | 115 | സുഭാഷ് ബഷീർ, കുളപ്പുറത്ത് വീട് | 15750<br>16538 | 08/2019-03/2020<br>06/2020-03/2021 | 126000<br>165380 |
| 20 | 134 | മനോജ് കുമാർ, വിനോദ് ഭവൻ | 898<br>943<br>990 | 04/2018-03/2019<br>04/2019-03/2020<br>09/2020-03/2021 | 10776<br>11316<br>6930 |
| 21 | 136 | മനോജ് കുമാർ, വിനോദ് ഭവൻ | 898<br>943<br>990 | 04/2018-03/2019<br>04/2019-03/2020<br>09/2020-03/2021 | 10776<br>11316<br>6930 |
| ശ്രീമൂലം ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 22 | 4 | ആനി, പുലിച്ചാണിയിൽ | 7500<br>7875<br>8269 | 02/2019-03/2019<br>05/2019-03/2020<br>06/2020-03/2021 | 15000<br>86625<br>82690 |
| 23 | 15 | വി എസ് യശോധരപണിക്കർ, വടക്കേക്കര പുത്തൻവീട് | 397<br>417 | 06/2019-03/2020<br>06/2020-03/2021 | 3970<br>4170 |
| 24 | 27 | ബിജയ് തോമസ്, താവളത്തിൽ | 4000<br>4200 | 05/2019-03/2020<br>06/2020-03/2021 | 44000<br>42000 |
| സെൻട്രൽ ടോൾ | | | | | |
| 25 | 4 | ജയകുമാർ,വലിയവീട് | 16191 | 01/2021-03/2021 | 48573 |
| | | ആകെ | | | 1371268 |

കുടിശ്ശിക അടവാക്കാത്ത വ്യക്തികൾക്ക് തന്നെ വീണ്ടും വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48/22.07.2022) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് നോട്ടീസ് നല്കി നടപടി സ്വീകരിച്ചതായും വർഷങ്ങളായി കുടിശ്ശികയുള്ള കടമുറികൾ പൂട്ടിയെടുത്ത് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ബന്ധപ്പെട്ട നികുതികൾ സഹിതം ഈടാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ വാടക അടവാക്കാത്ത വ്യക്തികൾക്ക് തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല. നിയമ പ്രകാരം കരാർ ചമച്ച് വാടക ലൈസൻസ് പുതുക്കി നൽകേണ്ടതും വാടകക്കുടിശ്ശിക വരുത്തുന്നവർക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിലവിൽ ആരംഭിച്ചിട്ടുള്ള റിക്കവറി നടപടികൾ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി തുടർനിരീക്ഷണം നടത്തേണ്ടതാണ്.

## 1-33 മാനദണ്ഡം ഇല്ലാതെ ഉദ്യോഗസ്ഥർക്ക് മുൻകൂർ അനുവദിക്കുന്നു; ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ കൃത്യമായ വിവരം ലഭ്യമല്ല

നഗരസഭയിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം 17,93,785 രൂപയാണ്(Standing Advance Rs. 17,27,336 + Miscellaneous Advance Rs.66449) 2020-21 വർഷാന്ത്യത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നത്. അഡ്വാൻസ് രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണവും, കൃത്യവുമല്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. 2015-16-ൽ എഴുതി തയ്യാറാക്കിയ ഒരു രജിസ്റ്ററാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ 2000-2001 മുതൽ നൽകിയിട്ടുള്ള മുൻകൂറുകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിവരം ചേർത്തിരിക്കുന്നു. മുമ്പുണ്ടായിരുന്ന (2009-10-ൽ തയ്യാറാക്കിയിട്ടുള്ളത്) രജിസ്റ്ററിൽനിന്നും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് എഴുതിയപ്പോൾ ഫയൽ നമ്പർ, അഡ്വാൻസിന്റെ ഉദ്ദേശം, വൗച്ചർ നം., തീയതി മുതലായ വിവരങ്ങൾ വ്യക്തവും, സ്പഷ്ടവുമായി രേഖപ്പെടുത്തുകയോ, രേഖപ്പെടുത്തിയ വിവരങ്ങൾ ചുമതലപ്പെട്ടവർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ രജിസ്റ്ററിലെ വിവരങ്ങൾ കൃത്യവും ആധികാരകവുമാണെന്ന് കരുതുകവയ്യ. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ 2015-16 വർഷംവരെ കാലയളവിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ കൃത്യമായ കണക്ക് ഓഡിറ്റിന് ലഭ്യമായിട്ടില്ല.

നിലവിൽ പരിപാലിക്കുന്ന രജിസ്റ്റർ 2015-16-ൽ തുടങ്ങിയതാണെങ്കിലും, ആ വർഷത്തെ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല. ഒന്നു മുതൽ പത്തുവരെ ക്രമനമ്പരിലുള്ള അഡ്വാൻസുകളുടെ വിവരം ചേർത്തിരിക്കുന്നത് തൊട്ടു മുമ്പുള്ള രജിസ്റ്ററിലാണ്. ആ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല.

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2015-16 മുതൽ 2020-21 വരെ കാലയളവിൽ നൽകിയിട്ടുള്ള അഡ്വാൻസുകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് | വൌച്ചർ നം. | തുക | മുൻകൂറിന്റ ഉദ്ദേശം |
|---|---|---|---|---|---|
| 2015-16 | | | | | |
| 1 | E1-6354/15 | ശ്രീമതി റ്റി.പി. ബിന്ദു, ഓവർസീയർ Gr.II | 80/8-15 | 1000 | നഗരസഭാ വാഹനത്തിൽ ഡീസൽ ഫിൽറ്റർ ഫിറ്റ് ചെയ്യുന്നതിന് |
| 2 | E1-7660/13 | ശ്രീമതി റ്റി.പി. ബിന്ദു, ഓവർസീയർ Gr.II | 51/9-15 | 4000 | വാഹനത്തിന്റെ എ.സി. തകരാർ പരിഹരിക്കുന്നതിന് |
| 3 | E1-7281/15 | ശ്രീ സി.എസ്.ശിവപ്രസാദ്, ME | 17/10-15 | 25000 | ഓഫീസ് റൂഫിംഗ് - ശിലാ ഫലകം സ്ഥാപിക്കൽ |
| 4 | E1-7277/15 | ശ്രീ സി.എസ്.ശിവപ്രസാദ്, ME | 18/10-15 | 25000 | പറക്കോട് ഷോപ്പിംഗ് കോംപ്ലക്സ് - ശിലാ ഫലകം സ്ഥാപിക്കൽ |
| 5 | E1-4313/15 | ശ്രീമതി പി.വി. സോളി, ഓവർസീയർ II | 66/12-15 | 30000 | ശുചീകരണ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മാണം |
| 6 | G2/10124/99 II | ശ്രീ ദിനേശ് എസ്. ചീരത്തോട് | 105/12-15 | 3000 | കലണ്ടർ അറ്റന്റൻസ് രജിസ്റ്റർ എന്നിവ വാങ്ങുന്നതിന് |
| 7 | G2/3370/09 | ശ്രീ ദിനേശ് എസ്. ചീരത്തോട് | 25/01-16 | 12000 | മേശവിരി, ടർക്കി, ടീ കപ്പ് എന്നിവ വാങ്ങുന്നതിന് |
| 2016-17 | | | | | |

| | | | | | |
|---|---|---|---|---|---|
| 8 | E2-5526/16 | ശ്രീ സി.എസ്. ശിവപ്രസാദ്, ME | 66/7-16 | 8000 | അടൂർ പ്രൈവറ്റ് ബസ് സ്റ്റാന്റ് അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് |
| 9 | E2-6914/16 | ശ്രീ സി.എസ്. ശിവപ്രസാദ്, ME | 57/10-16 | 3000 | അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് |
| 10 | E1-5100/04 Vol.II | ശ്രീ കെ.ആർ. മനോജ് കുമാർ, സൂപ്രണ്ട് | 46/2-17 | 5000 | പ്രൈവറ്റ് ബസ് സ്റ്റാന്റ് വസ്തു നികുതി വില്ലേജിൽ ഒടുക്കുന്നതിനായി |
| 11 | H1-1321/17 | ശ്രീ സി.എസ്. ശിവപ്രസാദ്, ME | 53/2-17 | 20000 | 23-ാം വാർഡ് അയ്യപ്പൻപാറ പൊതുകിണർ, അങ്കണവാടി കിണർ എന്നിവ വൃത്തിയാക്കുന്നതിന് |
| 2017-18 | | | | | |
| 12 | H2/1653/16 | ശ്രീ അരുൺകുമാർ എസ്., ക്ലാർക്ക് | 57/4-17 | 31400 | ലൈബ്രറി പുസ്തകം വാങ്ങുന്നതിനായി |
| 13 | E1-3905/17 | ശ്രീ സി.എസ്.ശിവപ്രസാദ്, ME | 77/5-17 | 15000 | പള്ളിക്കലാറിന്റെ നവീകരണം |
| 14 | E1/74714/17 | ശ്രീ നിയാസ് അലി എം., ഓവർസീയർ | 87/8-17 | 100000 | നഗരസഭാ ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് ശിലാസ്ഥാപനത്തിന്റെ ചെലവുകൾക്കായി |
| 15 | E1-8134/17 | ശ്രീ സി.എസ്.ശിവപ്രസാദ്, ME | 46/9-17 | 35655 | പ്രീമെട്രിക് ഹോസ്റ്റലിലേക്കുള്ള പൈപ്പ് ലൈൻ നന്നാക്കുന്നതിന് |
| 2018-19 | | | | | |
| 16 | E1-4245/18 | ശ്രീ സനീഷ് കുമാർ, ഓവർസീയർ | 40/6-18 | 16942 | ഓഫീസിലെ ട്യൂബുകളും, ലൈറ്റുകളും സ്ഥാപിക്കുന്നതിന് |
| 17 | E2-8664/17 | ശ്രീ റഫീക്ക് എം., ME | 44/17-18 | 14100 | അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിന് |
| 18 | H1-4540/2018 | ശ്രീ പുഷ്പകുമാർ, HI II | 67/10-18 | 6000 | വൃക്ഷങ്ങളുടെ അപകടകരമായ ശിഖിരങ്ങൾ മുറിച്ചുമാറ്റുന്നതിന് |
| 19 | H1-5846/2018 | ശ്രീ കെ. പുഷ്പകുമാർ, HI II | 38/12-18 | 8000 | പരാതിയുമായി ബന്ധപ്പെട്ട് തെങ്ങ് മുറിച്ചുമാറ്റുന്നതിന് |
| 20 | H1-9778/2018 | ശ്രീ വിനോദ് ജി., സൂപ്രണ്ട് | 58/02-19 | 40000 | 2019-20 ബഡ്ജറ്റ് പ്രാരംഭ ചെലവുകൾ |
| 21 | R3/E1/6793/16 | ശ്രീ അജിത് ബി., | 67/02-19 | 3000 | പുതിയ ബസ് |

| | | | | | |
|---|---|---|---|---|---|
| | | ഓവർസീയർ I | | | സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിൽ വാട്ടർ കണക്ഷൻ പുനസ്ഥാപിക്കൽ |
| 22 | G4-5425/2017 | ശ്രീ റഫീക്ക് എം., ME | 81/03-19 | 15000 | അനന്തരാമപുരം മാർക്കറ്റിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റൽ |
| 2019-20 | | | | | |
| 23 | E2/4173/2019 | ശ്രീ നിയാസ് അലി എം., ഓവർസീയർ | 36/06-19 | 40000 | ഠൌൺ യുപിഎസിന്റെ സംരക്ഷണഭിത്തിയിലെ അനധികൃത പരസ്യം മറച്ച് പെയിന്റ് ചെയ്യുന്നതിന് |
| 24 | R3/6448/16 | ശ്രീ വിനോദ് എം.പി., HI II | 46/08-19 | 20000 | 73-ാമത് സ്വാതന്ത്ര്യ ദിനാഘോഷം പരിപാടികളുടെ ചെലവുകൾക്കായി |
| 25 | -- | ശ്രീ വിനോദ് ജി., സൂപ്രണ്ട് | 47/12-19 | 5000 | സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിക്കുന്നതിനും അനുബന്ധ ചെലവുകൾക്കും |
| 26 | G2/3016/09 Vol.II | ശ്രീ നിക്സൺ പോൾ, സീനിയർ ക്ലാർക്ക് | 27/03-20 | 2500 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും സ്റ്റേഷനറി കൊണ്ടുവരുന്നതിന് |
| 27 | G7-8775/2019 | ശ്രീ കെ. പുഷ്പകുമാർ, HI II | 28/03-20 | 8000 | തോട്ടിൽ നിക്ഷേപിച്ച മാലിന്യം നീക്കം ചെയ്യുന്നതിന് |
| 2020-21 | | | | | |
| 28 | G5-209/2020 | ശ്രീ അരുൺകുമാർ എസ്. ക്ലാർക്ക് | 65/06-20 | 75000 | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട ചെലവുകൾക്ക് |
| 29 | R3-6448/16 | ശ്രീ വിനോദ് എം.വി. HI I | 49/08-20 | 10000 | 2020-ലെ സ്വാതന്ത്ര്യ ദിനാഘോഷം നടത്തിപ്പ് |
| 30 | H2-2825/2020 | ശ്രീമതി ഗീത സി. JHI-I | 26/09-20 | 80000 | കമ്മ്യൂണിറ്റി കിച്ചൺ തുടർ നടത്തിപ്പ് |
| 31 | G5-209/2020 | ശ്രീ അരുൺകുമാർ എസ്. ക്ലാർക്ക് | 09/12-20 | 75000 | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട ചെലവുകൾക്ക് |

| | | | | | |
|---|---|---|---|---|---|
| 32 | G5-209/2020 | ശ്രീ കെ. പുഷ്പകുമാർ, HI II | 22/12-20 | 50000 | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട ചെലവുകൾക്ക് |
| 33 | A1-9959/2020 | ശ്രീ വിനോദ് ജി, സൂപ്രണ്ട് | 32/02-21 | 40000 | 2020-21 വർഷത്തെ ബജറ്റ് അവതരണത്തിന്റെ പ്രാരംഭ ചെലവുകൾക്കായി |
| 34 | G5-209/2020 | ശ്രീ അരുൺകുമാർ എസ്. ക്ലാർക്ക് | 83/02-21 | 72000 | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട ചെലവുകൾക്ക് |
| 35 | G5-209/2020 | ശ്രീ അരുൺകുമാർ എസ്. ക്ലാർക്ക് | 84/02-21 | 100550 | 2020-ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പായി ബന്ധപ്പെട്ട ചെലവുകൾക്ക് |

ജീവനക്കാർക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് അഡ്വാൻസ് അനുവദിക്കുന്നത്. മുൻകൂർ നൽകാതെ നേരിട്ട് നടത്താവുന്ന ഇടപാടുകൾക്കുപോലും മുൻകൂർ നൽകി ജീവനക്കാരെ ഇടനില നിർത്തി നിർവ്വഹിക്കുന്ന തെറ്റായ കീഴ്‌വഴക്കം നഗരസഭയിൽ വർഷങ്ങളായി തുടർന്നു വരുന്നു. ഉദാഹരണമായി പെറ്റി വർക്കുകൾക്ക് നേരിട്ട് ചെലവു ചെയ്യാവുന്ന സന്ദർഭങ്ങളിൽ പോലും മുൻകൂർ നൽകി നിർവ്വഹിക്കുന്നു. അനിവാര്യമായ നടപടി ക്രമങ്ങൾ മറികടന്ന് ചെലവു ചെയ്യുന്നതിനും, കൈപ്പറ്റിയ മുൻകൂർ തുകയ്ക്ക് അനുസൃതമായി ചെലവ് ക്രമീകരിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ഇത് പ്രേരകമാകുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന അഡ്വാൻസ് തുകകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. മൂന്ന് മാസത്തിനുമേൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകകൾ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് 04.10.2011-ലെ ജി.ഒ.(പി.)419/11/ധന. ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ, റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കണമെന്ന് 24.07.2012-ലെ ധനവകുപ്പിന്റെ 43/12 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിലും, നിശ്ചിത സമയപരിധിക്കുള്ളിൽ മുൻകൂറുകൾ ക്രമീകരിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. കൂടാതെ മുൻകൂർ ക്രമീകരിക്കുന്നതിനായി ബന്ധപ്പെട്ട ജീവനക്കാർ ഹാജരാക്കുന്ന കാഷ് ബില്ലുകളും, വൗച്ചറുകളും അക്കൗണ്ട് സെക്ഷനിൽ പരിശോധിച്ച് പാസ്സാക്കിയത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തുന്നില്ല. ഹാജരാക്കുന്ന ചെലവ് രേഖകൾ അധികാരപ്പെട്ടവർ പാസ്സാക്കാതെ തുക ക്രമീകരിക്കുന്നത് ക്രമപ്രകാരമല്ല.

മുൻകൂർ നൽകി വർഷങ്ങളായി തുക ക്രമീകരിക്കാത്ത നിരവധി ജീവനക്കാർ ഇതിനോടകം സർവ്വീസിൽനിന്നും വിരമിക്കുകയോ, സ്ഥലംമാറ്റപ്പെടുകയോ ചെയ്തിട്ടുണ്ട്. വർഷങ്ങളായി മുൻകൂർ ക്രമീകരിക്കാതെ ഈ കാര്യാലയത്തിൽതന്നെ ജോലിയിൽ തുടരുന്ന ജീവനക്കാരിൽനിന്നു പോലും തുക തിരികെ ഈടാക്കാത്തത് ഇക്കാര്യത്തിൽ അധികൃതർ തുടരുന്ന അലംഭാവം വ്യക്തമാക്കുന്നു.

ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള മുൻകൂർ തുകകളിൽ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നവ 18% പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് കൃത്യമായി പരിപാലിക്കേണ്ടതും, വർഷാന്ത്യ ക്ലോസിംഗ് നടത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-34 പൊതുടാപ്പുകളുടെ വെള്ളക്കരം- 3.06 കോടി രൂപയുടെ ബാധ്യത

പൊതുടാപ്പുകളുടെ വെള്ളക്കരം കുടശ്ശിക നഗരസഭയ്ക്ക് വൻബാദ്ധ്യതയാവുകയാണ് 2022 ജൂൺ മാസത്തെ കണക്ക്

പ്രകാരം നഗരസഭയുടെ ബാധ്യത 3,06,28,145 രൂപയാണ്. 2014 മാർച്ച് വരെയുള്ള കുടിശ്ശിക 2013-14 ലെ പദ്ധതി മുഖേന പൂർണ്ണമായും ഒടുക്കി തീർപ്പാക്കിയിരുന്നു. എന്നാൽ 4/2014 മുതൽ 10/2016 വരെയുള്ള കാലയളവിൽ നഗരസഭ വെള്ളക്കരം ഒടുക്ക് വരുത്തിയിരുന്നില്ല. പ്രസ്തുത നടപടി കാരണം പലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശിക അനിയന്ത്രിതമായി പെരുകുന്നതിന് ഇടയാക്കി. നിലവിൽ അതാത് മാസത്തെ വെള്ളക്കരം മാത്രമാണ് ഒടുക്കി വരുന്നത്. ഓരോ മാസവും പലിശ, പിഴപ്പലിശ ഇനങ്ങളിലായി കുടിശ്ശിക ഗണ്യമായി വർദ്ധിക്കുന്നു.

2021 ഏപ്രിൽ മാസം വരെയും 555 ടാപ്പുകൾക്കാണ് പ്രതിമാസ വെള്ളക്കരം ഒടുക്കിയിരുന്നത്. തുടർന്ന് പ്രതിമാസം 437 ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കിവരുന്നത്. എപ്രകാരമാണ് ടാപ്പുകളുടെ എണ്ണത്തിൽ കുറവുണ്ടായതെന്ന് വ്യക്തമല്ല. സംയുക്ത പരിശോധന നടത്തിയതായുള്ള രേഖകളും ഫയലിൽ ഇല്ല. 2020-21-ൽ 5032156 രൂപയാണ് നഗരസഭ വാട്ടർചാർജ് ഒടുക്കുന്നതെന്നും വലിയ തുക വാട്ടർചാർജ് ഒടുക്കുമ്പോൾ കുടിവെള്ളം ലഭിക്കുന്ന ടാപ്പുകൾക്കാണ് ചാർജ് ഒടുക്കുന്നത്, ചെലവിലൂടെ നഗരസഭയുടെ പണം പാഴാകുന്നില്ല എന്നും ഉറപ്പാക്കാൻ സഹായിക്കുന്ന ജനകീയ മോണിട്ടറിംഗ് സംവിധാനങ്ങൾ നഗരസഭയിലില്ല. പൊതുടാപ്പുകളുടെ രജിസ്റ്റർ ഇല്ല. പൊതുടാപ്പുകൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണെന്നും ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ് എന്നും 14.2.2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/തസ്വഭവ നമ്പർ ആയി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഗാർഹിക കണക്ഷൻ വ്യാപകമാക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കേണ്ടതും പൊതുടാപ്പുകൾ പരിമിതപ്പെടുത്തേണ്ടതുമാണ്. നിലവിലുള്ള വൻബാദ്ധ്യത സർക്കാർ തലത്തിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഒഴിവാക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 സെൻട്രൽ പെൻഷൻ ഫണ്ട് ലഭിക്കുന്നില്ല-തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വിരമിച്ച നഗരസഭ ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ നൽകേണ്ട തുക 1996 ലെ കേരള മുനിസിപ്പാലിറ്റി Employees Death Cum Retirement Benefit ചട്ടങ്ങൾ, ചട്ടം 6 പ്രകാരം നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും, ഇതേ നിയമത്തിന്റെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിമാസ പെൻഷൻ വിതരണത്തിന് ഉപയോഗിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

1996 ലെ ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് തൻമാസം 15-ാം തീയതിക്ക് മുമ്പ് {ചട്ടം- 8(1)} സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

നഗരസഭയിൽ 35 റഗുലർ പെൻഷണർമാരാണ് നിലവിൽ ഉള്ളത്. പ്രതിമാസം 5,89,705/- രൂപയാണ് നിലവിൽ ഈയിനത്തിൽ വരുന്ന ചെലവ്. റെഗുലർ വിഭാഗത്തിന്റെ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് കൃത്യമായി അലോട്ട്മെന്റ് ലഭിക്കാത്തതുമൂലം തനത് ഫണ്ടിൽ നിന്നുമാണ് നിലവിൽ ആനുകൂല്യങ്ങൾ നൽകി വരുന്നത്.

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയതും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി നഗരസഭ ചെലവഴിച്ചതും ഫണ്ടിനത്തിൽ ലഭിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്, (നം.13/2020-21 തീയതി: 15-07-2022) 2016-17മുതൽ 2020-21 വരെയുള്ള കണക്കുകൾ ലഭ്യമാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയത് | നഗരസഭയ്ക്ക് ലഭിച്ച പെൻഷൻ അലോട്ട്മെന്റ് | റഗുലർ പെൻഷൻ ഇനത്തിൽ നഗരസഭയ്ക്ക് ചെലവായ തുക | മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്ക് ചെലവഴിച്ച തുക | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് (പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും) |
|---|---|---|---|---|---|
| 2016-17 | 1377322 | -- | 3742701 | 2565889 | 63,08,590 |
| 2017-18 | 1412315 | 4527145 | 4948972 | 1868861 | 68,17,833 |
| 2018-19 | 1311459 | 1178930 | 5307950 | -- | 41,29,020 |
| 2019-20 | 1171063 | -- | 5669220 | 10,17,719 | 66,86,939 |
| 2020-21 | 1360959 | 2428680 | 5638124 | -- | 32,09,444 |
| | ആകെ | | | | 2,71,51,826 |

2016-17 മുതൽ 2020-21 വരെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ വകയിൽ 2,71,51,826 രൂപ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കുവാനുണ്ട്. നഗരസഭ സെക്രട്ടറി 19-07-2021-ൽ നഗരകാര്യ ഡയറക്ടർക്ക് നൽകിയ കത്ത് പ്രകാരം 3,68,22,712 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിനത്തിൽ 4,59,42,061 രൂപ ലഭിക്കാനുണ്ട്. കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പെൻഷൻ ഫണ്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ (CFLTC)-വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സ.ഉ(സാധാ) നം. 1364/2020/തസ്വഭവ. തീയതി: 16-07-2020 പ്രകാരം കോവിഡ് -19 മായി ബന്ധപ്പെട്ട് കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ (CFLTC) രൂപീകരിക്കണമെന്നും ആയതിന്റെ സാമ്പത്തികം കൈകാര്യം ചെയ്യുന്നതിനായി ചെയർപേഴ്സൺ, നോഡൽ ഓഫീസർ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

അടൂർ നഗരസഭയിൽ സി.എഫ്.എൽ.റ്റി.സി.ക്കായി 28-08-2020-ൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ ചെയർപേഴ്സണൻ, നോഡൽ ഓഫീസർ (സൂപ്രണ്ട്) എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചു (A/c No. 400710105007655). 31-03-2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, പ്രസ്തുത അക്കൗണ്ടിൽ 45,41,087 രൂപയുടെ വരവും 45,27,009 രൂപയുടെ ചെലവും 14,078 രൂപ നീക്കിയിരിപ്പും ഉണ്ട്. സി.എഫ്.എൽ.റ്റി.സി. അക്കൗണ്ടിൽ നിന്ന് ചെലവു ചെയ്തതിന്റെ വൗച്ചറുകൾ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് | തുക (രൂ) | ചെലവ് | തുക(രൂ) |
|---|---|---|---|
| നഗരസഭ ഫണ്ടിൽ നിന്നും മാറ്റിയിട്ടത് | 10,00,000 | സി.എഫ്.എൽ.റ്റി.സി. ചെലവുകൾ | 45,27,009 |
| സർക്കാർ വിഹിതം ലഭിച്ചത് | 35,00,000 | | |
| പലിശയും മറ്റ് വരവുകളും | 41,087 | നീക്കിയിരിപ്പ് | 14,078 |
| ആകെ | 45,41,087 | ആകെ | 45,41,087 |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.52/22-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ചെലവ് വൗച്ചറുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം – അവലോകനം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 24 |
| സ്വന്തമായി കെട്ടിടമുള്ളവ | 12 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 |
| വാടകരഹിതമായി പ്രവർത്തിക്കുന്നവ | 2 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 24 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 24 |
| ചുറ്റുമതിൽ ഉള്ളവ | 11 |

എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. 16,18,19,23,24 എന്നീ നമ്പരുകളിലുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാദ്ധ്യതയുള്ളതായി ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥലം ലഭ്യമാക്കുന്നതിനും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. അങ്കണവാടികൾക്ക് അടിസ്ഥാന

പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 ക്ഷേമപെൻഷൻ വിതരണത്തിൽ ഗുരുതര വീഴ്ച; പൊതു ഖജനാവിന് നഷ്ടമായത് ലക്ഷങ്ങൾ

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം തദ്ദേശസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യണമെന്ന് കാണിച്ച് ജി.ഒ(എം.എസ്.)നം.97/2020/ധന തീ.23/09/2020 ഉൾപ്പടെ നിരവധി ഉത്തരവുകൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ നടപടിക്രമം യഥാവിധി പാലിക്കാത്തതിനാൽ അനർഹർ പെൻഷൻ തുക കൈപ്പറ്റുകയും സർക്കാർ ഖജനാവിന് വലിയ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 4/19 മുതൽ 12/22 വരെയുള്ള കാലയളവിലെ സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും നഗരസഭയിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുരുതരമായ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

### 1-38-1 മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്ഷേമപെൻഷൻ കൈമാറി- സർക്കാർ ഫണ്ടിന് നഷ്ടം 9.72 ലക്ഷം രൂപ

നഗരസഭയിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ 'ടി കാലയളവിൽ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ മരണപ്പെട്ടവരുടെ അവകാശികൾ തുക കൈപ്പറ്റുന്ന സാഹചര്യവും നിലനിൽക്കുന്നു. നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത ശേഷവും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തത് മൂലം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പേര് | പെൻഷൻഐ.ഡി | മരണപ്പെട്ട തീയതി | മരണശേഷം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ കൈമാറിയ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ജെമീല | 101780600646 | 16/01/20 | 2/20-6/22 | 44500 |
| 2 | അയ്യപ്പൻ റ്റി | 101780202370 | 08/01/20 | 2/20-6/20 | 44500 |
| 3 | ലക്ഷ്മിക്കുട്ടിയമ്മ | 101780200524 | 30/01/2020 | 2/20-6/22 | 45000 |
| 4 | സുലൈമാൻറാവുത്തർ | 101780200299 | 02/02/2020 | 3/20-6/22 | 43500 |
| 5 | സാമുവൽ യോഹന്നാൻ | 101780200301 | 25/01/2020 | 2/20-6/22 | 45000 |
| 6 | ജാനകിയമ്മ | 101780200036 | 01/02/2020 | 3/20-6/22 | 41900 |
| 7 | ജോൺ വർഗ്ഗീസ് | 101780201516 | 21/04/20 | 5/20-6/22 | 39300 |
| 8 | തങ്കപ്പൻ ആചാരി | 101780201554 | 04/03/2020 | 4/20-6/22 | 42000 |
| 9 | നാണു കെ.എസ്. | 101780200155 | 20/06/20 | 7/20-6/22 | 37500 |
| 10 | മീരാൻ റാവുത്തർ | 101780201547 | 16/08/20 | 9/20-6/22 | 34100 |
| 11 | വി.സുകുമാരൻ | 101780202318 | 26/08/20 | 9/20-6/22 | 34100 |
| 12 | രമണി | 101780201256 | 30/10/20 | 11/20-6/22 | 31100 |
| 13 | കുട്ടി | 101780100239 | 23/09/20 | 10/20-6/22 | 32600 |
| 14 | കമലാക്ഷി | 101780200282 | 28/08/20 | 9/20-6/22 | 34100 |
| 15 | ശാരദാമ്മ | 101780201100 | 18/09/20 | 10/20-6/22 | 32600 |

| | | | | | |
|---|---|---|---|---|---|
| 16 | പൊന്നമ്മ യോഹന്നാൻ | 101780200994 | 24/11/21 | 12/21-6/22 | 4200 |
| 17 | സാംകുട്ടി റ്റി | 101780201948 | 08/11/21 | 12/21-6/22 | 11200 |
| 18 | ലീല | 101780201918 | 15/10/21 | 12/21-6/22 | 11200 |
| 19 | ഗോപിനാഥ് | 101780201373 | 27/09/21 | 10/21-6/22 | 4200 |
| 20 | കെ.ജി.ചെറിയാൻ | 101780201284 | 23/09/21 | 10/21-6/22 | 14400 |
| 21 | സുകുമാരിയമ്മ | 101780600319 | 21/09/21 | 10/21-6/22 | 14400 |
| 22 | മുഹമ്മദാ ബീവി | 101780200829 | 18/08/21 | 9/21-6/22 | 16000 |
| 23 | ചെറിയാൻ വൈ | 101780200184 | 23/09/21 | 10/21-6/22 | 14400 |
| 24 | തങ്കമണി കെ | 101780500061 | 09/09/21 | 10/21-6/22 | 14400 |
| 25 | ഗോപി കെ. | 101780201960 | 15/07/2021 | 8/21-6/22 | 17600 |
| 26 | കുട്ടപ്പൻ നായർ | 101780201696 | 10/07/2021 | 8/21-6/22 | 17600 |
| 27 | കാളി | 101780200186 | 10/07/21 | 8/21-6/22 | 17600 |
| 28 | ജോളി ജോസ് | 101780202741 | 16/07/2021 | 8/21-6/22 | 17600 |
| 29 | പ്രഭാകരൻ | 101780200471 | 23/05/21 | 6/21-6/22 | 20800 |
| 30 | സദാനന്ദൻ ഇ.ജി. | 101780202542 | 08/05/21 | 6/21-6/22 | 20800 |
| 31 | വിശ്വനാഥൻ പിള്ള | 101780201205 | 19/05/21 | 6/21-6/22 | 20800 |
| 32 | രാമകൃഷ്ണൻചെട്ടിയാർ | 101780200410 | 26/03/21 | 4/21-6/22 | 24000 |
| 33 | തങ്കമ്മ | 101780200298 | 09/03/21 | 4/21-6/22 | 24000 |
| 34 | തങ്കമ്മ കരുണാകരൻ | 101780600389 | 25/02/21 | 3/21-6/22 | 25500 |
| 35 | മോഹനൻ നായർ ഡി | 101780201412 | 20/02/21 | 3/21-6/22 | 25500 |
| 36 | കെ.പി.ജോൺ | 101780200894 | 18/01/21 | 2/21-6/22 | 27000 |
| 37 | കെ.യോഹന്നാൻ | 101780202335 | 10/01/21 | 2/21-6/22 | 27000 |
| | | | | | 972000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (38/21.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധിച്ച് മരണപ്പെട്ട ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനും മരണ ശേഷം ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ പെൻഷൻ തുകയും അവരുടെ അനന്തരാവകാശികളിൽനിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടി ലേക്ക് ഒടുക്കുവാനും സത്വര നടപടി സ്വീകരി ക്കേണ്ടതും വിശദാംശംഓഡിറ്റിനെ അറിയിക്കേണ്ടതു മാണ്.

## 1-38-2 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടില്ല-സർക്കാരിനുണ്ടായ അധിക ബാധ്യത 21.44 ലക്ഷം രൂപ

നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് മൂലം 6/2022 വരെയുള്ള പെൻഷൻ തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ഡി.ബി.റ്റി. രേഖകൾ പരിശോധിച്ചതിൽ ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ ബാങ്കിന് ലഭിച്ച പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പെൻഷൻ തുക ലഭിച്ചത് ബാങ്ക് തടഞ്ഞുവച്ചിട്ടുമുണ്ട്. സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം(DTH) രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ഇക്കാര്യം ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. ബാങ്കുകളിൽ ശേഷിക്കുന്ന ക്ഷേമ പെൻഷൻ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി/ | മരണപ്പെട്ട തീയതി/ | പെൻഷൻ അക്കൗണ്ട് | തുക | ബാങ്ക് ഗുണഭോക്താവിന്റെ |
|---|---|---|---|---|---|---|

| | | രജിസ്ട്രേഷൻ നമ്പർ | രജിസ്ട്രേഷൻ നമ്പർ | സസ്പെൻഡ് ചെയ്യാത്തത് മൂലം ബാങ്കിന് പെൻഷൻ തുക കൈമാറാനിടയായ കാലയളവ് | | അക്കൗണ്ടിലേയ്ക്ക് തുക കൈമാറാത്തതിന്റെ കാരണം |
|---|---|---|---|---|---|---|
| 1 | ജനാർദ്ധനൻ | 101780201000 | 21/11/2019 470/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 2 | വെളുത്ത കുഞ്ഞ് | 101780200252 | 15/11/2019 467/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 3 | മോളി മാത്യു | 101780201601 | 15/11/2019 460/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 4 | യോഹന്നാൻ | 101780201428 | 12/11/2019 451/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 5 | കുട്ടിയമ്മ പാപ്പി | 101780201562 | 12/11/2019 447/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 6 | അബ്ദുൾ അസീസ് | 101780200627 | 25/10/2019 438/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 7 | കാർത്യായനി | 101780100058 | 23/10/2019 431/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 8 | അമ്മിണി ബേബി | 101780201839 | 422/2019 16/10/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 9 | സ്വർണ്ണമ്മ മാമ്മച്ചൻ | 101780202281 | 21/10/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 10 | സലോമി | 101780200171 | 07/10/2019 412/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |

| | | | | | | |
|---|---|---|---|---|---|---|
| 11 | മേരിക്കുട്ടി | 101780200428 | 08/09/2019 398/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 12 | വസുമതി | 101780600844 | 17/09/2019 386/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 13 | തങ്കമ്മ | 101780201754 | 02/09/2019 366/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 14 | കൊച്ചുചെറുക്കൻ | 101780100252 | 362/2019 28/08/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 15 | പൊന്നച്ചൻ കെ.ഇ | 101780201377 | 19/08/2019 360/2019 | 8/19-6/22 | 24100 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 16 | ഗോപിനാഥൻ ഉണ്ണിത്താൻ | 101780202248 | 21/08/2019 359/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 17 | ജനാർദ്ദനക്കുറുപ്പ് | 101780200289 | 08/09/2019 357/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 18 | കൃഷ്ണൻകുട്ടി എൻ | 101780202362 | 23/07/2019 329/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 19 | വർഗ്ഗീസ് ഡാനിയേൽ | 101780200730 | 10/07/2019 300/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 20 | അബ്ദുൾ ഖാദർ | 101780200608 | 19/07/2019 299/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (DTH) |
| 21 | ലക്ഷ്മിക്കുട്ടി | 101780200256 | 21/08/2019 281/2019 | 8/19-6/22 | 50200 | മസ്റ്ററിംഗ് പൂർത്തീകരി-ക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 22 | കൊച്ചിക്ക | 101780100213 | 84/2019 | 05/02/201912/18 -6/22 | 59400 | Deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12/18 മുതലുള്ള തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു. (DTH) |
| 23 | ഗീവർഗ്ഗീസ് | 101780200975 | 02/07/2019 279/2019 | 8/19-6/22 | 54000 | മസ്റ്ററിംഗ് പൂർത്തീകരി-ക്കാത്തതിനാൽ തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 24 | ഹനീഫ | 101780200888 | 06/01/2019 267/2019 | 12/18 -6/22 | 59400 | Deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12/18 മുതലുള്ള തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു. (DTH) |
| 25 | തങ്കമ്മ | 101780600407 | 266/2019 29/05/2019 | 6/19-6/22 | 52600 | 6/19, 7/19 മാസങ്ങളിലെ 2400 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരി ക്കാത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 26 | അന്നമ്മ മറിയാമ്മ | 101780500017 | 265/2019 14/06/2019 | 8/19-6/22 | 50200 | 7/19-ലെ തുക 1300 രൂപ ഗുണഭോക്താവ് കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു. മസ്റ്ററിംഗ് പൂർത്തീകരി ക്കാത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 27 | ഗ്രേസി | 101780600132 | 19/05/2019 246/2019 | 5/19-6/22 | 53800 | Deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 05/19മുതലുള്ള തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു. (DTH) |
| 28 | ലക്ഷ്മിക്കുട്ടി | 101780600057 | 11/06/2019 240/2019 | 5/19-6/22 | 53800 | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 5/19 മുതലുള്ള 53800 രൂപ ബാങ്കിൽ ശേഷിക്കുന്നു |
| 29 | റാഹേൽ | 101780100219 | 10/06/2019 239/2019 | 8/19-6/22 | 53800 | Door Closed എന്ന് രേഖപ്പെടുത്തി 5/19-7/19 വരെയുള്ള 3600 കൈമാറിയിരുന്നില്ല. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 8/19മുതലുള്ള തുക സഹകരണ ബാങ്ക് തടഞ്ഞുവെച്ചിരിക്കുന്നു (DTH) |
| 30 | തങ്കമ്മ | 101780600825 | 01/06/2019 235/2019 | 5/19-6/22 | 53800 | Deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 05/19 മുതലുള്ള തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു. (DTH) |
| 31 | ഭാർഗ്ഗവി | 101780100355 | 09/05/2019 194/2019 | 6/19-6/22 | 52600 | 6/19, 7/19 മാസങ്ങളിലെ 2400രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 8/19 മുതലുള്ള തുക തടഞ്ഞുവെച്ചിരിക്കുന്നു |
| 32 | ശാന്തമ്മ കെ | 101780200248 | 17/04/2019 160/2019 | 5/19-6/22 | 54100 | 5/19, 6/19, 7/19 മാസങ്ങളിലെ 4500രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ 8/19മുതലുള്ള തുക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തടഞ്ഞുവെച്ചിരിക്കുന്നു |
| 33 | ഗിവർഗ്ഗീസ് ഗീവർഗ്ഗീസ് | 101780400061 | 01/12/19 | 12/19-6/22 | 45400 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 34 | ഗൗരിയമ്മ | 101780600011 | 08/12/19 | 10/19-6/22 | 47800 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 35 | ഏലിയാമ്മ ബേബി | 101780201400 | 23/04/20 | 5/20-6/22 | 39300 | അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 36 | പത്മാക്ഷി | 101780100301 | 18/03/2020 | 4/20-6/22 | 40600 | അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 37 | മറിയാമ്മ | 101780202132 | 11/04/2020 | 5/20-6/22 | 40500 | അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 38 | ഹസനപ്പ റാവുത്തർ | 101780201922 | 27/10/20 | 11/20-6/22 | 31100 | അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 39 | പൊന്നപ്പൻ | 101780201654 | 22/07/20 | 8/20-6/22 | 35600 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 40 | ഭാർഗ്ഗവി | 101780201668 | 24/11/20 | 12/20-6/22 | 29600 | മസ്റ്ററിംഗ് പൂർത്തീകരിക്കാത്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 41 | അന്തർമാൻ | 101780201730 | 15/11/21 | 12/21-6/22 | 11200 | അക്കൗണ്ട് ക്ലോസ് ചെയ്യതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 42 | ദാമോധരൻ | 101780200808 | 30/11/21 | 11/21-6/22 | 12800 | DTH-deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു |
| 43 | വർഗ്ഗീസ് പാപ്പൻ | 101780202102 | 08/10/21 | 11/21-6/22 | 9600 | മസ്റ്ററിംഗ് പൂർത്തീകരി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്കാത്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 44 | വിശ്വനാഥൻ നായർ പി.ജി. | 101780201147 | 08/08/21 | 9/21-6/22 | 16000 | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 45 | തങ്കമണി | 101780202160 | 07/08/2021 | 9/21-6/22 | 16000 | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 46 | അമ്മിണി ജോൺ | 101780600905 | 30/07/2021 | 8/21-6/22 | 17600 | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 47 | രാമചന്ദ്രൻ | 101780100144 | 02/07/21 | 8/21-6/22 | 17600 | DTH-deceased എന്ന് ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക സഹകരണ ബാങ്കിൽ ശേഷിക്കുന്നു |
| 48 | തങ്കപ്പൻ നായർ | 101780200344 | 03/07/21 | 8/21-6/22 | 17600 | അക്കൗണ്ട് ബ്ലോക്ക് ചെയ്തതിനാൽ തുക ബാങ്കിൽ ശേഷിക്കുന്നു |
| 49 | ജാനകി | 101780100049 | 13/04/21 | 5/21-6/22 | 22400 | 5/21-8/21 വരെയുള്ള തുക ഗുണഭോക്താവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ ബാക്കി തുക ബാങ്കിൽ ശേഷിക്കുന്നു |
| 50 | ഭാർഗ്ഗവി | 101780201668 | 24/11/2020 | 12/20-6/22 | 30000 | മസ്റ്ററിംഗ് പൂർത്തീകരി ക്കാത്തതിനാൽ തുക കൈമാറിയിട്ടില്ല. ബാങ്കിൽ ശേഷിക്കുന്നു |
| | ആകെ തുക | | | | 2144300 | |

നിലവിൽ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് 'സേവന സിവിൽ രജിസ്ട്രേഷൻ' വെബ്സൈറ്റിൽ ലഭ്യമായ മരണ രജിസ്ട്രേഷൻ ഡാറ്റയുമായി താരതമ്യം ചെയ്ത് മരണപ്പെട്ട എല്ലാവരെയും ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത്തരത്തിൽ ബാങ്കുകളുടെ പക്കൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ

അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുവാൻ അതാതു ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-38-3 ഡയറക്ട് റ്റു ഹോം പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക സഹകരണബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു.

സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ 'ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ തുക കൈമാറിയിട്ടില്ല' എന്ന് ബാങ്ക് അധികൃതർ ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കളിൽ കൂടുതൽ പേരും ഡയറക്ട് റ്റു ഹോം രീതിയിലാണ് പെൻഷൻ വാങ്ങുന്നത് എന്നതിനാൽ ലക്ഷക്കണക്കിന് രൂപ സർക്കാർ ഫണ്ടിൽ നിന്നും സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് ഇടയായിട്ടുണ്ട്. സഹകരണ ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്നിരുന്നതും(DTH) മരണപ്പെട്ടതായി ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയിട്ടും യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതുമായ 113 ക്ഷേമ പെൻഷൻ അക്കൗണ്ടുകൾ ധനകാര്യ വകുപ്പിന്റെ കർശന നിർദ്ദേശത്തെ തുടർന്ന്, 18/06/2022-ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കിയെന്നത് ഉറപ്പുവരുത്തുന്നില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിലുണ്ടായ കാലതാമസം മൂലം സഹകരണ ബാങ്കുകൾക്ക് അധികമായി തുക കൈമാറിയതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | പെൻഷൻ ഐ.ഡി | ഗുണഭോക്താവ് മരണപ്പെട്ടതായി ഡി.ബി.റ്റിയിൽ രേഖപ്പെടുത്തിയ മാസം | പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്ത തീയതി | സഹകരണ ബാങ്കിലേയ്ക്ക് അധികമായി പെൻഷൻ തുക കൈമാറിയ കാലയളവ് | സഹകരണ ബാങ്കിൽ ശേഷിക്കുന്ന പെൻഷൻ തുക |
|---|---|---|---|---|---|---|
| 1 | പൊടിയൻ | 101780200270 | 5/2020 | 18/06/2022 | 5/20-5/22 | 37700 |
| 2 | ഗോപാലകൃഷ്ണ പിള്ള | 101780200259 | 5/20 | 18/06/22 | 5/20-5/22 | 37700 |
| 3 | ഭാസ്കരൻ പിള്ള | 101780200496 | 7/21 | 18/06/22 | 7/21-5/22 | 17600 |
| 4 | സുകുമാരൻ | 101780100199 | 5/20 | 18/06/22 | 5/20-5/22 | 37700 |
| 5 | ജാനകി കൊച്ചുകുഞ്ഞ് | 101780600049 | 8/19 | 18/06/22 | 8/10-6/22 | 51000 |
| 6 | സരോജിനി കെ. | 101780600164 | 10/19 | 18/06/22 | 10/19-5/22 | 46200 |
| 7 | ജോർജ് ഡി. | 101780200502 | 5/20 | 18/06/22 | 5/20-5/22 | 37700 |
| 8 | ജോർജ് എം.പി. | 101780201092 | 11/20 | 18/06/22 | 11/20-5/22 | 29700 |

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു (ജി.ഒ(എം.എസ്.)നം.97/2020/ധന തീ.23/09/2020). ഈ ഉത്തരവ് പാലിക്കപ്പെട്ടില്ല എന്നത് മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും വ്യക്തമാണ്. ഇത്തരത്തിൽ സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികളുണ്ടായിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38-4 വിവാഹമോചിതർക്കും വിധവ പെൻഷൻ

2020-21 വർഷം വിധവ പെൻഷൻ അനുവദിക്കുന്നതിനായി പരിഗണിച്ച അപേക്ഷകൾ പരിശോധിച്ചതിൽ നിയമപരമായി വിവാഹ മോചനം നേടിയവരുടെ അപേക്ഷ അംഗീകരിച്ച് വിധവ പെൻഷൻ അനുവദിച്ചതായി കണ്ടെത്തി. ധനകാര്യ വകുപ്പിന്റെ 11.12.19 -ലെ 97/2019/ധന നമ്പർ സർക്കുലറിലും സാമൂഹ്യ സുരക്ഷാ പെൻഷൻ

മാനദണ്ഡങ്ങൾ ക്രോഡീകരിച്ചിട്ടുള്ള 23/09/20 -ലെ സ.ഉ(എം.എസ്)97/2020/ധന ഉത്തരവിലും നിയമപരമായി വിവാഹ മോചനം നേടിയവർക്ക് വിധവ പെൻഷന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ അപേക്ഷ നം/തീയതി | പെൻഷൻ ഐ.ഡി | അനർഹമായി വിധവ പെൻഷൻ നൽകിയ കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഷീല ജോൺ | 1365189/17.02.21 | 101780601282 | 5/21-6/22 | 20800 | ഫാമിലി കോർട്ട്, മാവേലിക്കര-നിയമപരമായി വിവാഹ മോചനം നേടിയത് |
| 2 | ആശ എസ്. | 5026/2020-08/07/2020 | 101780601238 | 7/20-6/22 | 36700 | ഫാമിലി കോർട്ട്, പത്തനംതിട്ട നിയമപരമായി വിവാഹ മോചനം നേടിയത് |
| | | | | | 57500 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തുവെന്നും തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി രേഖകൾ സഹിതം വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38-5 അർഹരല്ലാത്തവർക്ക് വിധവ പെൻഷൻ അനുവദിച്ചു

ധനകാര്യ വകുപ്പിന്റെ 31/03/2020-ലെ 17/2020 സർക്കുലർ പ്രകാരം ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (Deserted) പുനർവിവാഹിതരല്ലാത്തതുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശിച്ച മാനദണ്ഡംപ്രകാരമുള്ള പ്രായത്തിന്റെ നിബന്ധന പാലിക്കാതെ വിധവ പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ നമ്പർ/തീയതി | പ്രായം | പെൻഷൻ ഐ.ഡി. | പെൻഷൻ അനുവദിച്ച് തുടങ്ങിയത് | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|---|---|
| 1 | അജിത റ്റി.എം | -8262/20-26/10/2020 | 41 | 101780601265 | 6/21 | 6/21-6/22 | 20800 |
| 2 | സുനിത എസ്.ആർ | G7-928/2021-30/01/2021 | 41 | 101780601278 | 6/21 | 6/21-6/22 | 20800 |
| 3 | നിസ | 11007/19-13/12/2019 | 39 | 101780601211 | 6/20 | 6/20-6/22 | 38000 |

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി, അർഹതയുള്ള

അപേക്ഷ കൗൺസിൽ അംഗീകരിച്ച്, സേവനയിൽ ഡേറ്റ എൻട്രി നടത്തി സെക്രട്ടറി ഡിജിറ്റലായി ഒപ്പ് വയ്ക്കുന്ന തീയതി മുതൽക്ക് മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. എന്നാൽ അപേക്ഷകൾ യഥാസമയം തുടർനടപടികൾ സ്വീകരിച്ച് തീർപ്പ് കൽപ്പിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി 2020-21 വർഷം ലഭിച്ച വാർദ്ധക്യകാല പെൻഷനുള്ള ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി 45 ദിവസമാണ്.

| ക്രമ നം | ഗുണഭോക്താവ് | പെൻഷൻ ഐ.ഡി | അപേക്ഷ തീയതി | പരിശോധന റിപ്പോർട്ട് നൽകിയ തീയതി | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീ-കരിച്ച തീയതി | പെൻഷൻ വിതരണം തുടങ്ങിയ മാസം | അപേക്ഷ തീർ-പ്പാക്കേ-ണ്ടിയിരുന്ന അവ-സാന തീയതി | കാല താമസം (മാസം) |
|---|---|---|---|---|---|---|---|---|
| 1 | വേണു | 101780202821 | 06/10/20 | 19/10/20 | 03/05/21 | 6/21 | 20/11/20 | 6 |
| 2 | തങ്കമണി | 101780202792 | 03/11/20 | 09/04/21 | 03/05/21 | 6/21 | 19/12/20 | 5 |
| 3 | പൊന്നമ്മ | 101780202795 | 14/11/20 | 09/04/21 | 03/05/21 | 6/21 | 29/12/20 | 5 |
| 4 | നജ്മുദീൻ | 101780202789 | 12/10/20 | 09/04/21 | 03/05/21 | 6/21 | 26/11/20 | 6 |
| 5 | വിൽസൺ | 101780202910 | 22/01/21 | 06/07/21 | 16/07/21 | 11/21 | 08/03/21 | 7 |
| 6 | തോമസ് നൈനാൻ | 101780202913 | 25/01/21 | 06/07/21 | 16/07/21 | 11/21 | 10/03/21 | 7 |
| 7 | ലളിത ബായി | 101780202912 | 12/01/21 | 13/07/21 | 16/07/21 | 11/21 | 26/02/21 | 8 |
| 8 | ശശിധരൻ പിള്ള | 101780202911 | 20/01/21 | 13/07/22 | 16/07/21 | 11/21 | 06/03/21 | 7 |
| 9 | വസന്ത കുമാരി | 101780202909 | 20/01/21 | 13/07/21 | 16/07/21 | 11/21 | 06/03/21 | 7 |
| 10 | വത്സമ്മ | 101780202907 | 17/01/21 | 06/07/21 | 16/07/21 | 11/21 | 02/03/21 | 7 |
| 11 | പൊന്നുമണി | 101780202906 | 19/01/21 | 06/07/21 | 16/07/21 | 11/21 | 04/03/21 | 7 |
| 12 | മേരി ജോസഫ് | 101780202905 | 18/01/21 | 24/08/21 | 06/10/21 | 11/21 | 03/03/21 | 7 |
| 13 | ബാബു ഡേവിഡ് | 101780202904 | 12/01/21 | 24/08/21 | 06/10/21 | 11/21 | 27/02/21 | |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നത് തുടർനടപടികൾക്കായി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 സർവ്വശിക്ഷാ അഭിയാൻ - വിദ്യാലയങ്ങൾക്ക് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനം തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്. സർക്കാർ എസ്.എസ്.എയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം പദ്ധതി രൂപീകരണത്തിനുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശഭരണസ്ഥാപനം വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ നഗരസഭ ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലല്ല പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിന് അയയ്ക്കുന്നത്. SSA യുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ എസ്എസ് എ യിൽ നിന്നും ലഭിക്കുന്ന വിവിധയിനം ചെലവുകളുടെ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തത്തിന്റെ അടിസ്ഥാനത്തിൽ വിഹിതം നൽകുക മാത്രമാണ് നഗരസഭ ചെയ്യുന്നത്. അതിനാൽ എസ്റ്റിമേറ്റിന്റെ കൃത്യത നഗരസഭ പരിശോധിക്കുന്നില്ല. 2020-21 സാമ്പത്തികവർഷം ജനറൽ വിഭാഗത്തിൽ 400000 രൂപയും എസ്.സിപി വിഭാഗത്തിൽ 300000 രൂപയും ഉൾപ്പെടെ 700000 രൂപ എസ്.എസ്.എ യ്ക്ക് നൽകിയിരുന്നു എന്നാൽ ഈ തുകയ്ക്ക് ആനുപാതികമായി ഭൗതികസൗകര്യങ്ങൾ നഗരസഭയുടെ വിദ്യാലയങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

സർക്കാർ മാർഗ്ഗരേഖപ്രകാരമുള്ള ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ചെലവഴിക്കുന്ന പദ്ധതിപ്പണത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 സാക്ഷരത - തുല്യത പഠനം-വിനിയോഗരേഖകൾ ഇല്ല

2020-21 സാമ്പത്തികവർഷം ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി സാക്ഷരതാപദ്ധതി-തുല്യതാപഠനം (പ്രോജക്ട്നമ്പർ 20/21) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 15 പഠിതാക്കളുടെ ഫീസിനത്തിൽ 33600 രൂപ വികസനഫണ്ട് പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽനമ്പർ/തീയതി |
|---|---|---|
| 20/21)<br>സാക്ഷരത പദ്ധതി – തുല്യത പഠനം | 33600 | 5/21 Dtd 24.03.2021 |

+2 വിഭാഗത്തിൽ 9 പഠിതാക്കളുടെ ഫീസായി 22500 രൂപയും (9x2500=22500) പത്താംതരം തുല്യതാവിഭാഗത്തിൽ 6 പഠിതാക്കളുടെ ഫീസായി 11100 (6x1850=11100) രൂപയും ഉൾപ്പെടെ 33600 രൂപയാണ് സാക്ഷകതാമിഷന് നൽകിയിട്ടുള്ളത്..എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നതിന് ഓഡിറ്റ്എൻക്വയറി (9/22 തീയതി 15.07.22) നൽകിയതിന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഹെഡ്മിസ്ട്രസ്സ് അറിയിച്ചിട്ടുണ്ട്. സാക്ഷരതാമിഷനിൽ നിന്ന് വിനിയോഗ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-42 സുഭിക്ഷകേരളം പദ്ധതി -ചെലവ് ശതമാനം കുറയുന്നു

സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സുഭിക്ഷകേരളം പദ്ധതി. 29.05.2020 ലെ സ.ഉ(സാധാ)നമ്പർ 1998/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പദ്ധതിനിർവഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2020-21 സാമ്പത്തികവർഷം കാർഷികമേഖലയിൽ സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി നഗരസഭ ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 328/21, സുഭിക്ഷകേരളം-തരിശുപച്ചക്കറിക്കൃഷി | 100000 | 9300 | 9 |
| 2 | 329/21, സുഭിക്ഷകേരളം-തരിശുവാഴക്കൃഷി | 199500 | 10200 | 5 |
| 3 | 330, സുഭിക്ഷകേരളം-തരിശുകിഴങ്ങുവർഗ്ഗക്കൃഷി | 60000 | 11280 | 18.8 |

നഗരസഭാ തനതുഫണ്ടിൽ നിന്നാണ് പദ്ധതിയ്ക്ക് തുക ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ വളരെ ചെറിയ ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സുഭിക്ഷകേരളം മാർഗ്ഗനിർദ്ദേശപ്രകാരം ആനുകൂല്യം രണ്ട് തവണകളായി നൽകാവുന്നതാണ്. ആദ്യതവണ പ്ളാന്റിംഗ് നടക്കുമ്പോഴും രണ്ടാംതവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും നൽകാവുന്നതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. പദ്ധതി ആനുകൂല്യം ഒറ്റത്തവണയായാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന സുഭിക്ഷകേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സുഭിക്ഷകേരളം പദ്ധതി സർക്കാർ മാർഗ്ഗരേഖപ്രകാരം ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-43 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- പാൽ, മുട്ട, മാംസം ഇവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പാക്കുന്നില്ല

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതായിരിക്കണം മൃഗസംരക്ഷ ണമേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യലക്ഷ്യം എന്ന് 13-ാം പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2020-21 സാമ്പത്തികവർഷം വെറ്റിനറി സർജൻ മുഖേന നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾ നടപ്പാക്കിയ ശേഷം ഭക്ഷ്യോത്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ് വിലയിരുത്തുന്നില്ല. തൻവർഷം നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | 35/2021<br>പാലുല്പാദനത്തിന് സബ്സിഡി | 60791 |
| 2 | 33/21, കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 751200 |
| 3 | 34/21, മുട്ടക്കോഴി വളർത്തൽ | 329450 |
| 4 | 103/21, കന്നുകുട്ടിവിതരണം | 128000 |

മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പാൽ, മുട്ട, മാംസം എന്നിയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രോജക്ടുകളാകണം വിഭാവനം ചെയ്യേണ്ടത് എന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പദ്ധതികൾ കൊണ്ട് ഇവയുടെ ഉല്പാദനം വർദ്ധിച്ചതായോ സ്വയംപര്യാപ്തത കൈവരിച്ചതായോ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21 Dtd 15.07.2022) മറുപടിയായി നിർവഹണോദ്യോഗസ്ഥ ലഭ്യമാക്കിയ വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ടിൽ പദ്ധതിക്ക് ചെലവഴിച്ച തുകയുടെ ഭൗതിക കണക്കുകൾ മാത്രമാണ് ലഭ്യമാക്കിയത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിമാർഗ്ഗനിർദ്ദേശപ്രകാരം മോണിട്ടറിംഗ് നടത്തി ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഭവനപുനരുദ്ധാരണം (എസ്സ് സി) - മുൻകൂർ നൽകി - പണി ആരംഭിച്ചില്ല

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രോജക്ടിൽ (പ്രോ.നം. 14/2021) ശശി കെ, ചരുവിള പുത്തൻ വീട്, വാർഡ് XIII എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂറായി 25000 രൂപ (വികസനഫണ്ട് (എസ്.സി.പി.) ബിൽ റഫറൻസ് നമ്പർ 20050347001201105664 തീയതി 18/02/2021) വികസനഫണ്ടിൽ (എസ്സ്.സി.പി.) നിന്നും സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാൻ പണികൾ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം5/12.07.2022) പണികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അടിയന്തിരമായി പണികൾ പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ മുൻകൂറായി നൽകിയ 25000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 ഭവനപുനരുദ്ധാരണം - ബില്ല് മാറിയെങ്കിലും തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രോജക്ടിൽ (പ്രോ.നം. 14/2021) അംബിക, കൊച്ചയ്യത്ത്,കണ്ണംകോട്, വാർഡ് XX എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂറായി 25000 രൂപ (വികസനഫണ്ട് (എസ്.സി.പി.) യിൽനിന്ന് ബിൽ റഫറൻസ് നമ്പർ 20050347001201105664 തീയതി 18/02/2021) വികസനഫണ്ട് (എസ്സ് സി പി)യിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുണ്ട്. UTR Acknowledgement പ്രകാരം ടി തുക ഗവണ്മെന്റ് അക്കൗണ്ടിലേക്ക് Return ചെയ്തതായാണ് കാണുന്നത്. എന്നാൽ ടി തുക നാളിതുവരെ സർക്കാരിൽ നിന്നും തിരികെ ഈടാക്കി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടില്ല. തുക തിരികെ ലഭ്യമാക്കി ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 സ്കോളർഷിപ്പ് തുക അധികനിരക്കിൽ നൽകി

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ (പ്രോ.നം.15/2021) വിദ്യാർത്ഥിക്ക് അധിക നിരക്കിൽ ധനസഹായം നൽകി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-47 ഗാർഹിക ഖരമാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പ്രോജക്ടുകൾ - അപാകതകൾ

ഗാർഹിക ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബയോബിൻ, ബയോഡൈജസ്റ്റർ പോട്ട് എന്നിവ സ്ഥാപിക്കുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഗുണഭോക്തൃവിഹിതം വകയിരുത്താതെയാണ് പ്രോജക്ടുകൾ നടപ്പിലാക്കിയത്. വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്തൃ വിഹിതം വകയിരുത്താതെ പ്രോജക്ടുകൾ നടപ്പിലാക്കി

ഗാർഹിക തലത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 3281/2018/തസ്വഭവ തീയതി 31.12.2018 പ്രകാരം യൂണിറ്റ് നിരക്കിന്റെ 90% മാത്രമേ സബ്സിഡി നൽകാൻ വ്യവസ്ഥയുള്ളൂ. 10% ഗുണഭോക്തൃ വിഹിതം വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കേണ്ടത്. എന്നാൽ ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ (ബയോ ഡൈജസ്ററർ പോട്ട് സ്ഥാപിക്കൽ- പ്രോ.നം.222/21, ബയോബിൻ സ്ഥാപിക്കൽ- പ്രോ.നം. 408/21) ഗുണഭോക്തൃ വിഹിതം വകയിരുത്താതെ 100% സബ്സിഡി നൽകിയാണ് പ്രോജക്ടുകൾ നടപ്പിലാക്കിയത്. വരും വർഷങ്ങളിൽ നിർബന്ധമായും ഗുണഭോക്തൃ വിഹിതം വകയിരുത്തി മാത്രം ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

ബി) വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ബയോബിന്നുകളും പോട്ടുകളും പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോ.നം. | പേര് | വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം | യൂണിറ്റ് നിരക്ക് | വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ എണ്ണം | വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വില |
|---|---|---|---|---|---|---|
| 1 | 222/21 | ബയോ ഡൈജസ്ററർ പോട്ട് സ്ഥാപിക്കൽ | 60 | 1550 | 32 | 49600 |
| 2 | 408/21 | ബയോബിൻ സ്ഥാപിക്കൽ | 45 | 2200 | 13 | 28600 |
| | ആകെ | | | | | 78200 |

തരണം ചെയ്യാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ നഗരസഭയുടെ പഴയ ലൈബ്രറി കെട്ടിടത്തിൽ കൂട്ടിയിരിക്കുന്നതായി കാണാൻ കഴിഞ്ഞു. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനു വിധേയമായി അവശേഷിക്കുന്ന പോട്ടുകളുടേയും ബിന്നുകളുടെയും വില 78200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 കിഫ്ബി നിർമ്മാണം ഏറ്റെടുത്ത മാർക്കറ്റ് നവീകരിക്കുന്നതിന് നഗരസഭ ഫണ്ട് ചെലവഴിച്ചു; 563602 രൂപ പാഴായി

കിഫ്ബി ഏറ്റെടുത്ത മാർക്കറ്റ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കാൻ നഗരസഭ 999000 രൂപ ചെലവഴിച്ചു (പ്രോജക്ട് നം.S0010/19 – അടങ്കൽ 1000000). തൊട്ടുപിന്നാലെ കിഫ്ബി പദ്ധതി നടപ്പാക്കാൻ വേണ്ടി നവീകരിച്ച നിർമ്മിതികളിൽ സിംഹഭാഗവും പൊളിച്ച് മാറ്റേണ്ടി വന്നതിനാൽ ചെലവഴിച്ച നഗരസഭ ഫണ്ടിൽ 563602 രൂപയും പാഴായി. അടൂർ ശ്രീമൂലം മാർക്കറ്റ് നവീകണത്തിനാണ് ഇപ്രകാരം ഫണ്ട് പാഴാക്കിയത്. 2018-19 സംസ്ഥാന ബഡ്ജറ്റിൽ ശ്രീമൂലം മാർക്കറ്റ് നവീകരണം കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു എന്ന് വ്യക്തമായിട്ടും, നഗരസഭ മാർക്കറ്റ് അറ്റകുറ്റപ്പണികൾക്ക് ലക്ഷങ്ങൾ ചെലവഴിച്ചതിൽ പൊതു താല്പര്യമില്ല.

നവീകരണ പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല. പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം അനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപ്പെടുത്തി വേണം കരാറുകാരന്റെ ബില്ല് തീർപ്പാക്കാൻ. ഇവിടെ ഈ ചട്ടം ലംഘിച്ചിരിക്കുകയാണ്. മാത്രമല്ല മാർക്കറ്റ് കിഫ്ബി ഏറ്റെടുത്തതോടെ അറ്റകുറ്റപ്പണിയുടെ ഭാഗമായുള്ള നിർമ്മാണങ്ങളിൽ ഏറിയ പങ്കം പൊളിച്ചുമാറ്റി. അതിനാൽ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ ശരിയാണെന്ന് സ്ഥലപരിശോധന നത്തി ഉറപ്പാക്കാനും കഴിയില്ല. എം.ബുക്കിൽ രേഖപ്പെടുത്തിയ അറ്റകുറ്റപ്പണികൾ യഥാർത്ഥത്തിൽ നടത്തിയിട്ടുണ്ടോ എന്നുപോലും

ഉറപ്പാക്കാനാവാത്ത ഗുരുതരസ്ഥിതിയാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യാത്തതിനാൽ അറ്റകുറ്റപ്പണികൾ ശരിയായ രീതിയിൽ നടത്തിയോ എന്ന് ആധികാരികമായി തെളിയിക്കാനാകാത്ത നിർമ്മിതികൾ പൊളിച്ചുമാറ്റുവാൻ 2021-22-ൽ നഗരസഭ ഒരു പ്രോജക്റ്റ് (S0284/22 – അടങ്കൽ 400000 രൂപ) നടപ്പാക്കി. കരാറുകാരൻ ശ്രീ റ്റി.പ്രകാശാണ് നിർമ്മിതികൾ പൊളിച്ചുമാറ്റിയത്. ഇതിന് 275672 രൂപയുടെ ബില്ല് തയ്യാറാക്കിയിട്ടുണ്ട്. പൊളിച്ചുമാറ്റുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് പറക്കോട് മാർക്കറ്റിൽ ഷെഡ് നിർമ്മിക്കുന്നതിനായിരുന്നു പ്രോജക്റ്റ് തയ്യാറാക്കിയത്. എന്നാൽ പിന്നീട് ഇത് കൈമലപ്പാറ ഖരമാലിന്യ പ്ലാന്റിൽ കൊണ്ടുപോയി സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ അറ്റകുറ്റപ്പണികൾക്ക് അനാവശ്യമായി പ്രോജക്റ്റുകൾ തയ്യാറാക്കി ലക്ഷങ്ങൾ പാഴാക്കുന്ന നഗരസഭ അറ്റകുറ്റപ്പണിയിലൂടെ സ്ഥാപിച്ച നിർമ്മിതികൾ പൊളിച്ചുമാറ്റുന്നതിനും ലക്ഷങ്ങൾ പാഴാക്കി. പൊതുപണം ചെലവഴിക്കുമ്പോൾ പുലർത്തേണ്ട ജാഗ്രതയിൽ നഗരസഭയ്ക്ക് വലിയ വീഴ്ചയുണ്ടായിരിക്കുന്നു.

മാർക്കറ്റ് നവീകരണം സർക്കാർ ഏറ്റെടുത്തുന്നു എന്ന് വ്യക്തമായി അറിവുണ്ടായിട്ടും അറ്റകുറ്റപ്പണിക്ക് ലക്ഷങ്ങൾ ചെലവഴിച്ചതും, അതുകൊണ്ട് പൊതുസമൂഹത്തിന് യാതൊരു പ്രയോജനവും ഉണ്ടാകാഞ്ഞതും നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമാണ്. നഷ്ടത്തിന് കൗൺസിലും, സെക്രട്ടറിയും, മുനിസിപ്പൽ എഞ്ചിനീയറും ഉത്തരവാദികളാണ്. നവീകരണ പ്രവൃത്തിക്ക് ചെലവഴിച്ച തുകയിൽ നഷ്ടമായതായി വ്യക്തമായ 563602 രൂപ ഇവരിൽനിന്നും തുല്യ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നവീകരണ പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല. പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം അനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപ്പെടുത്തി വേണം കരാറുകാരന്റെ ബില്ല് തീർപ്പാക്കാൻ. ഇവിടെ ഈ ചട്ടം ലംഘിച്ചിരിക്കുകയാണ്. മാത്രമല്ല മാർക്കറ്റ് കിഫ്ബി ഏറ്റെടുത്തതോടെ അറ്റകുറ്റപ്പണിയുടെ ഭാഗമായുള്ള നിർമ്മാണങ്ങളിൽ ഏറിയ പങ്കും പൊളിച്ചുമാറ്റി. അതിനാൽ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ ശരിയാണെന്ന് സ്ഥലപരിശോധന നത്തി ഉറപ്പാക്കാനും കഴിയില്ല. എം.ബുക്കിൽ രേഖപ്പെടുത്തിയ അറ്റകുറ്റപ്പണികൾ യഥാർത്ഥത്തിൽ നടത്തിയിട്ടുണ്ടോ എന്നുപോലും ഉറപ്പാക്കാനാവാത്ത ഗുരുതര സ്ഥിതിയാണ്.

മാർക്കറ്റ് നവീകരണം സർക്കാർ ഏറ്റെടുത്തുന്നു എന്ന് വ്യക്തമായി അറിവുണ്ടായിട്ടും അറ്റകുറ്റപ്പണിക്ക് ലക്ഷങ്ങൾ ചെലവഴിച്ചതും, അതുകൊണ്ട് പൊതുസമൂഹത്തിന് യാതൊരു പ്രയോജനവും ഉണ്ടാകാഞ്ഞതും നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമാണ്. നഷ്ടത്തിന് കൗൺസിലും, സെക്രട്ടറിയും, മുനിസിപ്പൽ എഞ്ചിനീയറും ഉത്തരവാദികളാണ്. നവീകരണ പ്രവൃത്തിക്ക് ചെലവഴിച്ച തുകയിൽ നഷ്ടമായതായി വ്യക്തമായ 563602 രൂപ ഇവരിൽനിന്നും തുല്യ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-49 സ്വച്ഛ ഭാരത് മിഷൻ പദ്ധതി - ചെലവഴിക്കാതെ തിരിച്ചടച്ചത് 54.35 ലക്ഷം രൂപ

നഗരസഭയിൽ സ്വച്ഛ ഭാരത് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ശുചിത്വമിഷനിൽ നിന്നും പദ്ധതി നടത്തിപ്പിനായി ഒന്നാം ഗഡുവായി 24.09.2019-ലെ 2641/ഡി1/2018 നമ്പർ നടപടിക്രമം പ്രകാരം 5836612രൂപ അനുവദിച്ചിരുന്നു.

രണ്ട് കോടി രൂപ അടങ്കൽ വകയിരുത്തിയ പദ്ധതി നടപ്പിലാക്കുന്നതിനായി സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേന ഡിപി ആർ (Detailed Project Report) തയ്യാറാക്കിയിരുന്നു. ഡി പിആർ പ്രകാരം ഗാർഹികതലം, സ്ഥാപനതലം , കമ്മ്യൂണിറ്റി തലം, അജൈവമാലിന്യ സംസ്കരണം എന്നിങ്ങനെ നാലു തലങ്ങളിലായി നടപ്പിലാക്കേണ്ട മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നു.

ഡി പി ആർ അനുസരിച്ച് പ്രോജക്റ്റുകൾ ആസൂത്രണം ചെയ്യുന്നതിനും നിർവഹണം നടത്തുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞില്ല.

ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ 29.06.21-ലെ 2061/പി.ഒ/ഡി.എസ്.എം. കത്ത് പ്രകാരം സ്വച്ച് ഭാരത് മിഷൻ(നഗരം)-2 പദ്ധതി ആരംഭിക്കുന്നതിനാലും 2021 ജൂലൈ 1 മുതൽ പി.എഫ്.എം.എസ്. സംവിധാനം നിലവിൽ വരുന്നതിനാലും ചെലവഴിക്കാതെ ശേഷിക്കുന്ന തുക പലിശ സഹിതം തിരികെ ഒടുക്കേണ്ടി വരുമെന്നതിനാൽ തുക ചെലവഴിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ വിവിധ വർഷങ്ങളിലായി പ്രോജക്റ്റുകളുടെ നിർവ്വഹണത്തിനായി ആകെ ചെലവഴിക്കാനായത് 401612 രൂപ മാത്രമാണ്. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാതെ ശേഷിച്ച 5435000 രൂപ 04.03.2022 തീയതിയിൽ ശുചിത്വ മിഷനിലേക്ക് തിരിച്ചടച്ചു.

1994ലെ കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 330, 331 പ്രകാരം നഗരസഭാ പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെടുന്നു. മുനിസിപ്പൽ

ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ 2000 പ്രകാരം ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. നഗരസഭയിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. എല്ലാ തലങ്ങളിലുമുണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജനത്തിനായി ബൃഹത്തായ ഡി പി ആർ തയ്യാറാക്കിയിരുന്നെങ്കിലും ലഭ്യമായ ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞില്ല.

ഖരമാലിന്യ സംസ്കരണ പ്രവർത്തനത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ടി വന്നത് ഭരണപരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-50 പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും, രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പശ്ചാത്തല മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു

പശ്ചാത്തല മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു. പ്രോജക്ടുകളുടെ ആധിക്യം പ്രവൃത്തികളുടെ ഗുണനിലവാരത്തെയും, നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2020-21 വാർഷിക പദ്ധതിയിൽ 311 മരാമത്ത് പ്രവൃത്തികളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ 141 എണ്ണം സ്പിൽ ഓവറും, 170 എണ്ണം പുതിയ പ്രോജക്ടുകളുമായിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ 15 എണ്ണവും, പുതിയ പ്രോജക്ടുകളിൽ 64 എണ്ണവും തൻവർഷം നടപ്പിലാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതാണ് പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണം. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പടെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിനാൽ ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കുന്ന പ്രവണത ഉണ്ട്. കൂടാതെ അത്യാവശ്യം നടപ്പിലാക്കേണ്ടതായ പ്രോജക്ടുകൾക്ക് ഫണ്ട് കണ്ടെത്തുന്നതിനും വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം തടസ്സമാകുന്നു (ഉദ: പാമ്പേറ്റുകളും സാംസ്കാരിക നിലയം നിർമ്മാണം). ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി മരാമത്ത് പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

(2) പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

മരാമത്ത് പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകാരുടെ കരാർ ലംഘനം വ്യാപകമാണ്. സമയബന്ധിതമായി പണി നടത്താതിരിക്കുക, അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തുക തുടങ്ങിയ ലംഘനങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കരാറുകാർ സമയബന്ധിതമായി പണി നടത്താത്തതിനാൽ നിരവധി പ്രോജക്ടുകളാണ് സ്പിൽ ഓവറാകുന്നത്. ഇതുമൂലം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് തടസ്സം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടു.

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരുടെ ജാമ്യം നിക്ഷേപം കണ്ടുകെട്ടുന്നതിനും, കരാർ റദ്ദ് ചെയ്ത് വീഴ്ചവരുത്തിയവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനും, വീഴ്ച വരുത്തിയ കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും കരാർ ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. എന്നാൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പരമാവധി 3 ശതമാനം വരെ പിഴ ഈടാക്കുന്നതൊഴിച്ചാൽ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് കർശന നടപടികളൊന്നും നഗരസഭയിൽ സ്വീകരിക്കുന്നില്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ കരാർ കാലാവധിയുടെ പകുതി മാത്രമായിരിക്കും. എന്നാൽ അനുവദനീയമായ പരമാവധി കാലയളവിനുള്ളിലും പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാർ വീഴ്ചവരുത്തുന്നുണ്ട്. ഇത്തരക്കാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് കണ്ടില്ല (അനുവദിനീയമായ പരമാവധി പ്രവൃത്തി ദീർഘീകരണ കാലയളവനുശേഷം പ്രവൃത്തി പൂർത്തിയാക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാരിൽനിന്നും പ്രതിവാരം 0.1% നിരക്കിൽ കരാർ തുകയുടെ 10% എന്ന പരിധിക്ക് വിധേയമായി ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം - PWD Manual Para 2116.1).

പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച നൽകുന്നത് ക്രമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല. കരാർ ദീർഘീകരണത്തിന് കരാറുകാർ അപേക്ഷ നൽകുകയോ, നിർവ്വഹണ കാലയളവ് അസി.എഞ്ചിനീയർ രേഖാമൂലം ദീർഘിപ്പിച്ച് നൽകുകയോ ചെയ്യുന്നില്ല. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ഒന്നു മുതൽ മൂന്നു ശതമാനം വരെ പിഴ ബില്ലിൽനിന്നും ഈടാക്കുക മാത്രമാണ് ചെയ്യുന്നത്. കരാർ കാലയളവ് നീട്ടി കൊടുക്കുമ്പോൾ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കുന്നില്ല.

(3) പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

ഓഡിറ്റ് വർഷം നടപ്പിലാക്കിയ ഭൂരിപക്ഷം പ്രവൃത്തികളും റിവൈസ് ചെയ്യപ്പെട്ടിട്ടുണ്ട്. ക്രമപ്രകാരമുള്ള നടപടി ക്രമങ്ങൾ

പാലിക്കാതെ കരാറുകാരുടെ സൗകര്യാർത്ഥമാണ് പലപ്പോഴും എസ്റ്റിമേറ്റുകൾ പുതുക്കി നൽകിയിട്ടുള്ളത്. കരാറുകാർക്ക് നഷ്ടം വരുന്ന ഇനങ്ങൾ ഒഴിവാക്കിയും, ലാഭകരമായ ഇനങ്ങളുടെ അളവുകൾ പെരിപ്പിച്ചും എസ്റ്റിമേറ്റുകൾ പുതുക്കി പ്രവൃത്തി നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി പ്രോജക്ട് നം.166/21 പ്രകാരമുള്ള നെല്ലിമൂട്ടിൽപടി കോട്ടമുകൾ KIP കനാൽ റോഡ് റീടാറിംഗ് പ്രവൃത്തിയുടെ കാര്യത്തിൽ ടാറിംഗ് നടത്തുന്ന ഏരിയ വലിയ തോതിൽ കുറവ് ചെയ്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഇല്ലാത്ത ഐറിഷ് ഡ്രെയിൻ ഉൾപ്പെടുത്തി പ്രവൃത്തി നടത്തി. അതുപോലെതന്നെ ഇല്ലത്ത് പടി - ഹോളി ഏഞ്ചൽസ് റീകോൺക്രീറ്റിംഗ് (76/21) പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ റീകോൺക്രീറ്റിംഗ് പൂർണ്ണമായും ഒഴിവാക്കി ഐറിഷ് ഡ്രെയിനിന്റെ അളവ് കൂട്ടി എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തി.

പ്രവൃത്തി പരിപൂർണ്ണമായി പൂർത്തിയായതിനുശേഷം സർക്കാരിൽനിന്നുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് മിക്ക എസ്റ്റിമേറ്റുകളും റിവൈസ് ചെയ്തത്. എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തിയിട്ടുള്ള സംഗതിയിൽ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കുന്നില്ല. ശരിയായ അന്വേഷണമോ സൈറ്റ് പരിശോധനയോ ഇല്ലാതെ തിടുക്കത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതായും വേണ്ടത്ര പരിശോധന കൂടാതെ സാങ്കേതിക അനുമതി നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റിൽ അളവുകൾ രേഖപ്പെടുത്തുമ്പോൾ അവയുടെ ചെയ്നേജ്/ലൊക്കേഷൻ എന്നിവ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നത് ക്രമപ്രകാരമല്ല. തീർത്തും ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാത്രം കാര്യകാരണ സഹിതമുള്ള റിപ്പോർട്ടോടുകൂടി ഭരണസമിതിയുടെ അംഗീകാരത്തോടെ സുതാര്യമായ രീതിയിൽ സാങ്കേതികാനുമതി ലഭ്യമാക്കിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണ്.

(4) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല

നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. ഓഡിറ്റ് കാലയളവിൽ കരാറുകാർക്കിടയിൽ അനാരോഗ്യകരമായ മത്സരം നിലനിന്നിരുന്നതായും അസാധാരണമാംവിധം കുറഞ്ഞ നിരക്കുകളിൽ (20% - 33% കുറവ്) കരാറുകാർ ടെണ്ടർ എറ്റെടുത്തിട്ടുള്ളതായും കണ്ടു. ആയത് അടങ്കലുകൾ പെരുപ്പിച്ച് തയ്യാറാക്കുന്നതുകൊണ്ടോ, അടങ്കലുകൾക്കനുസരിച്ച് കൃത്യമായി പണി ചെയ്യാത്തതിനാലോ ആകാനാണ് സാധ്യത. ഇത്തരത്തിൽ കുറഞ്ഞ നിരക്കുകളിൽ ടെണ്ടർ ഏറ്റെടുക്കുകയാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് ഉത്തര/ദക്ഷിണ/നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയോ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയോ രേഖാമൂലം അറിയിക്കണമെന്നും, ആയത് പ്രസ്തുത മേലുദ്യോഗസ്ഥർ മോണിട്ടർ ചെയ്യണമെന്നും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്നെങ്കിലും (04.10.18-ലെ ഡിബി6/10971/2013/സിഇ/തസ്വഭവ നമ്പർ സർക്കുലർ) പ്രസ്തുത നിർദ്ദേശം നഗരസഭയിൽ പാലിച്ചിട്ടില്ല. നഗരസഭയിൽ ഗുണനിലവാരം പുലർത്താതെയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്നും, പണി ഓവർസീയർമാർ കൃത്യമായി നിരീക്ഷിക്കുന്നില്ലെന്നും കൗൺസിൽ യോഗത്തിൽ (07.01.21-ലെ III നമ്പർ അജണ്ട) ആക്ഷേപം ഉയർന്നിട്ടുള്ളത് ഇതുമായി കൂട്ടിവായിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് ഇല്ലാത്തത് വലിയ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു.

## 1-51 പണിതിട്ടും പണിതിട്ടും പണിതീരാത്ത പാമ്പേറ്റുകളം സാംസ്കാരിക നിലയം - പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 1.02 കോടി രൂപ മുടങ്ങിക്കിടക്കുന്നു

നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം നിർമ്മാണം ആരംഭിച്ച സാംസ്കാരിക നിലയം കെട്ടിടത്തിന്റെ പണി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഉദ്ദേശ്യശുദ്ധിയും, ലക്ഷ്യ ബോധവുമില്ലാതെ വൻകിട പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് ഒരു ഉദാഹരണമാണ് ഈ പദ്ധതി. കെട്ടിട നിർമ്മാണം ഏറ്റെടുത്ത നടത്തിയ കരാറുകാർക്ക് പണം ലഭിച്ചതൊഴിച്ചാൽ ഈ പദ്ധതി കോണ്ട് പൊതു ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മൂന്ന് വ്യത്യസ്ത പ്രോജക്ടുകളിലായി ആകെ 10219484 രൂപ കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ ചെലവഴിച്ചു.

അടൂർ നഗരസഭയിലെ 18-ാം വാർഡിൽ പാമ്പേറ്റുകളത്തിനോട് ചേർന്ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് 9285 ച.അടി വിസ്തൃതിയുള്ള മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് സ്ട്രക്ചറൽ ഡിസൈനും പ്ലാനും തയ്യാറാക്കിയത്. നാല് വർഷം എടുത്താണ് ഗ്രൗണ്ട് ഫ്ലോറിന്റെയും, ഒന്നാം നിലയുടെയും നിർമ്മാണം ഭാഗീകമായി പൂർത്തിയാക്കിയിട്ടുള്ളത്. 5770 ച. അടി നിർമ്മാണമാണ് ഇതുവരെ പൂർത്തിയാക്കിയത്. ഒന്നാം നിലയുടെ മുൻഭാഗം കെട്ടി അടച്ചിട്ടില്ല. വയറിംഗ്, പ്ലംബിംഗ്, ടോയ്‌ലറ്റ് മുതലായ കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിനാവശ്യമായ അനുബന്ധ പണികളും പൂർത്തിയാക്കിയില്ല. നിർമ്മാണം പൂർത്തിയാക്കുന്നതിന് നഗരസഭ തുടർ പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടുമില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉപയോഗത്തിന് തുറന്ന് കൊടുക്കുന്നതിനാവശ്യമായ തുടർ പദ്ധതികൾ ആവിഷ്കരിക്കാതിരുന്നത് വീഴ്ചയാണ്.

സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ

ഡിസൈൻ തയ്യാറാക്കിയിട്ടുള്ളത് ഒരു വാണിജ്യ കെട്ടിടത്തിന്റെ മാതൃകയിലാണ്. കെട്ടിത്തിന്റെ ഗ്രൗണ്ട് ഫ്ലോർ വാണിജ്യാവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, ഒന്നാം നില സാംസ്കാരിക നിലയമെന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പൊതു ഖജനാവിൽനിന്നും ഒരു കോടിയിൽപ്പരം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പണി പൂർത്തിയാക്കി പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഉപയോഗപ്പെടുത്താതിരിക്കുന്നത് പദ്ധതിയ്ക്ക് ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉപയോഗ യോഗ്യമാക്കുന്നതിനുള്ള തുടർ പദ്ധതികൾ നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-52 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല

17.04.2020-ലെ സ.ഉ.(സാധാ.)നം.2816/2020/ധന നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്തെ ബിറ്റുമിന്റെ വിലയും പർച്ചേയ്സ് സമയത്തെ വിലയും തമ്മിലുള്ള വ്യത്യാസം കണക്കുകൂട്ടി കരാറുകാർക്ക് അനുവദിക്കുകയോ, തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും കരാറുകാർ പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വില വ്യത്യാസം ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ മുനിസിപ്പൽ ഫണ്ടിന് 58628 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-53 പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാർ തുക, സെക്യൂരിറ്റി, പെർഫോർമൻസ് ഗ്യാരന്റി | കരാറുകാരന്റെ പേര് | കരാർ നം., തീ. | പി.എ.സി. | പാർട്ട് ബിൽ തുക | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|---|---|---|
| 1 | 198/17-18 - അംബേദ്കർ കോളനി റോഡ്, ഭാരതിപ്പടി ഏലാ റോഡ്, പുത്തനവിളപ്പടി അജിഭവനം റോഡ് പുനരുദ്ധാരണം വാർഡ് - 9<br>സെക്യൂരിറ്റി - 50000<br>പി.ജി. - Nil | ശ്രീ കൃഷ്ണകുമാർ | 27/17-18 20.12.17 | 997272 | 321833 | 19.03.18 |
| 2 | 194/17-18 - രാജേഷ് ഭവൻ വള്ളിവിള പടി മന്നങ്കൽ പടി റോഡ് പുനരുദ്ധാരണം വാർഡ് 13<br>സെക്യൂരിറ്റി - 32200 (TSB 182831)<br>പി.ജി. - 81491 (SIB 7953) | ശ്രീ കൃഷ്ണകുമാർ | 18/17-18 27.11.17 | 803176 | 168001 | 26.02.18 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 113/18-19 - സൊസൈറ്റി പടി - പുതുശ്ശേരി റോഡ്, പാറയ്ക്കൽ റോഡ്, പുതുശ്ശേരി റോഡ് പുനരുദ്ധാരണം വാർഡ് 20 സെക്യൂരിറ്റി - 35000 (TSB 459145) 10000 (TSB 172175) പി.ജി. - Nil | ശ്രീ റേ തോമസ് സക്കറിയ | 93/18-19 03.12.18 | 760000 | 363561 | 02.03.19 |

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുന്നപക്ഷം നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ മുൻ കരാറുകാരന്റെ ബിൽ തുകയിൽനിന്നും, ജാമ്യനിക്ഷേപത്തിൽനിന്നും, സ്ഥാവര ജംഗമ സ്വത്തുകളിൽനിന്നും വസൂലാക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും, കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും വിലക്കേണ്ടതുമാണ് [ത.സ്വ.ഭ.(എ.സി.)വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.18-ലെ എ.സി.2/223/2015-തസ്വഭവ നമ്പർ സർക്കുലർ].

എഗ്രിമെന്റിലെയും, പി.ഡബ്ല്യു.ഡി. മാന്വലിലെയും വ്യവസ്ഥകൾക്ക് പുറമേ, സർക്കാരിന്റെ മേൽ പറഞ്ഞ പ്രകാരമുള്ള പ്രത്യേക നിർദ്ദേശവും ഉണ്ടായിട്ടും പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ച കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, അവരുടെ ജാമ്യനിക്ഷേപം/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി തുക കണ്ടുകെട്ടുകയോ ചെയ്തിട്ടില്ലെന്നാണ് കണ്ടത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/11.07.22) മുനിസിപ്പൽ എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ ജാമ്യനിക്ഷേപം/അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കണ്ടുകെട്ടേണ്ടതും, വീഴ്ചവരുത്തിയ കരാറുകാർക്കെതിരെ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-54 അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി - റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം, ചെയ്ത പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ചട്ടവിരുദ്ധമായി കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളതായി വർക്ക് ഫയലുകളുടെ പരിശോധനയിൽ കാണുന്നു. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2).

എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചാണ് കരാറുകാരൻ പ്രവൃത്തി നടത്തിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവ് | ട്രഷറി ബിൽ നം./തീ |
|---|---|---|---|
| 1 | ജനറൽ ആശുപത്രി ബ്ലഡ് ബാങ്ക് കെട്ടിടം നവീകരണം (S0311/21)<br>അടങ്കൽ - 500000<br>കരാറുകാരൻ - ശ്രീ എസ്. മുരളീധരൻ ആചാരി<br>എം.ബുക്ക് നം. 486/19-20 & 487/19-20 | 471251 | 74401/17.04.20 |

| | | | |
|---|---|---|---|
| 2 | അംബേദ്കർ ലക്ഷംവീട് കോളനി സംരക്ഷണഭിത്തി വാർഡ് - 3 (S0387/21)<br>അടങ്കൽ - 200000<br>കരാറുകാരൻ - ശ്രീ അജീഷ് എസ്.<br>എം.ബുക്ക് നം.529/19 | 199944 | 676784/30.10.20 |
| 3 | അടൂർ ജനറൽ ആശുപത്രിയിൽ ഓപ്പൺ ജിം നിർമ്മാണം (S0339/20)<br>അടങ്കൽ - 500000<br>കരാറുകാരൻ - ശ്രീ ഉണ്ണികൃഷ്ണൻ<br>എം.ബുക്ക് നം. 126/2021 | 499089 | 1265896/16.03.21 |
| 4 | ഗവ.എൽ.പി.എസ് അടൂർ, നവീകരണം (S0377/21)<br>അടങ്കൽ - 300000<br>കരാറുകാരൻ - ശ്രീ ജോൺസൺ പി.<br>എം.ബുക്ക് നം.537/19-20 | 261590 | 861227/24.12.20 |
| 5 | അങ്കണവാടികളുടെ നവീകരണം വാർഡ് 14 (S0315/21)<br>അടങ്കൽ - 700000<br>കരാറുകാരൻ - ശ്രീ ഭാസുരൻ<br>എം.ബുക്ക് നം. 489/19-20 | 646566 | 75321/17.04.20 |
| 6 | കുമ്പിളുംവിള കോളനി ഡ്രോയിൻ കലുങ്ക് വാർഡ് 4 (S0361/21)<br>അടങ്കൽ - 518814<br>കരാറുകാരൻ - ശ്രീ ജി. സുധിൻ<br>എം.ബുക്ക് നം. 514/19-20 | 518814 | 472420/25.08.20<br>472417/25.08.20 |
| 7 | പറക്കോട് വെൽഫെയർ എൽ.പി.എസ്. നവീകരണം (S0369/21)<br>അടങ്കൽ - 400000<br>കരാറുകാരൻ - ശ്രീ സോമരാജൻ ഡി.<br>എം.ബുക്ക് നം.519/19-20 | 330993 | 572002/29.09.20 |
| 8 | പറക്കോട് നോർത്ത് മാർക്കറ്റ് നവീകരണം (S0294/21)<br>അടങ്കൽ - 450000<br>കരാറുകാരൻ - ശ്രീ ഉണ്ണികൃഷ്ണൻ ജി.<br>എം.ബുക്ക് നം. 15/20 | 394804 | 716849/10.11.20<br>708370/11.04.20 |
| 9 | മണ്ണങ്കൽ കോളനി റോഡ് കലുങ്ക്, സൈഡ് വാൾ വാർഡ് 13 (S0239/21)<br>അടങ്കൽ - 400000<br>കരാറുകാരൻ - ശ്രീ റേ തോമസ്<br>എം.ബുക്ക് നം. 278/18 | 345915 | 22582/11.04.20 |

എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം പ്രവൃത്തിയുടെ മേൽനോട്ടചുമതലയുണ്ടായിരുന്ന ഓവർസീയർ/അസി.എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയോ, ആയത് പ്രകാരം മുൻകൂട്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഫൈനൽ അളവുകൾക്ക് അനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നമ്പരും, തീയതിയും രേഖപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണ/സാങ്കേതികാനുമതി വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയത് ക്രമവിരുദ്ധമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ അംഗീകരിക്കാനാവില്ല. തീർത്തും ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാത്രം കാര്യകാരണ സഹിതമുള്ള റിപ്പോർട്ടോടുകൂടി ഭരണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റവും സുതാര്യമായ രീതിയിൽ ടി.എസ്. അതോറിറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാവുന്നതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും/മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ തീർത്തും ഒഴിവാക്കേണ്ടതാണ്.

## 1-55 തെരുവ് വിളക്ക് പരിപാലനവും വാങ്ങലും – അപാകതകൾ

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവ് വിളക്ക് വാങ്ങുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി പ്രോജക്ട് നം.117/21 പ്രകാരം തനത് ഫണ്ടിൽനിന്നും 20 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീയസിൽനിന്ന് നേരിട്ടാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. അതുപോലെതന്നെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളും ടെണ്ടർ ചെയ്യാതെ ഇതേ സ്ഥാപനത്തിനാണ് ഏൽപ്പിച്ചത്. ഉപകരണങ്ങൾ വാങ്ങിയ ഇനത്തിലും, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിലും 1999961 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് /വിതരണം സുതാര്യമല്ല

പ്രോജക്ടിന്റെ ഭാഗമായി ചുവടെ ചേർക്കും പ്രകാരം 327889 രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽനിന്നും വാങ്ങി.

| ഇനം | എണ്ണം |
|---|---|
| 250w HPSV/MH CHOKE | 50 |
| SV HOLDER | 30 |
| 2.5 SQM ALUMINIUM WIRE 2 CORE | 2 |
| 26W TUBE | 2000 |
| ALUMINIUM WIRE 1.5 SQMM | 20 |
| ROTOR HOLDER SMALL | 990 |
| ELECTRONIC CHOKE 34/40 | 1000 |

വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിതരണം കാണിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. ചട്ടപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതല്ലാതെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വിശ്വസനീയമോ, ആധികാരികമോ അല്ല. സ്റ്റോക്കിൽനിന്നും ഉപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ ആർക്കുകൊടുത്തു എന്ന് രേഖപ്പെടുത്തുകയോ, കൈപ്പറ്റിയ ആൾ കൈയ്യൊപ്പ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മിക്ക സംഗതിയിലും സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്ത തീയതിയും കൃത്യമായി രേഖപ്പെടുത്തുന്നില്ല. അറ്റകുറ്റപ്പണികളുടെ ഭാഗമായി വാങ്ങിയ ട്യൂബ് ലൈറ്റുകളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ 02/11/20ൽ വാങ്ങിയ സ്റ്റോക്കിന്റെ സിംഹഭാഗവും അടുത്തടുത്തുള്ള തീയതികളിൽ വിതരണം ചെയ്തിട്ടുള്ളതായി കണ്ടു ( ഉദ: 03/11/20 – 360 Nos., 5/11/20 – 360 Nos., 09/11/20 – 390 Nos., 10/11/20 – 360, 12/11/20 – 360 Nos., 13/11/20 – 600 Nos.). പ്രതിദിനം 360 മുതൽ 600 വരെ എണ്ണം ട്യൂബ് ലൈറ്റുകൾ മാറ്റി സ്ഥിപാക്കുന്നതിന് വിതരണം ചെയ്തതായി കാണിച്ചിട്ടുള്ളത് വിശ്വസനീയമല്ല.

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും, ഫിസിക്കൽ സ്റ്റോക്കും ഉത്തരവാദപ്പെട്ടവർ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് അവയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധനങ്ങൾ നഗരസഭയുടെ സ്റ്റോക്കിൽ നിന്നും ഇഷ്യ ചെയ്യുന്നതിന് അനുസരിച്ച് കേടായ സാധനങ്ങൾ അതാത് ദിവസം നഗരസഭയിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസിബിളുകൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കുകയോ സാമ്പത്തിക വർഷാന്ത്യത്തിൽ ഇപ്രകാരമുള്ള Stock In Register-ഉം Stock Out Registger-ഉം റീക്കൺസൈൽ ചെയ്യുകയോ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാൽ നഗരസഭ വൻതുക മുടക്കി വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകാത്തവിധം കൈകാര്യം ചെയ്യപ്പെട്ടുവെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

( 2) ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കത്സിനെ പ്രവൃത്തി ഏൽപ്പിച്ചത് ക്രമപ്രകാരമല്ല

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ കരാറും ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കത്സിനെയാണ് ഏൽപ്പിച്ചത്. ഈ ഇനത്തിൽ 1672072 രൂപയാണ് ആകെ ചെലവ്.

അക്രഡിറ്റഡ് ഏജൻസി എന്ന നിലയിലാണ് ടെണ്ടർ കൂടാതെ നേരിട്ട് യുണൈറ്റഡ് ഇലക്ട്രിക്കത്സിന് തെരുവ് വിളക്കുളുടെ വാർഷിക മെയിന്റനൻസ് ഏൽപ്പിച്ചത്. ധനവകുപ്പിന്റെ 04.07.2019-ലെ ജി.ഒ.(പി.)നം.77/2019/ധന നമ്പർ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ (UEIL) പ്രവൃത്തി നടത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (PMC) പ്രവർത്തിക്കുന്നതിനാണ് UEIL-ന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. PMC-കൾക്ക് നേരിട്ട് പ്രവൃത്തി നിർവ്വഹിക്കാനാവില്ല.

പി.എം.സി., നോൺ പി.എം.സി. എന്നിങ്ങനെ രണ്ട് ഗണങ്ങളിലായാണ് സ്ഥാപനങ്ങൾക്ക് സർക്കാർ അക്രഡിറ്റേഷൻ നൽകുന്നത്. നോൺ പി.എം.സി. ഗണത്തിൽപ്പെട്ട അക്രഡിറ്റഡ് സ്ഥാപനങ്ങൾക്ക് മാത്രമാണ് ടെണ്ടർ കൂടാതെ നേരിട്ട്

പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അനുമതിയുള്ളത്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്നാൽ പ്രവൃത്തിയുടെ സാങ്കേതിക ആവശ്യകത, രൂപകൽപ്പനയുടെ മികവ്, നിരക്കുകളുടെ യുക്തിഭദ്രത, സാമഗ്രികളുടെ പര്യാപ്തത, ഘടനാപരമായ സ്ഥിരത എന്നിവയുടെ പാലനം ഉറപ്പാക്കുന്നതിനുവേണ്ടി നിയോഗിക്കുന്ന ഏജൻസി എന്നാണ് അർത്ഥമാക്കുന്നത്. ധനവകുപ്പിന്റെ 03.08.2018-ലെ ജി.ഒ.(പി)നം.118/2018/ധന നമ്പർ ഉത്തരവിൽ ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്.

PMC ആയി പ്രവൃത്തി നിർവ്വഹിക്കുന്ന അക്രഡിറ്റഡ് ഏജൻസിക്ക് ഇ-ടെണ്ടറിലൂടെ പ്രവൃത്തിയുടെ കരാർ നൽകേണ്ടതാണ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരനും PMC-യുമായാണ് കരാറിലേർപ്പെടേണ്ടത്. കരാറുകാരനുള്ള പ്രതിഫലവും PMC-യുടെ നിർദ്ദേശാനുസരണം സ്ഥാപനം നേരിട്ട് നൽകണം. PMC-യ്ക്ക് സെന്റേജ് ചാർജ്ജാണ് നൽകേണ്ടത്. ഇപ്രകാരമല്ലാതെ PMC തന്നെ കരാറുകാരനാകാൻ വ്യവസ്ഥയില്ല. പ്രവൃത്തി നിർവ്വഹണത്തിനായി പി.എം.സി-യെ തെരഞ്ഞെടുക്കേണ്ടതും സുതാര്യമായ ബിഡിംഗിലൂടെ ആയിരിക്കേണ്ടതാണ്. എന്നാൽ UEIL-നെ പിഎം.സി. ആയി തെരഞ്ഞെടുത്തത് ടെണ്ടർ നടപടിയിലൂടെയല്ല. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നേരിട്ട് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കുള്ള കരാർ നൽകിയത് ക്രമപ്രകാരമല്ല.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കാവുന്ന നിരക്കുകൾ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഏകപക്ഷീയമായി നിശ്ചയിച്ച നിരക്കിൽ അറ്റകുറ്റപ്പണികൾക്ക് എ.എം.സി. കരാർ നൽകുകയാണ് ഉണ്ടായത്. 28.10.20-ലെ 133/2020-21 നമ്പർ കരാർ ഉടമ്പടി പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് ചുവടെ ചേർക്കുന്ന നിരക്കിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ധാരണയുണ്ടായിരുന്നത്.

| | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| TUBE | 3700 | 175 | 647500 |
| HIGH MAST | 5 | 125000 | 625000 |
| SLV | 149 | 550 | 81950 |
| LED | 251 | 1250 | 313750 |
| Total | | | 1668200 |

കരാർ കാലയളവിനുള്ളിൽ തന്നെ മേൽപറഞ്ഞ എണ്ണം അറ്റകുറ്റപ്പണികൾ നടത്തിയതായി കാണിച്ച് സ്ഥാപനത്തിന് കരാർ തുക പൂർണ്ണമായും നൽകി. അറ്റകുറ്റപ്പണികൾക്ക് നൽകിയ നിരക്കിന്റെ യുക്തിഭദ്രത ഒരു ഘട്ടത്തിലും നഗരസഭ പരിഗണിച്ചതായി കണ്ടില്ല. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പരമാവധി ചെലവ് കുറച്ച് പ്രവൃത്തി നടത്തുന്നതിനു പകരം യാതൊരു മാനദണ്ഡവും ഇല്ലാതെ UEIL-നെ പ്രവൃത്തി ഏൽപ്പിക്കുകയും, അവർ ആവശ്യപ്പെട്ട നിരക്കിൽ പ്രതിഫലം നൽകുകയുമാണ് ഉണ്ടായത്. ഇതുമൂലം നഗരസഭയ്ക്ക് ധനനഷ്ടം ഉണ്ടായിട്ടുണ്ടെന്നത് സ്പഷ്ടമാണ്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 20/18.07.2021) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി മുനിസിപ്പൽ ഫണ്ടിന് നഷ്ടം വരുത്തിയതിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-56 കോവിഡ് 19 : മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നഗരസഭയുടെ തനത്ഫണ്ടിൽ നിന്നും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി ജീവനക്കാർക്ക് മുൻകൂർ തുക നൽകുകയുണ്ടായി. ജീവനക്കാർ മുൻകൂറുകൾ ക്രമീകരിച്ചതായി ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം./വൗച്ചർ നം. | തുക | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ പേര് | ക്രമീകരിച്ച തീയതി |
|---|---|---|---|---|
| 01 | H1-1007/20<br>52/03-20 | 10000 | കവിതാകുമാരി, JHI-II | 12-06-2020 |
| 02 | H1-1007/20<br>55/03-20 | 75000 | „ | 12-06-2020 |
| 03 | H2-1005/19<br>87/03-20 | 80000 | ഗീത സി., JHI-I | 12-06-2020 |

| | | | | |
|---|---|---|---|---|
| 04 | H1-1007/20 36/05-20 | 75000 | കെ. പുഷ്പകുമാർ, HI-II | 12-06-2020 |
| 05 | H2-2825/20 64/05-20 | 80000 | ഗീത സി., JHI-I | 12-06-2020 |
| 06 | H2-2825/20 81/06-20 | 80000 | " | 12-06-2020 |
| 07 | H1-1007/20 65/05-20 | 80000 | കെ. പുഷ്പകുമാർ, HI-II | 29-09-2020 |
| 08 | H2-2825/20 81/06-20 | 80000 | ഗീത സി., JHI-I | 24-08-2020 |
| 09 | H1-1007/20 46/07-20 | 50000 | കെ. പുഷ്പകുമാർ, HI-II | 29-09-2020 |
| 10 | H1-5319/20 62/05-20 | 250000 | വിനോദ് ജി.സൂപ്രണ്ട് | 18-08-2020 |
| 11 | H2-2825/20 13/08-20 | 80000 | ഗീത സി., JHI-I | 24-08-2020 |
| 12 | H1-1007/20 103/08-20 | 50000 | കവിതാകുമാരി, JHI-II | 03-11-2020 |
| 13 | H2-2825/20 26/09-20 | 80000 | ഗീത സി., JHI-I | ക്രമീകരിച്ചിട്ടില്ല |
| 14 | H1-1007/20 77/12-20 | 25000 | കവിതാകുമാരി, JHI-II | 07-06-2021 |
| | | 1095000 | | |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.47/21-07-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. വൗച്ചറുകളും രേഖകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച വൗച്ചറുകളും ഫയലുകളും അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-57 പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റിനായി മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോ.നം. 16/2021 പ്രകാരം പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും 385312 രൂപ (ബിൽ റഫറൻസ് നം.20050347000701270011 തീയതി 17/03/2021) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ 98000 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-58 ഹരിത കർമ്മസേനയുടെ പ്രവർത്തനം ഇല്ല – വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം നിലച്ചു

നഗരസഭാ പരിധിയിലെ എല്ലാ വീടുകളിൽനിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നുമുള്ള ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുകയാണ് ഹരിതകർമ്മ സേനകളുടെ പ്രവർത്തനം ലക്ഷ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ് . ഇതിനായി ഹരിത കർമ്മസേനകളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഹരിത കർമ്മ സേന മിനട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും നിലവിൽ(ഓഡിറ്റ് വേളയിൽ) ഹരിത കർമ്മ സേന പ്രവർത്തനം നടത്തുന്നില്ല എന്ന് കാണുന്നു. മാലിന്യ ശേഖരണത്തിനായി 56 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി 157560രൂപ (140310- പ്രോ.നം.221/21 ബിൽ നമ്പർ – 20050347001201402518/ 27/03/2021, 17250-പ്രോ.നം. 131/21 – ബിൽ നമ്പർ -20050347001201422065 / 29/03/2021) ഹരിതകർമ്മസേനാ കൺസോർഷ്യത്തിനു നൽകിയിട്ടുണ്ട്. എല്ലാ വാർഡുകളിലും ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തനം നടത്തുന്നില്ല.

മിനുട്സ് പരിശോധിച്ചതിൽ നിന്നും മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നതായി സേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മ സേന വീടുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ അനന്തരാമപുരം മാർക്കറ്റിലെ നഗരസഭയുടെ കെട്ടിടത്തിനു മുകളിലുള്ള മുറികളിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു.

ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് ഉപയോഗപ്രദമാക്കുന്നതിന് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നില്ല . ശേഖരിക്കുന്ന മാലിന്യം സൂക്ഷിക്കുന്നതിനുള്ള എം സി എഫ് സംവിധാനവും നിലവിൽ നഗരസഭയിൽ ഇല്ല. നിർമ്മാണം ആരംഭിച്ചെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തി മാലിന്യസംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-59 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-ബില്ലിൽ നിന്ന് GST-TDS കുറവ് ചെയ്തില്ല

വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം. 30/21) പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് 3,01,280 രൂപ (ബിൽ നം. 38/30.03.2021) ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോട്ടയ്ക്കൽ ടിമ്പേഴ്സ്, അടൂർ എന്ന സ്ഥാപനത്തിന്റെ 2690 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 112 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തു. 112 കട്ടിലുകൾ വാങ്ങിയതിന് സ്ഥാപനം സമർപ്പിച്ച ബില്ല് പ്രകാരം 3,01,280 രൂപ {2,55,323 + 45,957 (Gst)} അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-ലെ CGST, SGST ആക്ടുകളിലെ സെക്ഷൻ 51(1) പ്രകാരം, വിതരണത്തിന്റെ ആകെ മൂല്യം 2,50,000 രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ കരാറുകളിലെ ബില്ലുകളിൽ നിന്ന് ആകെ 2% തുക സ്രോതസ്സിൽ കുറവ് ചെയ്ത ശേഷം അവശേഷിക്കുന്ന തുകയാണ് സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ സ്രോതസ്സിൽ നിന്ന് തുക കുറവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. 2017-ലെ കേന്ദ്ര/സംസ്ഥാന ചരക്ക് സേവന നികുതി നിയമം സെക്ഷൻ 122(i)(v) പ്രകാരം, നിയമപരമായി TDS കിഴിവ് വരുത്തേണ്ട സന്ദർഭത്തിൽ കിഴിവ് വരുത്തേണ്ട ഉദ്യോഗസ്ഥൻ ആയത് കിഴിവ് വരുത്തി സർക്കാരിലേക്ക് ഒടുക്കാതിരുന്നാൽ, പിഴയായി 20,000 രൂപയോ നിയമപരമായി ഒടുക്കേണ്ട TDS തുകയോ ഇതിൽ ഏതാണോ കൂടുതൽ ആയത് പിഴയായി ഒടുക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/14.07.2022) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ 2017-ലെ കേന്ദ്ര/സംസ്ഥാന ചരക്ക് സേവന നികുതി നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-60 പ്രവർത്തനം ഇല്ലാത്ത പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ വൈദ്യുത ചാർജ് അടവാക്കുന്നു

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ളാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് ക്ളീൻ കേരള കമ്പിനിക്ക് കൈമാറുന്നതിനുവേണ്ടി സ്ഥാപിച്ച നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. എന്നാൽ നിലവിലും വൈദ്യുതി ചാർജ് അടവാക്കുന്നു. (കൺസ്യൂമർ നമ്പർ 1146099033194 ) 2022 ജൂൺ മാസത്തെ ബിൽ പ്രകാരമുള്ള കറന്റ് ചാർജ് 3478 രൂപയാണ്. മാസങ്ങളായി പ്രവർത്തിക്കാത്ത പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് അടവാക്കിയതു കാരണം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. കെട്ടിടത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ താത്കാലികമായി റദ്ദ് ചെയ്യുന്നതിനും പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മാത്രം വൈദ്യുതി ചാർജ് അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശ്രീമൂലം മാർക്കറ്റ് നവീകരണം പൂർത്തിയാക്കിയതിനു പിന്നാലെ നിർമ്മിതികൾ പൊളിച്ചു

നീക്കി; നഗരസഭാ ഫണ്ടിന് 563602 രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | S0010/19, S0247/20, S0232/21 |
| കരാറുകാരൻ | ശ്രീ ജോസ് മാത്യു, കല്ലുവിളപുത്തൻവീട് |
| അടങ്കൽ | 1000000 |
| എഗ്രിമെന്റ് നം. | 103/18-19, Dtd. 01/02/19 |
| പ്രവൃത്തി മൂല്യം | 999000 |
| എം.ബുക്ക് നം. | 481/19-20 |
| ട്രഷറി ബിൽ നം., തീ. | 708363/11/04/20 (499500) & 708365/ 11/04/2020 (499500) |

ബ്ല്യൂ റെവല്യൂഷൻ 2017-18 എന്ന പേരിൽ കിഫ്ബിയുടെ ധനസഹായത്തോടെ കേരള തീരദേശ വികസന കോർപ്പറേഷൻ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അടൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരവേ ഇതിന് സമാന്തരമായി മുനിസിപ്പിൽ ഫണ്ടിൽനിന്നും വൻ തുക മുടക്കി നിലവിലുള്ള നാശോന്മുഖമായ മാർക്കറ്റ് സ്റ്റാളുകൾ പുനർനിർമ്മിക്കുന്നതിന് നഗരസഭ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി. 2018-19-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം.S0010/19 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 1000000 രൂപ വകയിരുത്തിയാണ് മാർക്കറ്റ് സ്റ്റാളുകൾ പുനർനിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയത്. പ്രവൃത്തി പൂർത്തിയാക്കി ബില്ല് മാറിയതിന് പിന്നാലെ നിർമ്മാണങ്ങളിൽ ഏറിയ പങ്കം KIIFB പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊളിച്ചു മാറ്റേണ്ടതായി വന്നു. കിഫ്ബി ധനസഹായത്തോടെ മാർക്കറ്റ് സമുച്ചയ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും, മാർക്കറ്റ് സമുച്ചയം നിർമ്മിക്കുമ്പോൾ അതിനു തടസ്സമായി നിൽക്കുന്ന നാശോന്മുഖമായ മാർക്കറ്റ് സ്റ്റാളുകൾ പൊളിച്ചു നീക്കേണ്ടിവരുമെന്നും അറിയാമായിരുന്നിട്ടും അവയുടെ നവീകരണത്തിന് നഗരസഭ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഉണ്ടായത്.

അടൂർ ശ്രീമൂലം മാർക്കറ്റിൽ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി 22.06.16-ൽ ബഹു. മുനിസിപ്പൽ ചെയർപേഴ്സൺ അന്നത്തെ ഫിഷറീസ് വകുപ്പ് മന്ത്രിയ്ക്ക് നിവേദനം നൽകി. നിവേദനം പരിഗണിച്ച് നഗരസഭാ കൗൺസിൽ സ്ഥലം ലഭ്യമാക്കിയാൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കാമെന്ന് മന്ത്രി ഉറപ്പു നൽകിയിരുന്നു. ഇതനുസരിച്ച് 06.09.16-ലെ V-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷന് (KSCADC) അനുമതി നൽകി തീരുമാനിക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച കത്തുകൾ (26.10.16-ലെ ഇ1-6971/06) നഗരകാര്യ ഡയറക്ടർക്കും, ഫിഷറീസ് വകുപ്പ് സെക്രട്ടറിയ്ക്കും നഗരസഭയിൽ നിന്നും നൽകിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. തുടർന്ന് KSCADC നടപ്പിലാക്കുന്ന ബ്ലൂ റെവല്യൂഷൻ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി മാർക്കറ്റുകൾ നവീകരിക്കുന്നതിന് രേഖകൾ ലഭ്യമാക്കുന്നതിന് 25.02.2017-ൽ KSCADC മാനേജിംഗ് ഡയറക്ടർ നഗരസഭയ്ക്ക് കത്ത് നൽകുകയും ആവശ്യപ്പെട്ട രേഖകൾ നഗരസഭ ലഭ്യമാക്കുകയും ചെയ്തു. നിർമ്മാണ സ്ഥലത്ത് എന്തെങ്കിലും നിർമ്മിതികൾ ഉണ്ടെങ്കിൽ ആയത് നഗരസഭയുടെ ചെലവിൽ പൊളിച്ചു നീക്കി സ്ഥലം നിർമ്മാണ അനുയോജ്യമാക്കുമെന്നുള്ള കൗൺസിൽ തീരുമാനം ലഭ്യമാക്കണമെന്ന് ടി കത്തിൽ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നിർമ്മിതികൾ തടസ്സമായിട്ടുണ്ടെങ്കിൽ ആയത് പൊളിച്ചു നീക്കി സ്ഥലം നിർമ്മാണത്തിന് അനുയോജ്യമാക്കുന്നതാണെന്ന് 06.03.17-ലെ നഗരസഭാ കൗൺസിൽ തീരുമാനം (VIII) എടുത്ത് അറിയിച്ചിട്ടുള്ളതുമാണ്.

വൻ വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് ദീർഘ വീക്ഷണമില്ലാതെയാണ് നഗരസഭ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും, ലേഔട്ടും സംബന്ധിച്ചും, മാർക്കറ്റിലെ ഏതെല്ലാം നിർമ്മിതികൾ പ്രസ്തുത നിർമ്മാണത്തിന് തടസ്സമാകാൻ സാധ്യതയുണ്ടെന്നുമുള്ള പ്രാഥമികമായ ധാരണപോലും ഇല്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതുമൂലമാണ് നിർമ്മാണം പൂർത്തിയാക്കിയതിനു പിന്നാലെ അവ പൊളിച്ചുമാറ്റേണ്ടി വന്നത്.

നവീകരണ പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല. പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം അനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപ്പെടുത്തി വേണം കരാറുകാരന്റെ ബില്ല് തീർപ്പാക്കാൻ. ഇവിടെ ഈ ചട്ടം ലംഘിച്ചിരിക്കുകയാണ്. മാത്രമല്ല മാർക്കറ്റ് കിഫ്ബി ഏറ്റെടുത്തതോടെ അറ്റകുറ്റപ്പണിയുടെ ഭാഗമായുള്ള നിർമ്മാണങ്ങളിൽ ഏറിയ പങ്കം പൊളിച്ചുമാറ്റി. അതിനാൽ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ ശരിയാണെന്ന് സ്ഥലപരിശോധന നത്തി ഉറപ്പാക്കാനും കഴിയില്ല. എം.ബുക്കിൽ രേഖപ്പെടുത്തിയ അറ്റകുറ്റപ്പണികൾ യഥാർത്ഥത്തിൽ നടത്തിയിട്ടുണ്ടോ എന്നുപോലും ഉറപ്പാക്കാനാവാത്ത ഗുരുതര സ്ഥിതിയാണ്. അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യാത്തതിനാൽ അറ്റകുറ്റപ്പണികൾ ശരിയായ രീതിയിൽ നടത്തിയോ എന്ന് ആധികാരികമായി തെളിയിക്കാനാകാത്ത നിർമ്മിതികൾ

പൊളിച്ചുമാറ്റുവാൻ 2021-22-ൽ നഗരസഭ ഒരു പ്രോജക്ട് (S0284/22 – അടങ്കൽ 400000 രൂപ) നടപ്പാക്കി. കരാറുകാരൻ ശ്രീ റ്റി.പ്രകാശാണ് നിർമ്മിതികൾ പൊളിച്ചുമാറ്റിയത്. ഇതിന് 275672 രൂപയുടെ ബില്ല് തയ്യാറാക്കിയിട്ടുണ്ട്. പൊളിച്ചു മാറ്റുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് പറക്കോട് മാർക്കറ്റിൽ ഷഡ് നിർമ്മിക്കുന്നതിനായിരുന്നു പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ പിന്നീട് ഇത് കൈമലപ്പാറ ഖരമാലിന്യ പ്ലാന്റിൽ കൊണ്ടുപോയി സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ അറ്റകുറ്റപ്പണികൾക്ക് അനാവശ്യമായി പ്രോജക്ട് തയ്യാറാക്കി ലക്ഷങ്ങൾ പാഴാക്കിയ നഗരസഭ അറ്റകുറ്റപ്പണിയിലൂടെ സ്ഥാപിച്ച നിർമ്മിതികൾ പൊളിച്ചുമാറ്റുന്നതിനും ലക്ഷങ്ങൾ പാഴാക്കി. പൊതുപണം ചെലവഴിക്കുമ്പോൾ പുലർത്തേണ്ട ജാഗ്രതയിൽ നഗരസഭയ്ക്ക് വലിയ വീഴ്ചയുണ്ടായിരിക്കുന്നു.

പ്രോജക്ട് നം.S0010/19 പ്രകാരം 999000 രൂപ ചെലവഴിച്ച് നടത്തിയ നിർമ്മിതിയിൽ ചുവടെ ചേർക്കുന്ന നിർമ്മാണങ്ങളാണ് പൊളിച്ചു മാറ്റിയത്.

| ഇനം നം. | പ്രവൃത്തിയുടെ വിവരം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 2.1 | Engaging Fitter For Repairing/refixing | Day | 3 | 815.22 | 2445.66 |
| 2.2 | Engaging Man Coolie For Clearing The Site | Day | 3 | 616.01 | 1848.03 |
| 2.3 | Structural Steel Work Riveted, Bolted Or Welded In Built Up Sections........ | Kg. | 2513.67 | 97.50 | 245082.83 |
| 2.4 | Not Done | | | | 0 |
| 2.5 | Providing And Fixing Precoated Aluminium Powder Coated Sheet Roofing....... | $M^2$ | 61.700 | 663.66 | 40947.82 |
| 2.6 | Providing And Fixing Aluminium Powder Coated Profile Sheets........ | Sqm | 233.700 | 657.41 | 153636.72 |
| 2.7 To 2.11 | Not Done | | | | |
| 2.12 | Earth Work In Excavation By Mechanical Means/manual Means In Foundation Trenches Or Drains....... | Cum | 16.169 | 239.82 | 3877.65 |
| 2.13 | Providing And Laying In Position Cement Concrete Of Specified Grade ........ | Cum | 2.280 | 6453.91 | 14714.91 |
| 2.14 | Providing And Laying In Position Cement Concrete Of Specified Grade..... | Cum | 7.012 | 7900.59 | 55398.94 |
| 2.15 | Centering & Shuttering Including Strutting Etc. ...... | Sqm | 13.50 | 279.52 | 3773.52 |
| 2.16 To 2.17 | Not Done | | | | |
| 3.1 To 3.2 | Not Done | | | | |
| Extra Item 3 | Steel Reinforcement For RCC Work ........ | Kg. | 513.370 | 81.57 | 41875.59 |
| | Total | | | | 563601.67 |

ബ്ലൂ റെവല്യൂഷൻ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക മാർക്കറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ച സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് നഗരസഭ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മുനിസിപ്പൽ എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കി. ശ്രീമൂലം മാർക്കറ്റിലെ സ്റ്റാളുകൾ നിലവിൽ നശിച്ച് ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ ബഹു. കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആയത് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും, എന്നാൽ പിന്നീട് കിഫ്ബി ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്റ്റാളിന്റെ ഒരു ഭാഗം പൊളിച്ച് നീക്കിയിട്ടില്ലതെന്നും വിശദീകരിച്ചു. പൊളിച്ചുമാറ്റിയ കെട്ടിട ഭാഗം അതേപോലെ തന്നെ മാലിന്യ സംസ്കരണ പ്ലാന്റിൽ പുനസ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.

ശ്രീമൂലം മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷന് അനുമതി നൽകി തീരുമാനിക്കുകയും നിർമ്മാണ സ്ഥലത്ത് എന്തെങ്കിലും നിർമ്മിതികൾ ഉണ്ടെങ്കിൽ ആയത് നഗരസഭയുടെ

ചെലവിൽ പൊളിച്ച് നീക്കി സ്ഥലം നിർമ്മാണത്തിന് അനുയോജ്യമാക്കുന്നതാണെന്ന് 06.03.17-ലെ നഗരസഭാ കൗൺസിൽ തീരുമാനം എടുത്തതിനുശേഷം പ്രസ്തുത നിർമ്മാണത്തിന് തടസ്സമാകുന്ന രീതിയിൽ മാർക്കറ്റിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി പൊതു പണം പാഴാക്കിയത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയാണ്. 21.03.2018-ൽ കൂടിയ കൗൺസിൽ യോഗമാണ് മാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയ കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി, പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയ മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ഈ നഷ്ടത്തിന് ഉത്തരവാദികളാണ്. പൊതു ഖജനാവിനുണ്ടായ നഷ്ടം (₹563602) ഇവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല

17.04.2020-ലെ ജി.ഒ.(ആർ.ടി.)നം.2816/2020/Fin നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്തെ ബിറ്റുമിന്റെ വിലയും പർച്ചേയ്സ് സമയത്തെ വിലയും തമ്മിലുള്ള വ്യത്യാസം കണക്കുകൂട്ടി കരാറുകാർക്ക് അനുവദിക്കുകയോ, തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും കരാറുകാർ പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വില വ്യത്യാസം ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറുകേൽപടി മങ്ങാട്ടുപടി (സരോവരം ) റീടാറിംഗ് ഐറിഷ് വാർഡ് 17 – (S0132/21)

കരാറുകാരന്റെ പേര് - ശ്രീ ഉണ്ണികൃഷ്ണൻ ജി.

ടെണ്ടർ തീയതി - 24.06.20
അടങ്കൽ – 526033 (വികസന ഫണ്ട് – 123033, റോഡ് മെയിന്റനൻസ് ഗ്രാന്റ് – 403000)

കരാർ നം. - 86/2020-21, തീ. 24.09.20

ഫൈനൽ ബിൽ തുക – 508239/-

ബിൽ നമ്പർ - (1009379 & 1009378/29.01.21)
നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില
നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എൻജിനിയർ

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550513168/27.11.20 (BPCL) & 4210106587/27.11.20 (HINCOL)

| ഇനം | യൂണിറ്റ് | അടിസ്ഥാനനിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5059.08 | 32.43 | 1 Brl = 156 Kg. |
| RS-1 | Brl | 6848.2 | 34.24 | 1 Brl = 200 Kg. |

വില വ്യത്യാസംകരാറുകാരന് ആകെ അധികം നൽകിയ തുക - ₹8186

| ഇനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 1778.81 | 4.39 | 7808.98 |
| RS-1 | 168.75 | 2.23 | 376.65 |
| Total | | | 8185.63 |

2. പി.ജി.എം.ബി.എച്ച്.എസ്സ് - അംബീയിൽപടി റോഡ് റീടാറിംഗ് - വാർഡ് 15 (S0195/21)

കരാറുകാരന്റെ പേര് - ശ്രീ ഉണ്ണികൃഷ്ണൻ ജി.

ടെണ്ടർ തീയതി - 24.06.20
അടങ്കൽ തുക – 482253 (വികസന ഫണ്ട്)

കരാർ നം. - 85/2020-21, തീ. 24.09.20

ഫൈനൽ ബിൽ തുക, ബിൽ നമ്പർ - 482253/- (992989/26.01.21)

നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550513168/27.11.20 (BPCL) & 4210106587/27.11.20 (HINCOL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5059.08 | 32.43 | 1 Brl = 156 Kg. |
| RS-1 | Brl | 6848.2 | 34.24 | 1 Brl = 200 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 2614.44 | 4.39 | 11477.39 |
| RS-1 | 236.25 | 2.23 | 527.31 |
| Total | | | 12004.7 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹12005

3. കളീക്കൽപടി വാഴവിള റീടാറിംഗ് & റീകോൺക്രീറ്റിംഗ് ഐറിഷ് - വാർഡ് 16 (S0116/21)

കരാറുകാരന്റെ പേര് - ശ്രീ ഉണ്ണികൃഷ്ണൻ ജി.
ടെണ്ടർ തീയതി - 20.10.20
അടങ്കൽ തുക – 622000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 122000, റോഡ് മെയിന്റനൻസ് ഗ്രാന്റ് – 500000)

കരാർ നം. - 138/2020-21, തീ. 22/12/20
ഫൈനൽ ബിൽ തുക,
ബിൽ നമ്പർ - 621991/- (1197282/06.03.21 & 1197285/06.03.21)
നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - (4550520431/12.12.20 (BPCL) & 14210106983/12.12.20 (HINCOL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 5556.72 | 35.62 | 1 Brl = 156 Kg. |
| RS-1 | Brl | 6848.2 | 34.24 | 1 Brl = 200 Kg. |
| | Brl | 7337 | 36.69 | 1 Brl = 200 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് വില വ്യത്യാസം |
|---|---|---|---|
| VG30 | 3645.96 | 1.2 | 4375.15 |
| RS-1 | 202.47 | 2.23 | 451.51 |
| | 158.78 | -0.21 | -33.66 |
| Total | | | 4826.66 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹4827

4. തപസ്യപടി പള്ളിവടക്കേതിൽപടി A.R പടി റോഡ് പുനരുദ്ധാരണം വാർഡ് 20 – (S0348/21 )

കരാറുകാരന്റെ പേര് - ശ്രീ കെ.ജി. ബിജു

ടെണ്ടർ തീയതി - 27/11/19
അടങ്കൽ തുക – 888222 (റോഡ് മെയിന്റനൻസ് ഗ്രാന്റ്)

കരാർ നം. - 112/2019-20, തീ. 17/01/20

ഫൈനൽ ബിൽ തുക,

ബിൽ നമ്പർ - 860191/- (950148/15.01.21)

നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 39970.00 | 39.97 |
| RS-1 | Tonne | 38330.00 | 38.33 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

| ഇൻവോയ്സ് നം. & തീ. | ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|---|
| 4550441604/20.05.20 | VG30 | Brl | 4636.32 | 29.72 | 1 Brl = 156 Kg. |
| 4550435972/06.05.20 | VG30 | Brl | 4814.16 | 30.86 | 1 Brl = 156 Kg. |
| | RS-1 | Brl | 5833.1 | 32.05 | 1 Brl = 182 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 853.00 | 10.25 | 8743.25 |
| | 1764.73 | 9.11 | 16076.69 |
| RS-1 | 237 | 6.28 | 1488.36 |
| Total | | | 26308.3 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹26308

5. നെല്ലിമൂട്ടിൽപടി കോട്ടമുകൾ KIP കനാൽ റോഡ് റീടാറിംഗ് വാർഡ് 22 (S0166/21)

കരാറുകാരന്റെ പേര് - ശ്രീ ഉണ്ണികൃഷ്ണൻ ജി.

ടെണ്ടർ തീയതി - 19/08/20
അടങ്കൽ തുക – 1390816 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 890816, റോഡ് മെയിന്റനൻസ് ഗ്രാന്റ് – 500000)

കരാർ നം. - 89/2020-21, തീ. 25/09/20

ഫൈനൽ ബിൽ തുക,

ബിൽ നമ്പർ - 1390816/- (1308753/20.03.21 & 1308755/20.03.21)

നിർവ്വഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

ടെണ്ടർ നൽകിയ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 36820.00 | 36.82 |
| RS-1 | Tonne | 36473.00 | 36.47 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

| ഇൻവോയ്സ് നം. & തീ. | ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|---|
| 4550514651/30.11.20 (HPCL) | VG30 | Brl | 5059.08 | 32.43 | 1 Brl = 156 Kg. |
| 4550520431/12.12.20 | VG30 | Brl | 5556.72 | 35.62 | |

| | | | | | |
|---|---|---|---|---|---|
| (HPCL) | | | | | |
| 4550513233/27.11.20 (HPCL) | VG30 | Brl | 5059.08 | 32.43 | |
| 4550520912/14.12.20 (HPCL) | VG30 | Brl | 5556.72 | 35.62 | |
| 4210106588/27.11.20 (HINCOL) | RS-1 | Brl | 10882.78 | 59.8 | 1 Brl = 182 Kg. |
| 4210106587/27.11.20 (HINCOL) | RS-1 | Brl | 6848.2 | 37.63 | 1 Brl = 200 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 3202.00 | 4.39 | 14056.78 |
| | 566.00 | 1.2 | 679.2 |
| | 778.90 | 4.39 | 3419.37 |
| | 1716.00 | 1.2 | 2059.2 |
| RS-1 | 522.07 | -23.32 | -12175.97 |
| | 638.21 | -1.15 | -736.8 |
| Total | | | 7301.79 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹7302

സർക്കാർ ഉത്തരവ് പ്രകാരം മേൽ പറഞ്ഞ അഞ്ച് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ടാറിന്റെ വില വ്യത്യാസം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ 58628/- (8186+12005+4827+26308+7302) രൂപയുടെ നഷ്ടം മുനിസിപ്പൽ ഫണ്ടിനുണ്ടായിട്ടുണ്ട്.

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/19.07.2022) മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടിയിൽ ടാറിന്റെ വില വ്യത്യാസം കരാറുകാർക്ക് നൽകുന്നതിന്/തിരികെ പിടിക്കുന്നത് സംബന്ധിച്ച ഉത്തരവ് 30.04.2021-ലാണ് ധന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും (സ.ഉ.(സാധ.)നം.3815/21/ധന. നമ്പർ ഉത്തരവ്) അതിനാലാണ് 2021 മാർച്ചിനകം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലിൽനിന്നും വില വ്യത്യാസം ഈടാക്കിതിരുന്നതെന്നും വിശദീകരിച്ചു. എന്നാൽ ടാറിന്റെ വില വ്യത്യാസം കരാറുകാർക്ക് അനുവദിക്കുകയോ, തിരികെ പിടിക്കുകയോ ചെയ്യേണ്ടത് സംബന്ധിച്ച ഉത്തരവ് 17.04.2020-ൽ ജി.ഒ.(ആർ.ടി.)നം.2816/2020/ധന നമ്പർ പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ മുനിസിപ്പൽ എഞ്ചിനീയറുടെ വാദം അംഗീകരിക്കാനാവില്ല. ടാറിന്റെ വില വ്യത്യാസം ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കണം. അല്ലാത്തപക്ഷം ഈ ഇനത്തിൽ 58628 രൂപ മുനിസിപ്പൽ എഞ്ചിനീയറിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-3 അധികനിരക്കിൽ സ്കോളർഷിപ്പ് നൽകി

ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിൽ (പ്രോ.നം.15/2021) വിദ്യാർത്ഥിക്ക് അധിക നിരക്കിൽ ധനസഹായം നൽകി.

ശ്രീരാഗ് എസ്സ്, ചരുവിളയിൽ , XVIII - ാം വാർഡ്- എന്ന വിദ്യാർത്ഥി എൻ എസ്സ് എസ്സ് പോളി ടെക്നിക് കോളേജിൽ മെക്കാനിക്കൽ എൻജിനീയറിംഗ് കോഴ്സിൽ നാലാം സെമസ്റ്റർ വിദ്യാർത്ഥിയാണെന്നാണ് ടി സ്ഥാപനത്തിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പോളിടെക്നിക് വിദ്യാർത്ഥികൾക്ക് അർഹമായ ധനസഹായം 20000 രൂപ മാത്രമാണ്. എന്നാൽ ടിയാന് 25000 രൂപ (ബിൽ റഫറൻസ് നം.20050347001201024259 തീയതി 02/02/2021) വികസന ഫണ്ട്(എസ്സ് സി പി) യിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. അധികം നൽകിയ 5000 രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക വിദ്യാർത്ഥിയിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവ്യത്തി നടത്തിയതിന്റേയും ബാക്കി തുകയടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| KSEB | വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ വൈദ്യുതി കണക്ഷൻ | 08/15.07.2020 | 3071 | 3071 | 0 |
| | | 31/12.02.2021 | 12348 | 12348 | 0 |
| | | 32/12.02.2021 | 97,686 | 97,686 | 0 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 46/18.03.2021 | 1,99,290 | 1,99,290 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവ്യത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| പി.എം.എ.വൈ. ഭവന പദ്ധതി (KURDFC) | 1,06,93,333 | -- | 19,73,333 | -- | 87,20,000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 138337 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-31 | 4532 | പി.രാജു | 120140102054/01.07.2020 |
| 2018-19 | 1-13 | 18534 | പി.രാജു | 120140102055/01.07.2020 |
| 2018-19 | 1-13(6) | 25650 | പി.രാജു | 120140102105/01.07.2020 |
| 2018-19 | 1-31(13) | 9064 | പി.രാജു | 120140102106/01.07.2020 |
| 2018-19 | 1-31(22) | 6230 | പി.രാജു | 120140102107/01.07.2020 |
| 2018-19 | 1-13(9) | 18942 | പി.രാജു | 120140102108/02.07.2020 |
| 2018-19 | 1-13(2) | 11547 | പി.രാജു | 120140102109/02.07.2020 |
| 2018-19 | 1-13(1) | 8780 | പി.രാജു | 120140102110/02.07.2020 |
| 2010-11 | 5-6(4) | 13847 | എ.കെ.കൃഷ്ണൻകുട്ടി | 120140103703/09.09.2020 |
| 2010-11 | 5-6(4) | 13847 | റോഷൻ ജേക്കബ് | 120140106896/16.11.2020 |

| | | | | |
|---|---|---|---|---|
| 2017-18 | 3-27 | 7364 | സിബി ഡാനിയൽ | 120140105851/21.10.2020 |
| ആകെ | | 138337 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 4 (എ) | 2005-06 | 3.10.1 | ശീർഷകം തെറ്റി, പദ്ധതി വിഹിതം 24.6 ലക്ഷം നിയമവിരുദ്ധമായി ക്രമപ്പെടുത്തി | നിയമസാഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01, 2001-02 | | 2005-06 | 3.10.2 | മാർക്കറ്റ് സ്റ്റാൾ യാർഡ് നിർമ്മാണത്തിൽ അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2000-01, 2001-02 | | 2005-06 | 3.10.4 | റോഡ് പുനരുദ്ധാരണം, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്തി | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-2 (ബി) | 2006-07 | 4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്- സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 3-1. | 2010-11 | 5.2.17 | ഖരമാലിന്യ സംസ്കരണം - ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 3-3 | 2010-11 | 3.3 | നഗരസഭയിലെ CFL കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 289718794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 225805679 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 627230 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1198200 |

ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 563602 | ശ്രീ റഫീഖ് എം., അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ ദീപേഷ് ആർ.കെ., സെക്രട്ടറി |

| | | | |
|---|---|---|---|
| | | | ശ്രീമതി ഷൈനി ജോസ്, ചെയർപേഴ്സൺ<br>ശ്രീ ഉമ്മൻ തോമസ്, കൗൺസിലർ<br>ശ്രീ ജയകൃഷ്ണൻ എസ്., കൗൺസിലർ<br>ശ്രീ പ്രസാദ് ജി., കൗൺസിലർ<br>ശ്രീമതി ഷൈനി ബോബി, കൗൺസിലർ<br>ശ്രീ എൻ.ഡി. രാധാകൃഷ്ണൻ, കൗൺസിലർ<br>ശ്രീ മധു റ്റി., കൗൺസിലർ<br>ശ്രീ രാജി ചെറിയാൻ, കൗൺസിലർ<br>ശ്രീമതി ബിന്ദു കുമാരി ജി., കൗൺസിലർ<br>ശ്രീമതി മണിയമ്മ, കൗൺസിലർ<br>ശ്രീ. ശശികുമാർ, കൗൺസിലർ<br>ശ്രീമതി റീന സാമുവൽ, കൗൺസിലർ<br>ശ്രീമതി സിന്ദു തുളസീധരക്കുറുപ്പ്, കൗൺസിലർ<br>ശ്രീമതി അനിതകുമാരി, കൗൺസിലർ<br>ശ്രീ ബിനു, കൗൺസിലർ<br>ശ്രീ സലിം എം., കൗൺസിലർ<br>ശ്രീ അജി പി.വർഗ്ഗീസ്, കൗൺസിലർ<br>ശ്രീമതി മറിയാമ്മ ജേക്കബ്, കൗൺസിലർ<br>ശ്രീമതി മറിയാമ്മ ജേക്കബ്, കൗൺസിലർ<br>ശ്രീമതി മുംതാസ് എം., കൗൺസിലർ<br>ശ്രീ ആയൂബ് കുഴിവിള,കൗൺസിലർ<br>ശ്രീ ബിജു വർഗ്ഗീസ്സ്, കൗൺസിലർ<br>ശ്രീ താജുദ്ദീൻ എം., കൗൺസിലർ<br>ശ്രീമതി അന്നമ്മ എബ്രഹാം, കൗൺസിലർ<br>ശ്രീ പ്രശാന്ത് ചന്ദ്രൻപിള്ള, കൗൺസിലർ<br>ശ്രീമതി ഗീത തങ്കപ്പൻ, കൗൺസിലർ<br>ശ്രീമതി സൂസി ജോസഫ്, കൗൺസിലർ |
| 3-2 | | 58628 | ശ്രീ റഫീഖ് എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 5000 | ശ്രീ വിനോദ് എം പി , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-44 | 25000 | ശ്രീ വിനോദ് എം പി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I |
| 1-47(ബി) | 78200 | ശ്രീ വിനോദ് എം പി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I |
| 1-57 | 1095000 | ശ്രീ. ദീപേഷ് ആർ.കെ., സെക്രട്ടറി |
| ആകെ | 1198200 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങ ൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ വിനോദ് എം പി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ഗുരുവായൂർ നഗരസഭ | നിഷാ സദനം (മാത്തിലേത്ത് വീട്) ഐരവൺ പി.ഒ കോന്നി |
| ശ്രീ റഫീഖ് എം., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അടൂർ നഗരസഭ | ആഴാതി പുരയിടത്തിൽ ഏനാത്ത് പി.ഒ. പത്തനംതിട്ട |
| ശ്രീ ദീപേഷ് ആർ.കെ., സെക്രട്ടറി | സെക്രട്ടറി, ഹരിപ്പാട് നഗരസഭ | കളീയ്ക്കൽ വീട്, തെക്കുംഭാഗം ചവറ പി.ഒ., കൊല്ലം ജില്ല |
| ശ്രീമതി ഷൈനി ജോസ്, ചെയർപേഴ്സൺ | | പുതുവാക്കൽ പുത്തൻവീട് പന്നിവിഴ, അടൂർ പി.ഒ. പിൻ - 691523 |
| ശ്രീ ഉമ്മൻ തോമസ്, കൗൺസിലർ | | അറയ്ക്കൽ പറമ്പിൽ കരുവാറ്റ, അടൂർ പി.ഒ. പിൻ - 691523 |
| ശ്രീ ജയകൃഷ്ണൻ എസ്., കൗൺസിലർ | | ശ്രീവിലാസം, കരുവാറ്റ, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീ പ്രസാദ് ജി., കൗൺസിലർ | | കല്ലിരിക്കുംവിളയിൽ വീട്, പന്നിവിഴ, അടൂർ, ആനന്ദപ്പള്ളി പി.ഒ., പിൻ - 691523 |
| ശ്രീമതി ഷൈനി ബോബി, കൗൺസിലർ | | മുകളിൽ വടക്കേതിൽ, പന്നിവിഴ, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീ എൻ.ഡി. രാധാകൃഷ്ണൻ, കൗൺസിലർ | | സാഫല്യം, പന്നിവിഴ, ആനന്ദപ്പള്ളി പി.ഒ. |
| ശ്രീ മധു റ്റി., കൗൺസിലർ | | മധു നിവാസ്, അടൂർ, ആനന്ദപ്പള്ളി പി.ഒ. |
| ശ്രീ രാജി ചെറിയാൻ, കൗൺസിലർ | | ചെറിയാൻ സദനം, പന്നിവിഴ, ആനന്ദപ്പള്ളി പി.ഒ. അടൂർ |
| ശ്രീമതി ബിന്ദു കുമാരി ജി., കൗൺസിലർ | | കടംപ്ലാവിൽ പുത്തൻവീട്, പന്നിവിഴ, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി മണിയമ്മ, കൗൺസിലർ | | പറങ്കിമാംവിളയിൽ, പന്നിവഴ, ആനന്ദപ്പള്ളി പി.ഒ. |
| ശ്രീ. ശശികുമാർ, കൗൺസിലർ | | മുട്ടത്തയ്യത്ത്, അടൂർ, പറക്കോട് പി.ഒ. |
| ശ്രീമതി റീന സാമുവൽ, കൗൺസിലർ | | മാതിരംപള്ളിൽ, അടൂർ, പറക്കോട് പി.ഒ. |
| ശ്രീമതി സിന്ധു തുളസീധരക്കുറുപ്പ്, കൗൺസിലർ | | കോയിപ്പുറത്ത്, അടൂർ, പറക്കോട് പി.ഒ. |
| ശ്രീമതി അനിതകുമാരി, കൗൺസിലർ | | ഇളംപ്ലാവിൽ വടക്കേതിൽ, അടൂർ, പറക്കോട് പി.ഒ. |
| ശ്രീ ബിന്ദ, കൗൺസിലർ | | തേവലപ്പുറത്ത് കിഴക്കേതിൽ, അടൂർ, പറക്കോട് പി.ഒ. |
| ശ്രീ സലിം എം., കൗൺസിലർ | | ആഷിക് മൻസിൽ, അടൂർ, പറക്കോട് പി.ഒ. |
| ശ്രീ അജി പി.വർഗ്ഗീസ്, കൗൺസിലർ | | പാണ്ടിക്കുടിയിൽ തെക്കേപുത്തൻ വീട്, റ്റി.ബി. റോഡ്, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി മറിയാമ്മ ജേക്കബ്, കൗൺസിലർ | | മുല്ലംതാനത്ത് കിഴക്കേതിൽ പന്നിവിഴ, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി മുംതാസ് എം., കൗൺസിലർ | | ഹലിം മൻസിൽ, കണ്ണങ്കോട്, അടൂർ പി.ഒ., പിൻ - 691523 |

| | | |
|---|---|---|
| ശ്രീ ആയൂബ് കുഴിവിള,കൗൺസിലർ | | കുഴിവിളയിൽ, കണ്ണങ്കോട്, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീ ബിജു വർഗ്ഗീസ്സ്, കൗൺസിലർ | | ചിറ്റുണ്ടയിൽ ഡാനിയ<br>കണ്ണങ്കോട്, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീ താജുദ്ദീൻ എം., കൗൺസിലർ | | സക്കീർ ഹുസൈൻ നഗർ, ഹൗസ് നം.228,<br>കണ്ണങ്കോട്, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി അന്നമ്മ എബ്രഹാം, കൗൺസിലർ | | കൊന്നയിൽ ലിജൊ വില്ല<br>കരുവാറ്റ<br>അടൂർ പി.ഒ., പിൻ - 691523 |
| ശ്രീ പ്രശാന്ത് ചന്ദ്രൻപിള്ള, കൗൺസിലർ | | പ്രശാന്തി, മൂന്നാളം, അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി ഗീത തങ്കപ്പൻ, കൗൺസിലർ | | ചക്കാലവടക്കേതിൽ, കരുവാറ്റ,<br>അടൂർ പി.ഒ., പിൻ - 691523 |
| ശ്രീമതി സൂസി ജോസഫ്, കൗൺസിലർ | | കളത്തൂർ മേലേതിൽ,<br>കരുവാറ്റ, അടൂർ പി.ഒ.,<br>പിൻ - 691523 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97, തീയതി 12.10.1999 |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06, തീയതി 13.04.07 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99, തീയതി 12.01.99 |
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06, തീയതി 14.03.07 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000, തീയതി 02.11.2000 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06, തീയതി 31.12.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03, തീയതി 16.09.03 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06, തീയതി 31.12.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05, തീയതി 15.12.05 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04, തീയതി 14.12.05 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06, തീയതി 31.12.07/ 31.03.08 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08, തീയതി 31.07.09 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08, തീയതി 15.04.09/ 30.12.09 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08, തീയതി 30.01.09/ 30.10.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08, തീയതി 16.02.09/ 08.03.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10, തീയതി 14.03.11/ 09.06.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11, തീയതി 01.12.11/ 02.03.13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12, തീയതി 12.10.12/ 13.03.13 |

| | |
|---|---|
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12, തീയതി 01.11.2012 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13, തീയതി 08.04.14 |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2/357/2015, തീ. 08.12.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2/854/2016, തീ. 08.08.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി2/97/2017, തീ. 20.02.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീ. 12.12.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ./പി2/261/19, തീ. 03.06.2019 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി2/16/20, തീ. 12.03.2020 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ./പി2/767/21, തീ. 29.12.2021 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അടൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്